**പതിനാലാം കേരള നിയമസഭ**

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**89-ാമത് റിപ്പോർട്ട്**

**(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം കേരള നിയമസഭ

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## 89-ാമത് റിപ്പോർട്ട്

**കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ആഭ്യന്തരവും വിജിലൻസും വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.**

288/2021.

## ഉള്ളടക്കം

| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | | | |
| I. | പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 82 |
| II. | ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 98 |
| III. | എ. ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിൽ നിന്നുള്ള അനുബന്ധം | .. | 151 |

# പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. എസ്. ശിവകുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി.

# മുഖവുര

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2016 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ആഭ്യന്തരവും വിജിലൻസും വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിന്മേൽ തയ്യാറാക്കിയ സമിതി (2019-2021) യുടെ 89-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (ജനറൽ & സോഷ്യൽ സെക്ടർ) 2016 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 22-5-2017-ാം തീയതി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

2021 ജനുവരി മാസം 20-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 21.

# റിപ്പോർട്ട്

## ആഭ്യന്തരവും വിജിലൻസും വകുപ്പ്

നീതിനിർവ്വഹണ സംവിധാനത്തിൽ സർക്കാർ സംരംഭങ്ങളുടെ നടപ്പാക്കൽ

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.1-4.6.1 (ജനറൽ & സോഷ്യൽ സെക്ടർ)

**ആമുഖം (4.1)**

രാജ്യത്തെ നീതിനിർവ്വഹണ സംവിധാനം, വിവിധ തലത്തിന്റെയും അധികാര പരിധിയുടെയും അടിസ്ഥാനത്തിൽ വ്യത്യസ്ത അധികാരങ്ങളാൽ നിക്ഷിപ്തമായ പല തരം കോടതികൾ ഉൾപ്പെട്ടതാണ്. അവയുടെ അധികാരശ്രേണി ഇന്ത്യയുടെ സുപ്രീംകോടതി മുകളിലും അതിനു താഴെയായി അതാത് സംസ്ഥാനങ്ങളിലെ ഹൈക്കോടതികൾ, ജില്ലാ/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, സബ്കോടതികൾ, മുൻസിഫ്/ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ എന്നീ ക്രമത്തിലാണ്. 2016 ഡിസംബർ 31-ലെ കണക്കനുസരിച്ച് കേരളത്തിൽ 1.67 ലക്ഷം കേസ്സുകൾ ഹൈക്കോടതിയിലും 14.83 ലക്ഷം കേസ്സുകൾ ഉപകോടതികളിലും തീർപ്പാകാതെ അവശേഷിക്കുന്നു.

നീതിനിർവ്വഹണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ (ടി. എച്ച്. എഫ്. സി.) താഴെപ്പറയുന്ന ഒൻപത് സംരംഭങ്ങളിലേക്കായി ₹ 140.05 കോടി (2010-2011 മുതൽ 2014-2015 വരെ) വകയിരുത്തി.

1. പ്രഭാത/സായാഹ്ന കോടതികളുടെ പ്രവർത്തനം

2. ബദൽതർക്ക പരിഹാരകേന്ദ്രങ്ങളുടെ സ്ഥാപനവും മീഡിയേറ്റർ/ കൺസിലിയേറ്റർമാരുടെ പരിശീലനവും

3. ലോക് അദാലത്തുകൾക്കുള്ള സഹായം വർദ്ധിപ്പിക്കൽ

4. പാർശ്വവത്കരിക്കപ്പെട്ട ജനങ്ങൾക്കുള്ള നിയമസഹായം

5. ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം

6. സംസ്ഥാന ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കൽ

7. പബ്ലിക് പ്രൊസിക്യൂട്ടർമാരുടെ പരിശീലനം

8. കോർട്ട് മാനേജർമാരുടെ തസ്തിക സൃഷ്ടിക്കൽ

9. ഹെറിറ്റേജ് കോടതി കെട്ടിടങ്ങളുടെ പരിപാലനം

ഭാരത സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ₹ 26.68 കോടിയും ജില്ലാ കോടതികളുടെയും സബ്കോടതികളുടെയും കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ നിയമവ്യവഹാരത്തിൽ ഏർപ്പെടുന്നവർക്കും അഭിഭാഷകർക്കും ജുഡീഷ്യറിക്കും നിയുക്ത സേവനങ്ങൾ പ്രദാനം ചെയ്യുവാനുള്ള ഇ-കോടതികൾ പദ്ധതിയുടെ കീഴിൽ ₹6.41 കോടിയും അധികമായി നൽകി. കേരള ലീഗൽ സർവ്വീസസ് അതോറിറ്റി (കെൽസ) സമൂഹത്തിലെ പാവപ്പെട്ടവർ, അവശർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുക. ലോക് അദാലത്തുകൾ സംഘടിപ്പിക്കുക എന്നീ സംരംഭങ്ങൾ നടപ്പിലാക്കി.

**ഘടനാനില (4.2)**

ഹൈക്കോടതിയിലെ മുഖ്യഭരണകാര്യ ഉദ്യോഗസ്ഥൻ രജിസ്ട്രാർ ജനറലാണ്. ഹൈക്കോടതിയിൽ അദ്ദേഹം വഹിക്കുന്നത്, സംസ്ഥാന സർക്കാരിലെ ചീഫ് സെക്രട്ടറിക്ക് സമാനമായ സ്ഥാനമാണ്. കെൽസയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തുന്നത് നിയമ വകുപ്പാണ്. സംസ്ഥാനത്തിനുവേണ്ടി മജിസ്ട്രേറ്റ് കോടതികളുടെ മുമ്പാകെ കേസ് വിസ്താരത്തിന്റെ നടത്തിപ്പ് രൂപകല്പന ചെയ്യുന്നതും, വിവിധ മജിസ്ട്രേറ്റ് കോടതികളിൽ പ്രൊസിക്യൂഷന്റെ പ്രകടനത്തിന്റെ മേൽനോട്ടം നടത്തുന്നതും ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് പ്രൊസിക്യൂഷൻ (ഡി.ജി.പി.) ആണ്. കൂടാതെ 89 ജില്ലാ/അഡീഷണൽ കോടതികൾ, 18 ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, 98 മുൻസിഫ് കോടതികൾ, 118 പ്രത്യേക കോടതികൾ[1] എന്നിവയുടെ നിയമപരവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ നിരീക്ഷണം നടത്തുന്നത് ഹൈക്കോടതിയാണ്.

**ഓഡിറ്റ് ലക്ഷ്യങ്ങൾ (4.3)**

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത് താഴെപ്പറയുന്നവ നിർണ്ണയിക്കുവാനായിരുന്നു.

- ടി.എച്ച്.എഫ്.സി./ഭാരത സർക്കാർ/സംസ്ഥാന സർക്കാർ എന്നിവയുടെ സാമ്പത്തികസഹായത്തോടെ ആവിഷ്കരിച്ച സംരംഭങ്ങൾ ഫലപ്രദമായി ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്തുവോ;

1 പ്രത്യേക കോടതികളിൽ കുടുംബ കോടതികൾ, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ (എം.എ.സി.ടി.), സബ്കോടതികൾ, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക കോടതികൾ, ഹോണററി സ്പെഷ്യൽ മജിസ്ട്രേറ്റ് ഓഫ് സെക്കന്റ് ക്ലാസ് കോടതികൾ, സായാഹ്ന/പ്രഭാത/താത്കാലിക പ്രത്യേക കോടതികൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

- നീതിനിർവ്വഹണത്തിനായുള്ള അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ടി.എച്ച്.എഫ്.സി./ഭാരത സർക്കാർ/സംസ്ഥാന സർക്കാർ എന്നിവയിൽ നിന്നു ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കപ്പെട്ടോ;

- നീതി നടപ്പിലാക്കുവാൻ ആവശ്യമായ അടിസ്ഥാനസൗകര്യവും മനുഷ്യവിഭവ ശേഷിയും ലഭ്യമാക്കിയിരുന്നോ.

**ഓഡിറ്റ് മാനദണ്ഡങ്ങൾ (4.4)**

ഓഡിറ്റ് കണ്ടെത്തലുകൾക്ക് അടിസ്ഥാനമാക്കിയത് താഴെപ്പറയുന്നവയിൽ നിന്നുത്ഭവിച്ച മാനദണ്ഡങ്ങളെയായിരുന്നു.

- ടി.എച്ച്.എഫ്.സി., ഭാരത സർക്കാർ, സംസ്ഥാന സർക്കാർ എന്നിവ പുറപ്പെടുവിച്ച, പദ്ധതി നടപ്പിലാക്കുന്ന ഏജൻസികളുടെ പരിപ്രേക്ഷ്യ/വാർഷിക കർമ്മ പദ്ധതി ഉൾപ്പെട്ട മാർഗ്ഗരേഖകൾ

- സുപ്രീംകോടതിയും നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയും ആവിഷ്കരിച്ച മാനദണ്ഡങ്ങൾ

- സംസ്ഥാന സർക്കാരിന്റെ ഉത്തരവുകൾ സർക്കുലറുകൾ, ടി.എച്ച്.എഫ്.സി./ ഭാരത സർക്കാർ/സംസ്ഥാന സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിലെ പുരോഗതി വിലയിരുത്തുന്ന വിവിധ സമിതികളുടെ നടപടി ക്രമങ്ങൾ

**ഓഡിറ്റിന്റെ വ്യാപനവും പ്രവർത്തനരീതിയും (4.5)**

2010-2011 മുതൽ 2015-2016 വരെയുള്ള കാലയളവിൽ കേരളത്തിൽ നീതിനിർവ്വഹണ സംവിധാനത്തിലെ സർക്കാർ സംരംഭങ്ങളുടെ നടപ്പാക്കലിനെ ആസ്പദമാക്കി 2016 മേയ് മുതൽ ആഗസ്റ്റ് വരെ ഞങ്ങൾ നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റ് മുഖ്യമായും കേന്ദ്രീകരിച്ചത് നീതിനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി ടി.എച്ച്.എഫ്.സി. കേരളത്തിന് നൽകിയ ധനസഹായത്തിലാണ്. കൂടാതെ, ടി.എച്ച്.എഫ്.സി. ഫണ്ടുകൾ വകയിരുത്തിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പൂരകമാകും എന്ന കാരണത്താൽ, ഇ-കോടതികൾ സ്ഥാപിക്കുന്നതിനുവേണ്ടി ഭാരത സർക്കാരിൽ നിന്നു ലഭിച്ച ഗ്രാന്റുകളും, ജുഡീഷ്യറിക്കുവേണ്ടി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഭാരത/കേരള സർക്കാരിൽ നിന്നു ലഭിച്ച ഗ്രാന്റുകളും കാര്യക്ഷമമായി വിനിയോഗിച്ചോ എന്നും ഓഡിറ്റ് വിലയിരുത്തുകയുണ്ടായി.

സംസ്ഥാനത്തെ 14 ജില്ലകളിൽ നാലെണ്ണം ഓഡിറ്റിനായി തിരഞ്ഞെടുത്തു. ഹൈക്കോടതിയും പദ്ധതി നടപ്പിലാക്കുന്ന മറ്റു ഏജൻസികളായ കെൽസയുടെയും ഡി.ജി.പി.യുടെയും ആസ്ഥാനങ്ങളും സ്ഥിതിചെയ്യുന്ന എന്ന കാരണത്താൽ എറണാകുളം ജില്ലയെ നേരിട്ട് തിരഞ്ഞെടുത്തപ്പോൾ 2016 മാർച്ച് 31-ലെ[2] കണക്കനുസരിച്ച് തീർപ്പാക്കാത്ത കേസ്സുകളുടെ എണ്ണം (അനുബന്ധം III) മാനദണ്ഡമാക്കിക്കൊണ്ട് പ്രോബബിലിറ്റി പ്രപ്പോർഷണേറ്റ് ടു സൈസ് വിത്തൗട്ട് റീപ്ലേസ്മെന്റ് സാംപ്ലിഗ് രീതി ഉപയോഗിച്ച് തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളെ തെരഞ്ഞെടുത്തു.

ലാക്ഷണിക പരിശോധന നടന്ന ജില്ലകളിൽ, ഹൈക്കോടതിയിലെ രജിസ്ട്രാർ ജനറൽ, കെൽസ, ജില്ലാ നിയമസേവനസമിതി (ഡി.എൽ.എസ്.എ.), ഡി.ജി.പി. എന്നീ ഓഫീസുകളിലെയും കീഴ്കോടതികളിലെയും പ്രസക്തരേഖകൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഓഡിറ്റിന്റെ പ്രവർത്തനരീതിയിൽ ഫയലുകൾ/രേഖകൾ എന്നിവയുടെ സൂക്ഷ്മ പരിശോധനയിലൂടെ തെളിവ് ശേഖരിക്കൽ, ഓഡിറ്റ് ചോദ്യങ്ങൾ/ചോദ്യാവലികൾ നൽകുക, ചോദ്യാവലിക്കുള്ള മറുപടികളുടെ കൃത്യത പരിശോധിക്കുവാനുള്ള ഭൗതിക പരിശോധന എന്നിവ ഉൾപ്പെട്ടിരുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം, വിജിലൻസ് വകുപ്പ്), രജിസ്ട്രാർ ജനറൽ ഹൈക്കോടതി, ആഭ്യന്തര, നിയമ വകുപ്പുകളിലെ മറ്റ് ഓഫീസർമാർ എന്നിവരുമായുള്ള പ്രാരംഭകൂടിക്കാഴ്ച 2016 മേയ് 20-ന് നടന്നു. അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും വകുപ്പ്), രജിസ്ട്രാർ ജനറൽ ഹൈക്കോടതി, ആഭ്യന്തര നിയമ വകുപ്പുകളിലെ മറ്റ് ഓഫീസർമാർ എന്നിവരുമായി 2016 ഡിസംബർ 14-ന് നടന്ന സമാപനകൂടിക്കാഴ്ചയിൽ ഓഡിറ്റ് കണ്ടെത്തലുകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

**ഓഡിറ്റ് കണ്ടെത്തലുകൾ (4.6)**

ടി.എച്ച്.എഫ്.സി. സംസ്ഥാനത്തിനുവേണ്ടി 2010-2011 മുതൽ 2014-2015 വരെ വകയിരുത്തിയ ₹140.05 കോടിയുടെ ധനസഹായം രജിസ്ട്രാർ ജനറൽ ഹൈക്കോടതി, കെൽസ, ഡി.ജി.പി. എന്നീ ഓഫീസുകളിലായി വീതിക്കപ്പെട്ടു.

ടി.എച്ച്.എഫ്.സി. ധനസഹായത്തിന്റെ ഘടകം തിരിച്ചുള്ള വിതരണവും വിനിയോഗവും താഴെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു. ടി.എച്ച്.എഫ്.സി.-യിൽ നിന്നും ലഭിച്ച ഗ്രാന്റിന് അനുബന്ധമായി ഭാരത സർക്കാർ/സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച മറ്റു ധനസഹായത്തിന്റെ വിശദാംശങ്ങൾ പ്രസക്ത ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

2 നാഷണൽ ജ്യുഡീഷ്യൽ ഡാറ്റാ ഗ്രിഡിൽ നിന്നു ലഭിച്ച തീർപ്പാക്കാത്ത കേസ്സുകളുടെ വിശദാംശങ്ങൾ

## ടി.എച്ച്.എഫ്.സി. ഗ്രാന്റിന്റെ ഘടകം തിരിച്ചുള്ള വിതരണം/വിനിയോഗം 2010-2011 മുതൽ 2015-2016 വരെ

(₹ കോടിയിൽ)

| ക്രമ നമ്പർ | ഘടകത്തിന്റെ പേര് | നടപ്പിലാക്കുന്ന ഏജൻസി | ടി. എച്ച്. എഫ്. സി. വകയിരുത്തിയത് | ഭാരത സർക്കാർ നൽകിയത് | വിനിയോഗം |
|---|---|---|---|---|---|
| 1 | പ്രഭാത/സായാഹ്ന കോടതികൾ | ഹൈക്കോടതി | 67.42 | 20.23 | 12.95 |
| 2 | ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പരിശീലനം | | 6.74 | 2.69 | 6.24* |
| 3 | സംസ്ഥാന ജുഡീഷ്യൽ അക്കാദമി | | 15.00 | 4.50 | 14.55* |
| 4 | കോർട്ട് മാനേജർമാർ | | 7.61 | 2.28 | 3.60* |
| 5 | പൈതൃക കോടതി കെട്ടിടങ്ങൾ | | 12.13 | 3.64 | 2.94 |
| 6 | ബദൽ തർക്കപരിഹാര കേന്ദ്രങ്ങൾ | കെൽസ | 19.02 | 5.71 | 7.21* |
| 7 | ലോക് അദാലത്ത് | | 1.80 | 0.81 | 1.98* |
| 8 | നിയമസഹായം | | 6.29 | 1.62 | 1.65* |
| 9 | പബ്ലിക് പ്രൊസിക്യൂട്ടർമാർക്കുള്ള പരിശീലനം | ഡി.ജി.പി | 4.04 | 1.61 | 3.73* |
| ആകെ | | | 140.05 | 43.09 | 54.85 |

*വിനിയോഗിക്കപ്പെട്ട അധിക തുക കേരള സർക്കാർ തനതുഫണ്ടുകളിൽ നിന്നു കണ്ടെത്തി

(അവലംബം: ടി.എച്ച്.എഫ്.സി. ശിപാർശ, ഭാരത സർക്കാർ ഉത്തരവുകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ)

## കേരള സർക്കാരിന് ₹ 96.96 കോടിയുടെ ടി.എച്ച്.എഫ്.സി. ധനസഹായം പ്രയോജനപ്പെടുത്താനായില്ല (4.6.1)

പട്ടികയിൽ കാണുന്നതുപോലെ നീതിനിർവ്വഹണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ടി.എച്ച്.എഫ്.സി. വകയിരുത്തിയ ₹ 140.05 കോടിക്കെതിരെ സംസ്ഥാന സർക്കാരിന് ₹ 43.09 കോടി മാത്രമാണ് പ്രയോജനപ്പെടുത്താനായത്. സംസ്ഥാന സർക്കാരിന് വേണ്ടി വകയിരുത്തിയ ₹ 140.05 കോടി 2010-2011 മുതൽ 2014-2015 വരെ, ഓരോ വർഷവും രണ്ട് വിഹിതങ്ങളായി അഞ്ച് തുല്യഗഡുക്കളായി വിതരണം ചെയ്യണമെന്നാണ് ടി.എച്ച്.എഫ്.സി. മാർഗ്ഗരേഖകൾ അനുശാസിച്ചത്. ഭാരത സർക്കാർ ₹28.01 കോടിയുടെ ആദ്യഗഡു (2010-2011) പൂർണ്ണമായി നൽകി. രണ്ടാമത്തെ ഗഡു ലഭിക്കുന്നതിനുവേണ്ടി ടി.എച്ച്.എഫ്.സി. മാർഗ്ഗരേഖ പ്രകാരം, സംസ്ഥാനം സംസ്ഥാന നിയമവ്യവഹാരനയം (എസ്.എൽ.പി.)[3] രൂപീകരിക്കേണ്ടതും ആദ്യഗഡുവിന്റെ 50 ശതമാനം വിനിയോഗിക്കേണ്ടതുമുണ്ടായിരുന്നു. 2011 മാർച്ചോടുകൂടി രൂപീകരിക്കേണ്ടിയിരുന്ന എസ്.എൽ.പി. 2011 ഡിസംബറിൽ മാത്രമാണ് രൂപീകരിച്ചത്. എസ്.എൽ.പി. രൂപീകരിക്കുന്നതിനുണ്ടായ ഒൻപത് മാസങ്ങളുടെ കാലതാമസവും ആദ്യഗഡുവിന്റെ 50 ശതമാനം വിനിയോഗിക്കുന്നതിലുണ്ടായ പരാജയവും കാരണം 2011 ജൂണിൽ ലഭിക്കേണ്ടിയിരുന്ന രണ്ടാമത്തെ ഗഡുവിന്റെ ആദ്യവിഹിതമായ ₹ 14.01 കോടി 2010 ജനുവരിയിലാണ് ലഭിച്ചത്. 2011-12-ൽ ലഭിക്കേണ്ടിയിരുന്ന രണ്ടാം വിഹിതമായ 14 കോടിയിൽ, ജുഡീഷ്യൽ ഓഫീസർമാരുടെയും പബ്ലിക് പ്രൊസിക്യൂട്ടർമാരുടെയും പരിശീലനം എന്നീ രണ്ട് ഘടകങ്ങൾക്കുവേണ്ടി ₹ 1.07 കോടി മാത്രം സംസ്ഥാനത്തിന് 2013-2014-ൽ വൈകി ലഭിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്ക് ലഭ്യമായ ഗ്രാന്റിന്റെ ഉദ്ദേശിച്ച തരത്തിലുള്ള വിനിയോഗം സമയബന്ധിതമായി സാക്ഷാത്കരിക്കാൻ സാധിക്കാത്തതിനാൽ ഭാരത സർക്കാർ കൂടുതൽ ഗഡുക്കൾ നൽകിയില്ല. സംസ്ഥാനത്തിന് ടി.എച്ച്.എഫ്.സി. ധനസഹായമായ ₹96.96 കോടി താഴെക്കാണിച്ചിരിക്കും വിധം നഷ്ടപ്പെടേണ്ടി വന്നു.

3 സംസ്ഥാന നിയമവ്യവഹാര നയം ലക്ഷ്യമിട്ടത്, കോടതികളിൽ സർക്കാരിന്റെ നിയമവ്യവഹാരം കുറയ്ക്കുക, കേസ്സുകൾ തീർപ്പാകാതെ കിടക്കുന്ന ശരാശരി സമയം 15 വർഷങ്ങളിൽ നിന്നു മൂന്നു വർഷങ്ങളായി കുറയ്ക്കുക, നിയമവ്യവഹാരം സംയുക്തമായി ഏകോപിപ്പിച്ച്, സമയബന്ധിതമായി കൈകാര്യം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക, ഗുണകരമായ കേസ്സുകൾ ജയിക്കുകയും സാധ്യതയില്ലാത്ത കേസ്സുകൾ അനാവശ്യമായി നീട്ടിക്കൊണ്ടുപോകാതിരിക്കുകയും ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടെ, ഉത്തരവാദപ്പെട്ട നിയമവ്യവഹാരം നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുവാനാണ്.

## ടി.എച്ച്.എഫ്.സി. വകയിരുത്തലും നൽകലും വിനിയോഗവും

(₹ കോടിയിൽ)

| വർഷം | ഭാരത സർക്കാർ വകയിരുത്തിയത് | ഭാരത സർക്കാർ നൽകിയത് | വിനിയോഗം | വിനിയോഗത്തിലുള്ള പുരോഗതി | ലഭ്യമാകാത്ത തുക |
|---|---|---|---|---|---|
| 2010-11 | 28.01 | 28.01 | 0.00 | 0.00 | 0.00 |
| 2011-12 | 28.01 | 14.01 | 2.11 | 2.11 | 14.00 |
| 2012-13 | 28.01 | 0.00 | 6.32 | 8.43 | 28.01 |
| 2013-14 | 28.01 | 1.07 | 13.81 | 22.24 | 26.94 |
| 2014-15 | 28.01 | 0.00 | 16.35 | 38.59 | 28.01 |
| 2015-16 | 0.00 | 0.00 | 16.26 | 54.85 | 0.00 |
| ആകെ | 140.05 | 43.09 | 54.85 | | 96.96 |

(അവലംബം:ടി.എച്ച്.എഫ്.സി. ശിപാർശകൾ ഭാരത സർക്കാർ ഉത്തരവുകൾ, നടപ്പിലാക്കുന്ന ഏജൻസികൾ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ)

- കേരള സർക്കാരിന് ടി.എച്ച്.എഫ്.സി. വകയിരുത്തിയ ₹ 140.05 കോടിയിൽ ₹ 96.96 കോടിയുടെ ധനസഹായം ലഭ്യമാക്കാൻ സാധിച്ചില്ല.
- ടി.എച്ച്.എഫ്.സി. കാലാവധി അവസാനിക്കുമ്പോൾ (2015 മാർച്ച്), ലഭ്യമായ ₹ 43.09 കോടിക്കെതിരെ വിനിയോഗം ₹ 38.59 കോടി മാത്രമായിരുന്നു.
- നീട്ടിയ കാലാവധിയായ 2015-2016-ലെ വിനിയോഗം ടി.എച്ച്.എഫ്.സി. നൽകിയ തുകയിൽ ചെലവാക്കാതെ അവശേഷിച്ച ₹ 4.50 കോടിയുൾപ്പെടെ ₹ 16.26 കോടിയായിരുന്നു.
- കേരള സർക്കാർ തനതുഫണ്ടുകളിൽ നിന്ന് അധികമായി ചെലവാക്കിയ ₹ 11.76 കോടി, ടി.എച്ച്.എഫ്.സി. അവാർഡ് കാലാവധി പൂർത്തിയായി (2015 മാർച്ച്) എന്ന കാരണത്താൽ തിരികെ ലഭിക്കാൻ അർഹമല്ലെന്ന് ഭാരത സർക്കാർ സ്ഥിരീകരിച്ചു. (2015 ജൂലൈ)

പരിപ്രേക്ഷ്യ/വാർഷിക പ്ലാനുകളുടെ നടത്തിപ്പിലുള്ള പുരോഗതിയുടെ ക്രമമായ മേൽനോട്ടത്തിന്റെ ഉത്തരവാദിത്തം ധനകാര്യം, ആഭ്യന്തരം, നിയമം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ, ഡി.ജി.പി., ഹൈക്കോടതി, രജിസ്ട്രാർ ജനറൽ, സംസ്ഥാന നിയമസേവന സമിതിയുടെ മെമ്പർ സെക്രട്ടറി, സംസ്ഥാന ജുഡീഷ്യൽ അക്കാദമിയുടെ ഡയറക്ടർ എന്നിവരുൾപ്പെട്ട ഉന്നതതല നിരീക്ഷണ സമിതിയിൽ (എച്ച്.എൽ.എം.സി.) നിക്ഷിപ്തമായിരുന്നുവെന്ന് ഓഡിറ്റ് വീക്ഷിച്ചു. എച്ച്.എൽ.എം.സി., ഫണ്ടുകളുടെ വിനിയോഗത്തിലുള്ള മന്ദഗതി ചൂണ്ടിക്കാണിക്കുകയും (2012 ഫെബ്രുവരി, ജൂലൈ, സെപ്റ്റംബർ) വിനിയോഗത്തിന്റെ ഗതി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തുവെങ്കിലും നടപ്പിലാക്കുന്ന ഏജൻസികൾ അവ പാലിച്ചില്ല. ഈ കാരണത്താൽ കേരള സർക്കാരിന് ₹ 96.96 കോടിയുടെ ടി.എച്ച്.എഫ്.സി. ഗ്രാന്റ് ലഭ്യമാക്കാൻ സാധിച്ചില്ല.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ 12-9-2018-ൽ സമിതി നടത്തിയ ചർച്ചയും കണ്ടെത്തലുകളും ചുവടെ ചേർക്കുന്നു.

(1) കേരള സർക്കാരിന് ₹ 96.96 കോടിയുടെ ടി.എച്ച് .എഫ് .സി. ധനസഹായം പ്രയോജനപ്പെടുത്താനായില്ല എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി, കേന്ദ്ര സർക്കാർ കോടതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അനുവദിച്ച 140.05 കോടി രൂപയിൽ 43.09 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നും, പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുള്ള പുരോഗതിയുടെ മേൽനോട്ടത്തിനായി ധനകാര്യം, ആഭ്യന്തരം, നിയമം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ, ഡി.ജി.പി., ഹൈക്കോടതി രജിസ്ട്രാർ ജനറൽ, സംസ്ഥാന നിയമ സേവന സമിതിയുടെ മെമ്പർ സെക്രട്ടറി, സംസ്ഥാന ജുഡീഷ്യൽ അക്കാഡമി ഡയറക്ടർ എന്നിവരടങ്ങുന്ന ഉന്നതതല മേൽനോട്ട സമിതി രൂപീകരിച്ചുവെങ്കിലും കൃത്യമായ മേൽനോട്ടം ഉണ്ടായിരുന്നില്ലായെന്നുമാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി നിരീക്ഷിച്ചു .

(2) പതിമൂന്നാം ധനകാര്യ കമ്മീഷൻ ഓരോ മേഖലയ്ക്കുമായി അനുവദിച്ചിട്ടുള്ള ധനസഹായത്തിൽ നീതി നിർവ്വഹണ സംവിധാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2010-11 - 2014-15 കാലയളവിൽ അഖിലേന്ത്യാ തലത്തിലുള്ള മാതൃക അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒരു പാക്കേജിന് 140.05 കോടി രൂപ അനുവദിച്ചുവെന്നും, പ്രസ്തുത പാക്കേജ് ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ മൂന്നര വർഷം മാത്രമേ പ്രസ്തുത പാക്കേജ് നടപ്പിലാക്കുവാൻ സമയം ലഭിച്ചിട്ടുള്ളൂവെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

സമിതി മുൻപാകെ വ്യക്തമാക്കി. പ്രസ്തുത പാക്കേജിന്റെ മുക്കാൽ ഭാഗവും നിർമ്മാണ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും, പൈതൃക കോടതി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ വളരെയധികം പരിമിതികൾ ഉണ്ടായിരുന്നുവെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

(3) പത്ത് പൈതൃക കോടതി കെട്ടിടങ്ങൾ പുനരുജ്ജീവനം ചെയ്യേണ്ട സ്ഥാനത്ത് 4 എണ്ണം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂവെന്നും ശേഷിക്കുന്ന 6 കോടതികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയായതിനാൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സം ഉണ്ടായിരുന്നുവെന്നും സാധാരണയിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തികളായതിനാൽ പ്രസ്തുത മേഖലയിൽ വൈദഗ്ധ്യമുള്ളവരെ കൊണ്ടു മാത്രമേ ചെയ്യിക്കാൻ കഴിയുകയുള്ളൂവെന്നും കാലതാമസത്തിന്റെ അടിസ്ഥാനപരമായ കാരണങ്ങൾ ഇതായിരുന്നുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

(4) ശരിയായ മേൽനോട്ടമില്ലാത്തതിനാൽ എസ്റ്റിമേറ്റും, പ്ലാനും, ഡിസൈനും പുരാവസ്തു വകുപ്പ് നൽകിയിട്ടും ആറ് പ്രധാന കോടതികളിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതും സംസ്ഥാനത്തിന് വളരെ എളുപ്പത്തിൽ നടപ്പാക്കാൻ സാധിക്കുമായിരുന്ന പദ്ധതിപോലും ചെയ്യാൻ കഴിഞ്ഞില്ലായെന്നതും ഖേദകരമായ അവസ്ഥയാണെന്ന് സമിതി വിലയിരുത്തി.

(5) പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം പ്രത്യേകതരം പ്രവൃത്തിയായതിനാലാണ് പുരാവസ്തു വകുപ്പിനെ ചുമതല ഏൽപ്പിച്ചതെന്നും എന്നാൽ അവരുടെ പ്രവർത്തനങ്ങളും, ജോലിയുടെ സ്വഭാവവും മന്ദഗതിയിലായിരുന്നുവെന്നും, എല്ലാ വകുപ്പ് സെക്രട്ടറിമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഉന്നതതല സമിതി രൂപീകരിച്ചുവെങ്കിലും ഇത്തരം പ്രവർത്തനങ്ങളുടെ തുടർ നടപടികൾ സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ യോജിപ്പുണ്ടായിരുന്നില്ലായെന്നും അത് കാരണമാണ് ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് നഷ്ടമായതെന്നും സമിതി നിരീക്ഷിച്ചു. ഭാവിയിൽ ഇത്തരം പ്രവൃത്തികളിൽ വകുപ്പുകളുടെ കൃത്യമായ മേൽ നോട്ടമുണ്ടാകണമെന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റ് നഷ്ടമാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കണമെന്നും സമിതി നിർദ്ദേശിച്ചു .

## നിഗമനങ്ങൾ/ശിപാർശകൾ

(6) പതിമൂന്നാം ധനകാര്യകമ്മീഷൻ അനുവദിച്ച ധനസഹായത്താൽ പൈതൃക കോടതി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് എസ്റ്റിമേറ്റും, പ്ലാനും,

ഡിസൈനും പുരാവസ്തു വകുപ്പ് നൽകിയിട്ടും ശരിയായ മേൽനോട്ടമില്ലാത്തതിനാൽ ആറ് പ്രധാന കോടതികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ലായെന്നും സംസ്ഥാനത്തിന് വളരെ എളുപ്പത്തിൽ നടപ്പാക്കാൻ സാധിക്കുമായിരുന്ന പദ്ധതി പോലും ചെയ്യാൻ കഴിഞ്ഞില്ലായെന്നത് ഖേദകരമായ അവസ്ഥയാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

(7) പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം പ്രത്യേകതരം പ്രവൃത്തിയായതിനാലാണ് പുരാവസ്തു വകുപ്പിനെ ചുമതല ഏൽപ്പിച്ചത് എന്നാൽ അവരുടെ പ്രവർത്തനങ്ങളും, ജോലിയുടെ സ്വഭാവവും മന്ദഗതിയിലായിരുന്നുവെന്നും, എല്ലാ വകുപ്പ് സെക്രട്ടറിമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഉന്നതതല മേൽനോട്ട സമിതി രൂപീകരിച്ചുവെങ്കിലും ഇത്തരം പ്രവർത്തനങ്ങളുടെ തുടർനടപടികൾ സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായിരുന്നില്ലെന്നും അത് കാരണമാണ് ധനകാര്യകമ്മീഷന്റെ ഗ്രാന്റ് നഷ്ടമായതെന്നും സമിതി മനസ്സിലാക്കുന്നു. ഭാവിയിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇത്തരം പ്രവൃത്തികളിൽ വകുപ്പുകളുടെ കൃത്യമായ മേൽനോട്ടമുണ്ടാകുന്നതിനായി പ്രവൃത്തി നടപ്പാക്കുന്ന വകുപ്പിനും ഉന്നതതല മേൽനോട്ട സമിതിയ്ക്കുമായി പദ്ധതി നിർവ്വഹണത്തിന്റെ ഉത്തരവാദിത്തം ഏല്പിക്കണമെന്നും വീഴ്ച സംഭവിച്ചാൽ ഇരുകൂട്ടരുടെ പേരിലും നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. മേലിലും വിവിധ ആവശ്യങ്ങൾക്കായി ലഭിക്കുന്ന ധനകാര്യ ഗ്രാന്റ് നഷ്ടമാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കണമെന്നും അതിന് സഹായകമായ നടപടികൾ സ്വീകരിക്കുകയും സ്വീകരിച്ച നടപടികൾ/സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് സമിതിയ്ക്ക് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.2 മുതൽ 4.6.2.1 വരെ (ജനറൽ & സോഷ്യൽ സെക്ടർ)

**പതിമൂന്നാം ധനകാര്യകമ്മീഷൻ സംരംഭങ്ങളുടെ നടപ്പിലാക്കൽ (4.6.2)**

ടി.എച്ച്.എഫ്.സി. അവാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെയും വിവിധ സംരംഭങ്ങൾക്കുവേണ്ടി നടത്തിയ ചെലവിന്റെ ഗുണമേന്മയെയും കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെക്കാണുന്ന ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു.

## പ്രഭാത/സായാഹ്ന/പ്രത്യേക കോടതികളുടെ പ്രവർത്തനം (4.6.2.1)

ടി.എച്ച്.എഫ്.സി. പ്രഭാത/സായാഹ്ന/ഷിഫ്റ്റ്/വാരാന്ത്യ/മൊബൈൽ/പ്രത്യേക മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുവാൻ ശിപാർശ ചെയ്തതത് പെറ്റി കേസ്സുകളുടെ കുടിശ്ശിക ഇല്ലാതാക്കുവാനും, നിയമവ്യവസ്ഥയുടെ മേലുള്ള സമ്മർദ്ദം കുറയ്ക്കുവാനുമാണ്. കേസ്സുകൾ തീർപ്പാക്കുക എന്ന വ്യക്തമായ ലക്ഷ്യത്തോടെ നടപ്പിലാക്കേണ്ട ഒരു താത്കാലിക മാർഗ്ഗമായിട്ടാണ് ഇവ വിഭാവനം ചെയ്തത്. ഈ കോടതികൾ അധിക പ്രതിഫലം നൽകിക്കൊണ്ട് സ്ഥിരജ്യൂഡീഷ്യൽ ഓഫീസർമാരുടെ സേവനങ്ങളും, വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനങ്ങളും വിനിയോഗിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് സായാഹ്നകോടതികൾ രൂപീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ക്രമാനുഗതമാക്കുന്നതിനും വേണ്ടി കേരള ഹൈക്കോടതി "സായാഹ്ന കോടതി (കേരള) ചട്ടങ്ങൾ, 2011" രൂപപ്പെടുത്തിയിരിക്കുന്നു. ടി.എച്ച്.എഫ്.സി. 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ പ്രഭാത/സായാഹ്ന കോടതികളുടെ പ്രവർത്തനത്തിനുവേണ്ടി വകയിരുത്തിയ ₹67.42 കോടിയിൽ കേരള സർക്കാരിന് ₹20.23 കോടി മാത്രമെ ലഭ്യമാക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ, അതിൽ ₹12.95 കോടി മാത്രമേ വിനിയോഗിച്ചിരുന്നുള്ളൂ.

ഹൈക്കോടതിയുടെ പുതുക്കിയ പരിപ്രേക്ഷ്യ പദ്ധതി (2010-11 മുതൽ 2014-2015 വരെ)-യും 2010-2011-ലെയും 2011-2012-ലെയും വാർഷിക കർമ്മപദ്ധതിയും പ്രകാരം, സംസ്ഥാനത്ത് ടി.എച്ച്.എഫ്.സി. അവാർഡ് കാലാവധിക്കുള്ളിൽ 12,93,600[4] കേസ്സുകൾ തീർപ്പാക്കുവാനായി 116 സായാഹ്ന കോടതികൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്നു. നിർദ്ദേശിക്കപ്പെട്ട 74 സായാഹ്ന കോടതികളിൽ കേരള സർക്കാർ പ്രാരംഭമായി അനുവദിച്ച (2010 ഫെബ്രുവരി) അഞ്ചെണ്ണം[5] 2011-2012 മുതൽ 2015-2016 വരെ പ്രവർത്തിച്ചു. ബാക്കിയുള്ള 69 കോടതികളും അനുവദിച്ചുവെങ്കിലും (2012 ഫെബ്രുവരി) സംസ്ഥാനത്ത് സായാഹ്ന കോടതികൾ വിജയകരമല്ല എന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടതിനാൽ പ്രവർത്തനക്ഷമമായില്ല. കേസ്സുകളുടെ കുടിശ്ശിക ഇല്ലാതാക്കുവാൻ വേണ്ടി സായാഹ്ന കോടതികൾ സ്ഥാപിക്കുവാനായി മാറ്റിവച്ച ഫണ്ടുകളുപയോഗിച്ച് താത്കാലിക/പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ ഭാരത സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് അനുമതി നൽകിയതിനെ (2012 ജനുവരി)

4 ഹൈക്കോടതിയുടെ പരിപ്രേക്ഷ്യ പദ്ധതി പ്രകാരം, ഓരോ സായാഹ്ന കോടതിയും മാസത്തിൽ 280 കേസ്സുകളും വർഷത്തിൽ 3360 കേസ്സുകളും തീർപ്പാക്കേണ്ടിയിരുന്നു. അങ്ങനെ, തീർപ്പാക്കേണ്ട ആകെ കേസ്സുകൾ 12,93,600 ആയി കണക്കാക്കി.

5 തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

തുടർന്ന്, എല്ലാ നിയമനങ്ങളും താത്കാലികമായിരിക്കണമെന്നും താത്കാലികാടിസ്ഥാനത്തിലാവണം ഇതിനുവേണ്ടി കെട്ടിടമെടുക്കേണ്ടത് എന്നുമുള്ള വ്യവസ്ഥയിൽ, മൂന്ന് വർഷത്തേക്ക് 27[6] സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് (ജെ.എഫ്.സി.എം.) കോടതികൾ സ്ഥാപിക്കുവാനുള്ള അനുമതിക്കായി എച്ച്.എൽ.എം.സി. കേരള സർക്കാരിനോട് ശിപാർശ ചെയ്തു (2012 സെപ്റ്റംബർ). അപ്രകാരം, കേരള സർക്കാർ, 'സായാഹ്ന കോടതി' എന്ന ഘടകത്തിന് കീഴിലുള്ള ഫണ്ടുകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്ത് താത്കാലികാടിസ്ഥാനത്തിൽ 27 സ്പെഷ്യൽ ജെ.എഫ്.സി.എം. കോടതികൾ സ്ഥാപിക്കുവാനുള്ള ഭരണാനുമതി നൽകി (2012 നവംബർ). പക്ഷെ, ഈ 27 സ്പെഷ്യൽ ജെ.എഫ്.സി. എം. കോടതികൾ ടി.എച്ച്.എഫ്.സി. അവാർഡ് കാലാവധിയുടെ അവസാന മാസങ്ങളിൽ (2014 ജൂൺ മുതൽ 2015 മാർച്ച് വരെ) മാത്രമാണ് പ്രവർത്തിച്ചു തുടങ്ങിയത്.

സ്പെഷ്യൽ ജെ. എഫ്. സി. എം. കോടതികൾ സ്ഥാപിക്കുന്നതിലുണ്ടായ കാലതാമസത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ ഹൈക്കോടതി പ്രസ്താവിച്ചത് (2016 മേയ്) കേരള സർക്കാർ സംസ്ഥാനത്ത് 27 സ്പെഷ്യൽ ജെ.എഫ്.സി.എം. കോടതികൾ സ്ഥാപിക്കുവാനുള്ള ഭരണാനുമതി നൽകിയത് (2012 നവംബർ) കോടതികളുടെ സ്ഥാനത്തെക്കുറിച്ചോ ആവശ്യമായ ജീവനക്കാരുടെ ഘടനയെക്കുറിച്ചോ പ്രതിപാദിക്കാതെയായിരുന്നു എന്നാണ്. കോടതികളുടെ സ്ഥാനവും ജീവനക്കാരുടെ ഘടനയും സർക്കാർ വ്യക്തമായി അനുവദിക്കാതെ ഒരു സർക്കാർ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ കോടതികൾ തുടങ്ങുക എന്നത് സാധ്യമായിരുന്നില്ല. ഹൈക്കോടതി നിർദ്ദേശിച്ച (2013 ജൂലൈ) സ്ഥാനങ്ങളുടെയും ആവശ്യമായ ജീവനക്കാരുടെ ഘടനയുടെയും അടിസ്ഥാനത്തിൽ 27 സ്പെഷ്യൽ ജെ.എഫ്.സി.എം. കോടതികൾ സ്ഥാപിക്കുവാൻ കേരള സർക്കാർ 2014 മേയിൽ മാത്രമാണ് അനുമതി നൽകിയത്.

ഭാരത സർക്കാർ നൽകിക്കഴിഞ്ഞ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ കേരള സർക്കാരിന് കഴിയാതെ പോയത് 2010-2011 മുതൽ 2014-2015 വരെയുള്ള കാലയളവിൽ ₹ 47.19 കോടിയുടെ ടി.എച്ച്.എഫ്.സി. സഹായം സംസ്ഥാനത്തിന് നഷ്ടമാകുന്നതിന് ഇടയാക്കി.

---

6 എറണാകുളം (16), കൊല്ലം (5), കോഴിക്കോട് (1), തിരുവനന്തപുരം (4), തൃശ്ശൂർ (1)

കാലതാമസം മനഃപൂർവ്വമായിരുന്നില്ലെന്നും ഭരണപരമായ പ്രശ്നങ്ങൾ കാരണമായിരുന്നുവെന്നും കേരള സർക്കാർ പ്രസ്താവിച്ചു. (2016 സെപ്റ്റംബർ) മെച്ചപ്പെട്ട ഏകോപനത്താൽ ഈ കോടതികൾ നേരത്തെ സ്ഥാപിക്കുവാനും കൂടുതൽ കേസ്സുകൾ തീർപ്പാക്കാനും സാധിക്കുമായിരുന്നു എന്ന കാരണത്താൽ മറുപടി യുക്തിസഹമല്ല.

ശിപാർശ 1 : പെറ്റികേസ്സുകൾ തീർപ്പാക്കുവാനായി കഴിയുന്നത്ര സായാഹ്ന കോടതികൾ സ്ഥാപിക്കുന്ന കാര്യം കേരള സർക്കാരും ഹൈക്കോടതിയും പരിഗണിക്കണം

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(8) പ്രഭാത/സായാഹ്ന/പ്രത്യേക കോടതികളുടെ പ്രവർത്തനത്തിനുവേണ്ടി 67.42 കോടി രൂപ വകയിരുത്തിയിരുന്നുവെന്നും പ്രസ്തുത കോടതികളുടെ രണ്ടു മൂന്നു വർഷത്തെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം സംസ്ഥാനത്ത് സായാഹ്ന കോടതികൾ പ്രാവർത്തികമല്ലായെന്ന് ബഹു. ഹൈക്കോടതി ഫുൾബെഞ്ച് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടിയിരുന്ന 74 കോടതികൾ ആരംഭിച്ചില്ലായെന്നും പ്രഭാത/സായാഹ്ന/പ്രത്യേക കോടതികളുടെ പ്രവർത്തനം എന്ന ഖണ്ഡിക പരിഗണിക്കവെ ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(9) സായാഹ്ന കോടതികളിൽ യഥാസമയം കേസ്സുകൾ തീർപ്പാക്കിയിരുന്നില്ലായെന്നും ഇപ്രകാരം ജഡ്ജിമാരുടെ സമയം പാഴാകുന്ന സാഹചര്യം ഉണ്ടായപ്പോഴാണ് സായാഹ്ന കോടതികൾ നിർത്തലാക്കാൻ തീരുമാനമെടുത്തതെന്നും അതിനുപകരം 27 താൽക്കാലിക കോടതികളും പ്രത്യേക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളും കൂടാതെ 38 ഗ്രാമന്യായാലയങ്ങളും ആരംഭിച്ചുവെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(10) സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രത്യേക കോടതികൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(11) ഇതര സംസ്ഥാനങ്ങളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പലതും ഇവിടെ പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണെന്നും ബഹു. ഹൈക്കോടതി രണ്ട് മൂന്ന് വർഷത്തെ പരിശ്രമത്തിനുശേഷം സായാഹ്ന കോടതികൾ ഇവിടെ വിജയകരമല്ലായെന്ന് കണ്ടെത്തുകയും പ്രസ്തുത വിവരം സംസ്ഥാന സർക്കാരിനെ അറിയിക്കുകയും, സംസ്ഥാന സർക്കാർ ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കേന്ദ്ര സർക്കാർ അക്കാര്യം സമ്മതിക്കുകയും പകരമായി സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കാമെന്ന തീരുമാനം അംഗീകരിക്കുകയും ചെയ്തെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

(12) പരാമർശമില്ല.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.2.2 (ജനറൽ & സോഷ്യൽ സെക്ടർ)

**കോർട്ട് മാനേജർമാരുടെ തസ്തിക സൃഷ്ടിക്കൽ (4.6.2.2)**

ജഡ്ജിമാരെ അവരുടെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിച്ചു കൊണ്ട് അവർക്ക് നിയമസംബന്ധമായ കർത്തവ്യങ്ങൾക്കായി കൂടുതൽ സമയം അനുവദിക്കുവാൻ വേണ്ടി ടി.എച്ച്.എഫ്.സി. കോർട്ട് മാനേജർമാരുടെ നിയമനത്തിന് വ്യവസ്ഥ ചെയ്തു. ഓരോ ജുഡീഷ്യൽ ജില്ലയ്ക്കും ഒന്നു വീതവും, ഹൈക്കോടതിക്ക് രണ്ടും തൊഴിൽ സംബന്ധമായ യോഗ്യതയുള്ള കോർട്ട് മാനേജർമാരുടെ നിയമനത്തിനായി സംസ്ഥാനത്തിന് ₹7.61 കോടി വകയിരുത്തുകയും ചെയ്തു. വകയിരുത്തിയ തുകയ്ക്കെതിരെ കേരള സർക്കാരിന് 2010-11 മുതൽ 2011-2012 വരെ ₹ 2.28 കോടി ലഭിച്ചു. കേരള സർക്കാർ കോർട്ട് മാനേജർമാരുടെ 16 തസ്തികകൾ, (14 ജുഡീഷ്യൽ ജില്ലകളിൽ ഓരോന്നിലും ഒന്നു വീതവും, ഹൈക്കോടതിയിൽ രണ്ടും) സർക്കാർ ഓഫീസുകളിൽ നിന്നുള്ള വിന്യസനത്തിലൂടെയോ ഡെപ്യൂട്ടേഷനിലോ ആയിരിക്കണം തസ്തികകളിലേക്കുള്ള നിയമനം എന്ന വ്യവസ്ഥയോടെ അനുവദിച്ചു (2011 നവംബർ). ഇത്, കോടതികൾക്ക് നേരിട്ടുള്ള നിയമനത്തിന് പുറമെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ, അർദ്ധസർക്കാർ, സ്വയം ഭരണസ്ഥാപനങ്ങൾ/സർക്കാർ നിയമ യൂണിവേഴ്സിറ്റികൾ, സർക്കാർ കോളേജുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വഴിയും കോർട്ട് മാനേജർമാരെ നിയമിക്കാം എന്ന

ഭാരത സർക്കാർ ഇറക്കിയ വിശദീകരണത്തിന് (2011 മാർച്ച്) വിരുദ്ധമായിരുന്നു. ഇതുവഴി, കേരള സർക്കാർ ഈ തസ്തികകളിലേക്കുള്ള നിയമന മാർഗ്ഗത്തിൽ നിന്ന് നേരിട്ടുള്ള നിയമനത്തെ ഒഴിവാക്കി.

കോർട്ട് മാനേജർമാരുടെ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയാതെ വന്നതിനെത്തുടർന്ന് ഹൈക്കോടതി, നേരിട്ടുള്ള നിയമനത്തിലൂടെയും അവരെ തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ട് പുതുക്കിയ ഉത്തരവിറക്കണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു (2012 ജൂൺ). തുടർന്ന് കേരള സർക്കാർ, കോർട്ട് മാനേജർമാരായി നിയമിക്കുവാൻ അനുയോജ്യരായ ഉദ്യോഗാർത്ഥികളെ വിന്യസനം/ഡെപ്യൂട്ടേഷനിലൂടെ ലഭിക്കാത്തപക്ഷം, 'നേരിട്ടുള്ള നിയമന' മാർഗ്ഗം അവലംബിക്കാവുന്നതാണ് എന്നുൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ ഉത്തരവിറക്കി (2013 മാർച്ച്).

അങ്ങനെ, കോർട്ട് മാനേജർമാരുടെ തസ്തികകൾ കേരള സർക്കാർ 2011-ൽ തന്നെ അനുവദിച്ചിരുന്നുവെങ്കിലും നേരിട്ടുള്ള നിയമനത്തിലൂടെ ആ തസ്തികകളിലേക്ക് നിയമനം നടത്താൻ കഴിഞ്ഞത് 2014 ആഗസ്റ്റിൽ മാത്രമാണ്. അനുവദിക്കപ്പെട്ട 16 തസ്തികകളിലേക്കായി, 11 പേർ (ജുഡീഷ്യൽ ജില്ലകളിൽ[7] ഒൻപതും ഹൈക്കോടതിയിൽ രണ്ടും) മാത്രമാണ് ജോലിക്ക് ഹാജരായത് (2014 ആഗസ്റ്റ്) ടി.എച്ച്.എഫ്.സി. അവാർഡ് കാലാവധി അവസാനിച്ചുവെങ്കിലും (2015 മാർച്ച്), നേരത്തെ ലഭ്യമായ ടി.എച്ച്.എഫ്.സി. തുകയുള്ളിൽ ചെലവ് പരിമിതപ്പെടുത്തിക്കൊണ്ട് കോർട്ട് മാനേജർമാർക്ക് ഒരു വർഷത്തേക്കുകൂടി തുടരാനുള്ള അനുമതി കേരള സർക്കാർ നൽകി (2015 ജനുവരി). കേരള സർക്കാർ കോർട്ട് മാനേജർമാരുടെ കാലാവധി 2017 മാർച്ച് വരെ വീണ്ടും നീട്ടി (2016 മാർച്ച്).

കോർട്ട് മാനേജർമാരുടെ നിയമനമാർഗ്ഗങ്ങളിൽ ഒന്നായി നേരിട്ടുള്ള നിയമനത്തെ പരിഗണിച്ചുകൊണ്ട് ഉത്തരവിറക്കുന്നതിൽ കേരള സർക്കാരിന്റെ ഭാഗത്തുണ്ടായ വീഴ്ച അവരുടെ നിയമനത്തിൽ കാലതാമസമുണ്ടാക്കുകയും അവരുടെ സേവനങ്ങളെ 2014-15 മുതൽ 2016-17 വരെയുള്ള കാലയളവിലേക്ക് പരിമിതപ്പെടുത്തുകയും ചെയ്തതായി നമ്മൾ കണ്ടെത്തി. കോർട്ട് മാനേജർമാരെ നിയമിക്കുന്നതിലുണ്ടായ കാലതാമസം കേരള സർക്കാരിന് ₹5.33 കോടി ടി.എച്ച്.എഫ്.സി. സഹായം നഷ്ടമാകുന്നതിനും ഇടയാക്കി.

---

7 എറണാകുളം, കൊല്ലം, കോട്ടയം, കോഴിക്കോട്, മഞ്ചേരി (മലപ്പുറം), പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം, തൃശ്ശൂർ

<u>ശിപാർശ 2: ജഡ്ജിമാരെ അവരുടെ ഭരണപരമായ കർത്തവ്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സഹായിക്കുവാനായി, എല്ലാ ജൂഡീഷ്യൽ ജില്ലകളിലും ഹൈക്കോടതിയിലും കോർട്ട് മാനേജർമാരുടെ സ്ഥിരമായ നിയമനം കേരള സർക്കാർ പരിഗണിക്കണം.</u>

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

(13) കോർട്ട് മാനേജർമാരുടെ തസ്തിക സൃഷ്ടിക്കൽ എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി കോർട്ട് മാനേജർ തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് നിലവിലെ സ്ഥിതി ആരാഞ്ഞു. കോടതിയിലെ ജഡ്ജിമാരെ അവരുടെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനും, കോടതിയിലെ പൊതുവായ മാനേജ്മെന്റ്, കേസെടുക്കൽ തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുമായിട്ടാണ് കോർട്ട് മാനേജരുടെ തസ്തിക സൃഷ്ടിക്കുന്നതിന് ടി.എച്ച് .എഫ് .സി. തീരുമാനിച്ചതെന്നും വിശദമായ ആസൂത്രണം ഇല്ലാതെയാണ് ഇത് പ്രാവർത്തികമാക്കിയതെന്നും ആയതിൻപ്രകാരം കോർട്ട് മാനേജരെ തെരഞ്ഞെടുത്തുവെങ്കിലും പ്രയോജനപ്പെട്ടില്ലായെന്നും നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചു.

(14) കോർട്ട് മാനേജർ നിയമനം, സായാഹ്ന/പ്രഭാത കോടതികൾ സ്ഥാപിക്കൽ തുടങ്ങിയവ നമ്മുടെ സംസ്ഥാനത്ത് പ്രായോഗികമാക്കാൻ സാധിക്കാത്തവയാണെങ്കിൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഈ പ്രോജക്ട് അംഗീകരിച്ച് ധനസഹായം സ്വീകരിക്കാനുണ്ടായ സാഹചര്യമെന്തെന്ന് സമിതി ആരാഞ്ഞു.

(15) പലവിധ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ധനകാര്യ കമ്മീഷൻ ധനസഹായം തീരുമാനിച്ചിട്ടുള്ളതെന്നും, രാജ്യത്തിന്റെ ഭൂരിഭാഗം മേഖലകളിലും പ്രാവർത്തികമാക്കാൻ സാധിക്കുന്ന തരത്തിലുള്ള മാതൃകയാണ് ദേശീയ തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും അക്കൗണ്ടന്റ് ജനറൽ സമിതിയെ അറിയിച്ചു . ഓരോ സംസ്ഥാനങ്ങൾക്കും പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിൽ അവരുടേതായ ബുദ്ധിമുട്ടുള്ളതിനാലാണ് മേൽനോട്ടത്തിനായി ഒരു ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതെന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചു .

(16) കോർട്ട് മാനേജർ നിയമനവുമായി ബന്ധപ്പെട്ട സമിതിയുടെ ചോദ്യത്തിന് കോർട്ട് മാനേജരുടെ തസ്തിക വേണമെന്ന ബഹു. സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ രണ്ടുപേരെ സ്ഥിരപ്പെടുത്തുകയുണ്ടായിയെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി പറഞ്ഞു.

## നിഗമനങ്ങൾ/ശിപാർശകൾ

(17) പരാമർശമില്ല.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.2.3 (ജനറൽ & സോഷ്യൽ സെക്ടർ)

**പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം (4.6.2.3)**

സംസ്ഥാനത്തെ പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വേണ്ടി ടി.എച്ച്.എഫ്.സി. കേരള സർക്കാരിനായി ₹ 12.13 കോടി നീക്കി വച്ചു. ഹൈക്കോടതി നിശ്ചയിച്ച, സ്വാതന്ത്ര്യത്തിനുമുൻപുള്ള പത്ത് കെട്ടിടങ്ങൾക്ക് പദ്ധതിയുടെ കീഴിൽ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അനുമതി എച്ച്. എൽ. എം. സി. നൽകി. (2011 മേയ്). നാല് കോടതി കെട്ടിടങ്ങളുടെ പുനരുജ്ജീവനത്തിനും പരിപാലനത്തിനുമുള്ള ജോലികൾ ₹ 5.89 കോടിയുടെ പ്രതീക്ഷിത ചെലവിൽ പുരാവസ്തു ഡയറക്ടറേറ്റിന് നൽകിയപ്പോൾ (2012 മാർച്ച്[8], 2013 സെപ്റ്റംബർ[9]) ആറ് കെട്ടിടങ്ങളുടെ[10] പണികൾ പുരാവസ്തു ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ ഒരു ഭാരത സർക്കാർ സംരംഭമായ മെസ്സേഴ്സ് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ ഏൽപ്പിക്കാൻ എച്ച്. എൽ. എം. സി. തീരുമാനിച്ചു. (2013 ജൂലൈ). തങ്ങളുടെ കരുതലിൽ ഏറെയധികം സംരക്ഷിത സ്മാരകങ്ങൾ ഉള്ളതിനാലും തങ്ങളുടെ ഘടനാപരമായ സംരക്ഷണപ്രവൃത്തി വിഭാഗത്തിൽ സാങ്കേതിക ജീവനക്കാരുടെ സംഖ്യ പരിമിതമായതിനാലും നാല് കോടതി കെട്ടിടങ്ങളുടെ സംരക്ഷണജോലികൾ മാത്രമേ ഏറ്റെടുത്തു നടത്താൻ കഴിയൂ എന്ന് പുരാവസ്തു ഡയറക്ടറേറ്റ് കേരള സർക്കാരിനെ അറിയിച്ചതിനാലാണ് (2013 ജൂലൈ) ഇങ്ങനെ ചെയ്തത്. ബാക്കിയുള്ള ആറ് പ്രവൃത്തികൾ മെസ്സേഴ്സ് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ

---

8 റാം മോഹൻ കൊട്ടാരം, എറണാകുളം

9 തിരുവനന്തപുരത്തെയും ആലപ്പുഴയിലെയും ജില്ലാ കോടതികളും ആലപ്പുഴയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയും

10 ജില്ലാ കോടതി എറണാകുളം, അഡീഷണൽ ജില്ലാ കോടതി വടക്കൻ പറവൂർ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മഞ്ചേരി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി കോഴിക്കോട്, അഡീഷണൽ ജില്ലാ കോടതി തലശ്ശേരി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി തലശ്ശേരി.

ഏൽപ്പിക്കാൻ എച്ച്. എൽ. എം. സി. 2013 ജൂലൈയിൽ തീരുമാനമെടുത്തെങ്കിലും 2014 മേയ്-ൽ ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം 2014 സെപ്റ്റംബറിൽ മാത്രമാണ് കേരള സർക്കാർ ഭരണാനുമതി നൽകിയത്. ടി.എച്ച്.എഫ്.സി.-യുടെ 2010-2011 മുതൽ 2014-2015 വരെയുള്ള കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാകാത്ത ഒരു ജോലിയും ഏറ്റെടുക്കേണ്ടതില്ലെന്ന എച്ച്. എൽ. എം. സി. -യുടെ അഭ്യർത്ഥന (2014 ഡിസംബർ) യെത്തുടർന്ന്, മെസ്സേഴ്സ് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റിഡിനെ ഏൽപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ട ആറ് വർക്കുകളും ഹൈക്കോടതി മാറ്റിവച്ചു (2015 ജനുവരി).

പുരാവസ്തു ഡയറക്ടറേറ്റിനെ ഏൽപ്പിച്ച നാല് സംരക്ഷണജോലികളും നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലായിരുന്നു (2016 ഡിസംബർ). ജോലികളുടെ പൂർത്തീകരണത്തിലെ മന്ദഗതിയുടെ കാരണങ്ങൾ പുരാവസ്തു ഡയറക്ടറേറ്റിനോട് ആരാഞ്ഞപ്പോൾ ഓഡിറ്റിനെ അറിയിച്ചത് (2016 മേയ്), പണി നടത്തുവാനായി കോടതി കെട്ടിടങ്ങൾ അവർക്ക് പൂർണ്ണമായി കൈമാറിയിരുന്നില്ലെന്നും പകരം നിശ്ചിതസമയത്തേക്ക് മാത്രമേ പണി ചെയ്യുവാൻ അനുവദിച്ചിരുന്നുള്ളൂ എന്നുമാണ്. ജോലി നിർവ്വഹിക്കുന്നതിലുണ്ടായ കാലതാമസംമൂലവും യുസികൾ വൈകി സമർപ്പിച്ചതിനാലും പദ്ധതിയ്ക്കായി നീക്കിവച്ച ₹ 12.13 കോടിയിൽ ₹ 8.49 കോടി ഭാരത സർക്കാർ കേരള സർക്കാരിന് നൽകിയില്ലെന്നും നിരീക്ഷിക്കുകയുണ്ടായി. നാല് കോടതി കെട്ടിടങ്ങളുടെ ജോലി ഏറ്റെടുക്കുവാൻ പുരാവസ്തു ഡയറക്ടേറ്റിന് മുൻകൂറായി നൽകിയ ₹ 2.94 കോടി (ഭരണാനുമതി നൽകിയ തുകയുടെ 50 ശതമാനം) പൂർണ്ണമായി വിനിയോഗിക്കുകയും ബാക്കി പ്രതീക്ഷിത തുകയായ ₹ 2.50 കോടിയ്ക്കു അപേക്ഷ പുരാവസ്തു ഡയറക്ടറേറ്റ് സമർപ്പിക്കുകയും ചെയ്തു (2016 മാർച്ച്). ടി. എച്ച്. എൽ. എം. സി.-യുടെ കാലാവധി 2015 മാർച്ചിൽ അവസാനിച്ചതിനാൽ, പുരാവസ്തു ഡയറക്ടറേറ്റിന് കൊടുക്കേണ്ട തുകയുടെ അവശേഷിക്കുന്ന 50 ശതമാനം (₹2.50 കോടി) ഭാരത സർക്കാരിൽ നിന്നു ലഭിക്കുവാനുള്ള സാധ്യത വിരളമാണ്.

അങ്ങനെ ജോലി ഏറ്റെടുത്തതിനുശേഷം നാല് വർഷത്തിലധികമായിട്ടും നാല് കോടതി കെട്ടിടങ്ങളുടെ നവീകരണജോലി പൂർത്തിയാക്കാത്തതും, ബാക്കിയുള്ള ആറ് കോടതി കെട്ടിടങ്ങളുടെ ജോലി ഏറ്റെടുക്കാത്തതും ₹ 8.49 കോടിയുടെ ടി.എച്ച്.എഫ്.സി. ധനസഹായം നഷ്ടപ്പെടുന്നതിനിടയാക്കി.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

(18) പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം സംബന്ധിച്ച് ആദ്യത്തെ ഒന്നരവർഷം പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാവുകയും തുടർന്നുള്ള മൂന്നര വർഷകാലയളവിൽ തുക പൂർണ്ണമായി ചെലവഴിക്കുന്നതിനോ പ്രവൃത്തി പൂർത്തിയാക്കുന്നതിനോ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ആരംഭിച്ച പ്രവൃത്തികൾ പുരാവസ്തു വകുപ്പ് ഒരു ഏജൻസിയെ ഏൽപ്പിച്ചുവെന്നും പ്രസ്തുത ഏജൻസി പ്രവൃത്തികളൊന്നും ചെയ്തില്ലായെന്നും നിരവധി യോഗങ്ങൾ ഇതിനായി ചേർന്നുവെങ്കിലും പ്രവൃത്തി പൂർത്തിയാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ലായെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ജുഡീഷ്യൽ അക്കാദമിയുടെ നിർമ്മാണം പി.ഡബ്ല്യൂ.ഡി .-യെ മാറ്റി നിർത്തി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് ഏൽപ്പിച്ചതെന്നും അവർ യഥാസമയം നിർമ്മാണം പൂർത്തിയാക്കിയെന്നും പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പിൽ നിന്നും നിരവധി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എന്നാൽ ജുഡീഷ്യൽ ഓഫീസർമാരുടെ ട്രെയിനിംഗിന് അനുവദിച്ച തുകയുടെ 92.5%-വും ലൈബ്രറി തയ്യാറാക്കുന്നതിനുള്ള തുകയുടെ 100%-വും വിനിയോഗിച്ചുവെന്നും നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചു .

(19) പൈതൃക കോടതി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളൊന്നും നിരസിച്ചിട്ടില്ലായെന്നും ശരിയായ മേൽനോട്ടത്തിന്റെ അഭാവവും, അസാധാരണമായ കാലതാമസവുമാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ കാലതാമസത്തിന് കാരണമായതെന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചു .

(20) സംസ്ഥാനത്തെ പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുംവേണ്ടി പതിമൂന്നാം ധനകാര്യ കമ്മീഷൻ കേരള സർക്കാരിനായി നീക്കിവച്ച തുക ചെലവഴിച്ചില്ലായെന്നതിന് പുറമെ പൈതൃക കോടതി കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടതിനും പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് കിട്ടിയ അവസരംകൂടി നഷ്ടപ്പെടുത്തിയതിനും സമിതി വകുപ്പിനെ രൂക്ഷമായി വിമർശിച്ചു .

(21) പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം സംബന്ധിച്ചുള്ള പ്രവൃത്തികൾക്ക് പുരാവസ്തു വകുപ്പിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായതായി സമിതി ചൂണ്ടികാണിക്കുകയുണ്ടായി.

(22) കേരളത്തിലെ കോടതികൾ വളരെ ഭംഗിയുള്ള പഴയ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും, ഇത്തരം കെട്ടിടങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും ആയതിലേക്ക് വകുപ്പിന്റെ ഭാഗത്തുനിന്നും ഊർജ്ജിതമായ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

(23) സംസ്ഥാനത്തെ പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വേണ്ടി പതിമൂന്നാം ധനകാര്യ കമ്മീഷൻ കേരള സർക്കാരിന് അനുവദിച്ച തുക ചെലവഴിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പുരാവസ്തു വകുപ്പ് പുനരുദ്ധാരണ ജോലി ഏറ്റെടുത്ത ശേഷം നാല് വർഷത്തിലധികമായിട്ടും നാല് കോടതി കെട്ടിടങ്ങളുടെ നവീകരണ ജോലി പൂർത്തിയാക്കാത്തതും ബാക്കിയുള്ള ആറ് കോടതി കെട്ടിടങ്ങളുടെ ജോലി ഏറ്റെടുക്കാത്തതും 8.49 കോടി രൂപയുടെ ടി.എച്ച്.എഫ്.സി. ധനസഹായം നഷ്ടപ്പെടുന്നതിനിടയാക്കി. ഇത്തരം പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു എന്നത് മാത്രമല്ല ഇത്തരം കെട്ടിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് ലഭിച്ച അവസരം പാഴാക്കി കളഞ്ഞുവെന്നും സമിതി വിലയിരുത്തുന്നു.

(24) സംസ്ഥാനത്തെ കോടതികൾ വളരെ ഭംഗിയുള്ള പൗരാണിക മൂല്യങ്ങളുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും അവയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി വകുപ്പിന്റെ ഭാഗത്തു നിന്നും വളരെ ഊർജ്ജിതമായ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

(25) എച്ച്.എൽ.എം.സി. യുടെ നിർദ്ദേശപ്രകാരമാണ് കോടതി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി ഹിന്ദുസ്ഥാൻ പ്രീഫാബിന് 2014 ജൂലൈ മാസത്തിൽ കൈമാറിയത്. എന്നാൽ 2014 സെപ്റ്റംബറിലാണ് സർക്കാർ ഇതിനായി അനുമതി നൽകിയത്. തുടർന്ന് 2014-15 കാലയളവിനുള്ളിൽ തീർക്കാൻ കഴിയാത്ത പണികൾ തുടങ്ങേണ്ടതില്ലെന്ന് മോണിറ്ററിംഗ് കമ്മിറ്റി 2014 ഡിസംബറിൽ അറിയിച്ചതിനാൽ ടി സ്ഥാപനത്തിന് വർക്ക് തുടങ്ങാനും കഴിഞ്ഞില്ല എന്ന അനുമാനത്തിൽ സമിതി എത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്തത്

സംബന്ധിച്ച് പുരാവസ്തു വകുപ്പും വിഷയം കൂടുതൽ വിശദമായി പരിശോധിച്ച് പാളിച്ചകൾ വിശകലനം ചെയ്ത് ധനവകുപ്പും സമിതിക്ക് അടിയന്തര റിപ്പോർട്ടുകൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.2.4 മുതൽ 4.6.2.5 വരെ (ജനറൽ & സോഷ്യൽ സെക്ടർ).

**ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം (4.6.2.4)**

ടി.എച്ച്.എഫ്.സി. ശേഷി വർദ്ധനവിനെ നിർണ്ണായകമായ ആവശ്യമായി കണക്കാക്കുകയും ജുഡീഷ്യൽ ഓഫീസർമാരുടെ ഇൻഡക്ഷൻ പരിശീലനവും ഇൻ-സർവ്വീസ് പരിശീലനവും ത്വരിതപ്പെടുത്തേണ്ട ആവശ്യം തിരിച്ചറിയുകയും ചെയ്തു. സംസ്ഥാനത്ത് 2010-2011 മുതൽ 2015-2016 വരെയുള്ള കാലയളവിൽ, 3610 ജുഡീഷ്യൽ ഓഫീസർമാരെ പരിശീലിപ്പിക്കുവാനായി ₹ 6.24 കോടി ചെലവ് ചെയ്ത് 93 പരിശീലന പരിപാടികൾ സംഘടിപ്പിച്ചതായി ഓഡിറ്റ് കണ്ടെത്തി. ഇതിൽ 17 പുതിയതായി നിയമിച്ച ജില്ലാ ജഡ്ജിമാരുടെ പരിശീലനത്തിന് പുറമെ 2010-2011 മുതൽ 2015-2016 വരെയുള്ള കാലയളവിൽ നിയമിതരായ 186 മുൻസിഫ് മജിസ്ട്രേറ്റുകൾക്ക് നൽകിയ ഇൻഡക്ഷൻ പരിശീലനവും ഉൾപ്പെട്ടിരുന്നു.

**ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം-വകയിരുത്തിയത്, ലഭ്യത, വിനിയോഗം**

(₹ കോടിയിൽ)

| വർഷം | ടി.എച്ച്.എഫ്.സി. വകയിരുത്തിയത് | ഭാരത സർക്കാരിൽ നിന്നു ലഭിച്ചത് | വിനിയോഗം |
|---|---|---|---|
| 2010-11 | 1.348 | 1.35 | 0.00 |
| 2011-12 | 1.348 | 0.67 | 1.16 |
| 2012-13 | 1.348 | 0.00 | 0.77 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2013-14 | 1.348 | 0.67* | 0.99 |
| 2014-15 | 1.348 | 0.00 | 1.81 |
| 2015-16 | 0.00 | 0.00 | 1.51 |
| ആകെ | 6.740 | 2.69 | 6.24 |

*2011-12-ലെ രണ്ടാമത്തെ വിഹിതം 2013-14-ൽ ലഭിച്ചത്

(അവലംബം: ടി.എച്ച്. എൽ. എം. സി.ശിപാർശ, ഭാരത സർക്കാർ ഉത്തരവ്, യൂസികൾ)

വ്യവസ്ഥ ചെയ്യപ്പെട്ട 2010-2011-ലെ ആദ്യഗഡുവിന്റെ 100 ശതമാനത്തിലും, 2011-2012-ലെ രണ്ടാമത്തെഗഡുവിന്റെ 60 ശതമാനത്തിലും അധികം ചെലവ് രേഖപ്പെടുത്തിയിട്ടും, ഭാരത സർക്കാരിൽ നിന്നു 2012-2013 മുതൽ 2014-2015 വരെയുള്ള കാലയളവിൽ ലഭിക്കേണ്ടിയിരുന്ന ₹1.35 കോടി വീതമുള്ള മൂന്നാമത്തെയും തുടർന്നുള്ളതുമായ ഗഡുക്കൾ വാങ്ങുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടതായി ഓഡിറ്റ് വീക്ഷിച്ചു. കേരള സർക്കാർ 2011-2012 മുതൽ 2015-2016 വരെയുള്ള കാലയളവിൽ ഈ ഘടകത്തിനുവേണ്ടി തനതു ഫണ്ടിൽ നിന്ന് അധികമായി ചെലവാക്കിയ ₹3.55 കോടി, ടി. എച്ച്. എൽ. എം. സി. അവാർഡ് കാലാവധി അവസാനിച്ചതിനാൽ ഭാരത സർക്കാരിൽ നിന്ന് തിരികെ ലഭിക്കുകയില്ല എന്നതും ശ്രദ്ധയിൽപ്പെട്ടു.

**സംസ്ഥാന ജുഡീഷ്യൽ അക്കാദമി സ്ഥാപിച്ചത് (4.6.2.5)**

ജഡ്ജിമാർക്ക് പരിശീലനം നൽകുന്ന സംസ്ഥാനത്തിന്റെ മുഖ്യപരിശീലന സ്ഥാപനമാണ് സംസ്ഥാന ജുഡീഷ്യൽ അക്കാദമി. ടി.എച്ച്. എൽ. എം. സി. വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ സംസ്ഥാന ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കുവാനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ₹ 15 കോടി നീക്കിവച്ചു.

കേരള സർക്കാർ സംസ്ഥാന ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കുവാനുള്ള ഭൂമി 2011 സെപ്റ്റംബറിൽ സംസ്ഥാന ജുഡീഷ്യൽ അക്കാദമിയുടെ ഡയറക്ടർക്ക് കൈമാറി. കേരള സർക്കാർ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും (2012 മാർച്ച്) പണി ₹15 കോടിയുടെ ആകെത്തുകയ്ക്ക് 2014 ജൂലൈയോടു കൂടി പൂർത്തീകരിക്കാനായി മെസ്സേഴ്സ് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിന് നൽകുകയും ചെയ്തു.

ടി.എച്ച്.എഫ്.സി. 2010-2011 മുതൽ 2011-2012 വരെ ₹ 4.50 കോടി മാത്രമാണ് നൽകിയതെന്നും 2012-2013 മുതൽ 2014-2015 വരെ മറ്റു ഫണ്ടുകളൊന്നും നൽകിയിരുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഈ ഘടകത്തിനുവേണ്ടി ചെലവ് ചെയ്തത് 2012-2013 മുതൽക്കാണെന്നും കാണുകയുണ്ടായി. കേരള സർക്കാരിന് 2011-2012-ലെ രണ്ടാമത്തെ ഗഡുവിന്റെ രണ്ടാം വിഹിതത്തിന് അർഹമാകുവാനായി ഭാരത സർക്കാരിൽ നിന്ന് ആകെ ലഭിച്ച ₹ 4.50 കോടിയിൽ ₹ 3.90 കോടിയെങ്കിലും ചെലവ് ചെയ്യേണ്ടതുണ്ടായിരുന്നു. കേരള സർക്കാർ ₹ 6.93 കോടി ചെലവാക്കി (2014 മാർച്ച്) ഗ്രാന്റ് ലഭിക്കുവാനുള്ള അർഹത നേടിയെങ്കിലും, ഭാരത സർക്കാരിൽ നിന്ന് ഗ്രാന്റിന്റെ ഗഡുക്കൾ തുടർന്നു വാങ്ങുന്നതിൽ പരാജയപ്പെട്ടതായി ഓഡിറ്റ് കണ്ടു. 2013 ഏപ്രിൽ മുതൽ 2014 സെപ്റ്റംബർ വരെയുള്ള കാലയളവിന്റെ യു.സിയും (2014 നവംബർ), 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിന്റെ യു.സിയും (2015 മാർച്ച്) അയയ്ക്കുവേ ഭാരത സർക്കാരിന്റെ സഹായം ചോദിച്ചിരുന്നതൊഴിച്ചാൽ, 2015 ജൂണിൽ മാത്രമാണ് കേരള സർക്കാർ ഭാരത സർക്കാരിൽ നിന്ന് തുടർന്നുള്ള ഗ്രാന്റ് വിട്ടുകിട്ടാൻ അഭ്യർത്ഥിച്ചത് എന്നും കാണുകയുണ്ടായി. 2014-2015 വർഷത്തിനുള്ള യുസി വൈകി സമർപ്പിച്ചത് 2015 മാർച്ച് 31 നാണെന്നും അപ്പോഴേക്കും ടി.എച്ച്.എഫ്.സി. അവാർഡ് കാലാവധി അവസാനിച്ചിരുന്നുവെന്നും കാണിച്ചുകൊണ്ട് ഭാരത സർക്കാർ കേരള സർക്കാരിന്റെ അഭ്യർത്ഥന നിരസിച്ചു. 2016 മാർച്ചിൽ, ചെലവ് ₹ 14.55 കോടിയായിരുന്നു. കേരള സർക്കാർ രേഖകൾ താമസിച്ച് സമർപ്പിച്ചതിനാൽ വകയിരുത്തിയ ₹ 15 കോടിക്കെതിരെ ചെലവാക്കിയ തുകയായ ₹ 10.05 കോടി ഭാരത സർക്കാരിൽ നിന്ന് തിരികെ ലഭിച്ചില്ല.

പുതുതായി പൂർത്തീകരിച്ച കെട്ടിടം 2016 ജനുവരിയിൽ ഉദ്ഘാടനം ചെയ്യുകയും ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കേരള ജുഡീഷ്യൽ അക്കാദമി 2016 ജൂണിൽ ഏറ്റെടുക്കുകയും ചെയ്തുവെങ്കിലും ആവശ്യത്തിനുള്ള ജീവനക്കാരെയും പര്യാപ്തമായ അടിസ്ഥാനസൗകര്യങ്ങളും ലഭിക്കുന്നതിലുണ്ടായ പരാജയം കാരണം കെട്ടിടം ഉപയോഗശൂന്യമായി തുടരുന്നതായി (2016 സെപ്റ്റംബർ) ഓഡിറ്റ് കണ്ടെത്തി.

ആവശ്യത്തിനനുസരിച്ച് ജീവനക്കാരെയും ഫർണീച്ചർ, ഡാറ്റാസർവറുകൾ, സ്മാർട്ട് ക്ലാസ് മുറികൾ, ഡിജിറ്റൽ ലൈബ്രറി എന്നിങ്ങനെയുള്ള ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമായാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവോടെ കാമ്പസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുമെന്ന് കേരള ജുഡീഷ്യൽ അക്കാദമി പ്രസ്താവിച്ചു (2016 ആഗസ്റ്റ്). ജീവനക്കാരെ ലഭ്യമാക്കാനുള്ള അപേക്ഷ സർക്കാരിന്റെ തീരുമാനം കാത്തിരിക്കുകയാണെന്നും അറിയിക്കുകയുണ്ടായി.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

(26) ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് ലഭ്യമായ തുകയുടെ 92.5% തുകയും ചെലവഴിച്ചതായി നിയമ വകുപ്പ് സെക്രട്ടറി മറുപടി പറഞ്ഞു.

(27) ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഗ്രാന്റിന് വിധേയമായി ചെലവഴിച്ച 10.05 കോടി രൂപ റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായുള്ള വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായതിന്റെ കാരണം സമിതി ആരാഞ്ഞു. സംസ്ഥാന ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ നിന്നും 11 കോടി രൂപ അധിക ഇനമായി ചെലവഴിച്ചുവെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്നും പ്രസ്തുത തുക ലഭിച്ചിട്ടില്ലായെന്നും, സ്ഥലം കണ്ടുപിടിച്ച് പ്ലാൻ അംഗീകരിക്കുന്നതിന് കൂടുതൽ സമയമെടുത്തതാണ് ഇതിന് കാരണമായതെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ച നീതീകരിക്കത്തക്കതല്ലെന്നും ഭാവിയിൽ പദ്ധതികളുടെ നിർവ്വഹണത്തിലും മേൽനോട്ടത്തിലും കൃത്യത പാലിക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

(28) ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഗ്രാന്റിന് വിധേയമായി ചെലവഴിച്ച 10.05 കോടി രൂപ റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായി വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള വീഴ്ച നീതീകരിക്കത്തക്കതല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. കേന്ദ്ര സർക്കാർ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ ഭാവിയിൽ പദ്ധതികളുടെ

നിർവ്വഹണത്തിലും മേൽനോട്ടത്തിലും കൃത്യത പാലിക്കേണ്ടതാണെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നതോടൊപ്പം ജുഡിഷ്യൽ അക്കാദമി പുതിയ കെട്ടിടത്തിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോയെന്ന വിവരവും സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.2.6 (ജനറൽ & സോഷ്യൽ സെക്ടർ)

**ബദൽ തർക്കപരിഹാര കേന്ദ്രങ്ങളുടെ സ്ഥാപിക്കലും മീഡിയേറ്റർമാർ/ കൺസിലിയേറ്റർമാരുടെ പരിശീലനവും (4.6.2.6)**

കോടതി സംവിധാനത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കാൻ ടി. എച്ച്. എഫ്. സി. സംസ്ഥാനത്ത് ബദൽ തർക്കപരിഹാര (എ.ഡി.ആർ.) കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും മീഡിയേറ്റർമാർ/കൺസിലിയേറ്റർമാരുടെ പരിശീലനത്തിനുമായി ₹ 19.02 കോടി വകയിരുത്തി. എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെയും മീഡിയേറ്റർമാരുടെ പരിശീലനത്തിന്റെയും ഉത്തരവാദിത്തം ഭാരത സർക്കാർ കെൽസയെ ഏൽപ്പിച്ചു. (2011 മാർച്ച്). കേരള സർക്കാർ 2010-2011 മുതൽ 2014-2015 വരെയുള്ള കാലയളവിൽ ₹19.02 കോടി തുകയ്ക്ക് എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഭരണാനുമതി നൽകി (2011 മാർച്ച്). ടി.എച്ച്.എഫ്.സി.യിൽ നിന്നു ലഭിച്ച (2010-2011 മുതൽ 2014-15 വരെ) ₹ 5.71 കോടിക്കെതിരെ 2010-2011 മുതൽ 2015-2016 വരെയുള്ള കാലയളവിൽ എ.ഡി.ആർ. കേന്ദ്രങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനും മീഡിയേറ്റർമാരുടെ പരിശീലനത്തിനും ചെലവായത് ₹7.21 കോടിയായിരുന്നു.[11]

കെൽസ സംസ്ഥാനത്ത് 17[12] എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് തീരുമാനിച്ചതെങ്കിലും ഏഴ്[13] എ.ഡി.ആർ. കേന്ദ്രങ്ങളുടെ നിർമ്മാണം മാത്രമാണ് ഏറ്റെടുത്തത്. ഇവയിൽ ആറെണ്ണം പൂർത്തീകരിച്ചപ്പോൾ കോട്ടയത്തുള്ള ഒരു കേന്ദ്രത്തിന്റെ പണി പുരോഗമിക്കുകയാണ് (2016 മേയ്).

ബാക്കിയുള്ള 10 എ.ഡി.ആർ. കേന്ദ്രങ്ങളുടെ ജോലി ഏറ്റെടുക്കാതിരുന്നതിന് കാരണങ്ങളായി നിയമ സെക്രട്ടറി, കേരള സർക്കാർ പറഞ്ഞത് (2016 ഡിസംബർ)

11 എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ₹6.48 കോടിയും മീഡിയേറ്റർമാരുടെ പരിശീലനത്തിന് ₹0.73 കോടിയും

12 ഓരോ ജില്ലയിലും ഒരു എ.ഡി.ആർ. കേന്ദ്രം (14) മാവേലിക്കരയിലും വടക്കൻ പറവൂരിലും എറണാകുളത്തെ കെൽസ ആസ്ഥാനത്തും ഓരോ അധിക എ.ഡി.ആർ. കേന്ദ്രം വീതവും

13 തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, കണ്ണൂർ, മാവേലിക്കര, തൃശ്ശൂർ, കോട്ടയം

ഭൂമിയുടെ ദൗർലഭ്യം, കണ്ടെത്തിയ ഭൂമി സർക്കാരിൽ നിന്നു കൈമാറ്റി ലഭിക്കാതിരുന്നത്, അസാധാരണമായി ഉയർന്ന പ്രതീക്ഷിത ചെലവ്, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിൽ നിന്ന് അനുമതി വൈകി ലഭിച്ചത്, എന്നിവയായിരുന്നു. പരിശോധന നടത്തിയ ജില്ലകളിൽ തിരുവനന്തപുരത്തും എറണാകുളത്തും തൃശ്ശൂരും ഓരോ എ.ഡി.ആർ. കേന്ദ്രം വീതം സ്ഥാപിച്ചപ്പോൾ മലപ്പുറം ജില്ലയിൽ ഒരു എ.ഡി.ആർ.കേന്ദ്രവും ഇല്ലായിരുന്നു.

അങ്ങനെ എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലുണ്ടായ വീഴ്ച, ₹ 13.31 കോടിയുടെ ടി.എച്ച്.എഫ്.സി. ധനസഹായം നഷ്ടമാക്കിയതും (2015 മാർച്ച്) കൂടാതെ, കോടതി സംവിധാനത്തിനുമേലുള്ള സമ്മർദ്ദം കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

<u>ശിപാർശ 3: കേരളസർക്കാർ/ഹൈക്കോടതി കോടതി സംവിധാനത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുവാൻ പര്യാപ്തമായ എണ്ണത്തിലുള്ള എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിക്കണം.</u>

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(29) ബദൽ തർക്കപരിഹാര കേന്ദ്രങ്ങളുടെ സ്ഥാപിക്കലും മീഡിയേറ്റർമാർ/ കൺസിലിയേറ്റർമാരുടെ പരിശീലനവും എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ബദൽ തർക്കപരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ.സി.) ഇപ്പോഴും പ്രവർത്തനക്ഷമമാണോ എന്ന് ആരാഞ്ഞതിന് മറുപടിയായി 14 ജില്ലകളിലും ജില്ലാ കോടതികളുമായി ബന്ധപ്പെടുത്തി ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നതായി നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചു.

(30) സംസ്ഥാനത്ത് കോടതി സംവിധാനത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുവാൻ പര്യാപ്തമായ വിധത്തിൽ ബദൽ തർക്കപരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ.) സ്ഥാപിച്ചിട്ടുണ്ടോ; നാളിതുവരെ എത്ര എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ; നിലവിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിച്ച വരുന്നു; മതിയായ എണ്ണം ക്രമീകരിച്ചിട്ടുണ്ടോ; എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിച്ചു .

## നിഗമനങ്ങൾ/ശിപാർശകൾ

(31) സംസ്ഥാനത്ത് കോടതി സംവിധാനത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുവാൻ പര്യാപ്തമായ വിധത്തിൽ ബദൽ തർക്കപരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ.) സ്ഥാപിച്ചിട്ടുണ്ടോയെന്നും നാളിതുവരെ എത്ര എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്നും മതിയായ എണ്ണം ക്രമീകരിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.2.7 മുതൽ 4.6.2.8 വരെ (ജനറൽ & സോഷ്യൽ സെക്ടർ)

**ലോക് അദാലത്തുകളുടെ പ്രവർത്തനം (4.6.2.7)**

ലോക് അദാലത്തുകൾ[14] വഴി പൂർവ്വവ്യവഹാര ഘട്ടത്തിൽ നിയമ തർക്കങ്ങൾ പരിഹരിക്കുന്നതിലൂടെ രാജ്യത്തെ പൗരന്മാർക്ക് സൗജന്യമായ നീതി പ്രദാനം ചെയ്യപ്പെടുന്നു. അവ കോടതികളെ അപ്രധാന കേസ്സുകളുടെ ഒഴിവാക്കപ്പെടാവുന്ന അധികാരത്തിൽ നിന്ന് രക്ഷിച്ച്, കോടതി സമയം കൂടുതൽ മത്സരഭാവമുള്ളതും പഴയതുമായ കേസ്സുകൾക്കായി ചെലവാക്കാൻ സഹായിക്കുന്നു. ടി.എച്ച്.എഫ്.സി. ശിപാർശകൾ നടപ്പിലാക്കാനുള്ള കെൽസയുടെ പരിപ്രേക്ഷ്യ കർമ്മപദ്ധതി പ്രകാരം കേരളത്തിലെ 62 കോടതി കേന്ദ്രങ്ങൾ വർഷം തോറും 310 ലോക് അദാലത്തുകൾ (ഓരോ കോടതി കേന്ദ്രത്തിലും ഒരു വർഷത്തിൽ അഞ്ച് അദാലത്തുകൾ) നടത്തണമായിരുന്നു. ഈ ലോക് അദാലത്തുകൾ, ഒരു വർഷത്തിൽ ഓരോ അദാലത്തിലും 200 കേസ്സുകൾ[15] എന്ന നിരക്കിൽ വർഷംതോറും ശരാശരി 62000

14 കോടതിയിലോ പൂർവ്വവ്യവഹാര ഘട്ടത്തിലോ തീർപ്പാകാതെ കിടക്കുന്ന പരാതികൾ/കേസ്സുകൾ പരസ്പര ധാരണയോടെ പരിഹരിക്കുക/അനുരജ്ഞനത്തിലാക്കുകയും ചെയ്യുന്ന വേദിയാണ് ലോക് അദാലത്ത്. ബദൽ തർക്കപരിഹാര സംവിധാനങ്ങളിലൊന്നായ ഇതിന് നിയമസേവന സമിതി നിയമം 1987-ന്റെ കീഴിൽ നിയമ സാധ്യത നൽകിയിട്ടുണ്ട്.

15 ടി.എച്ച്.എഫ്.സി., 2010-15-ൽ ഇന്ത്യയിൽ 15 ലക്ഷം കേസ്സുകളുടെ വാർഷിക തീർപ്പാക്കൽ ഉന്നമിട്ടുകൊണ്ട് ലോക് അദാലത്തുകൾ നടപ്പിലാക്കാൻ ₹100 കോടി വകയിരുത്തി. ഇന്ത്യയിലാകമാനം 1500 കോടതി സ്ഥാനങ്ങൾക്കുവേണ്ടി, ഒരു വർഷത്തിൽ ഓരോ സ്ഥാനത്തിനും അഞ്ച് അദാലത്തുകൾ എന്ന കണക്കിലായിരുന്നു ഈ തുക. അപ്രകാരം ഓഡിറ്റ് ഓരോ ആദാലത്തും വർഷംതോറും തീർപ്പാക്കേണ്ട കേസ്സുകളുടെ എണ്ണം 200 ആയി കണക്കാക്കി. (അതായത് 15 ലക്ഷം കേസ്സുകൾ/1500 കോടതി സ്ഥാനങ്ങൾ/ഒരു കോടതി സ്ഥാനത്തിന് ഒരു വർഷം 5 അദാലത്തുകൾ=ഒരു വർഷം ഒരു അദാലത്തിന് 200 കേസ്സുകൾ).

കേസ്സുകളെങ്കിലും തീർപ്പാക്കണമായിരുന്നു. അപ്രകാരം, 2010-11 മുതൽ 2014-15 വരെ സംസ്ഥാനത്ത് 3.10 ലക്ഷം കേസ്സുകൾ തീർപ്പാക്കുവാനായി 1550 ലോക് അദാലത്തുകൾ സംഘടിപ്പിക്കണമായിരുന്നു. കൂടാതെ, ഹൈക്കോടതി തലത്തിൽ വർഷംതോറും 10 മെഗാ അദാലത്തുകൾ[16] നടത്തുവാനും പരിപ്രേക്ഷ്യ കർമ്മപദ്ധതി വ്യവസ്ഥ ചെയ്തിരുന്നു. ഭാരത സർക്കാർ ലോക് അദാലത്തിനായി നൽകിയ ₹0.81 കോടിയ്ക്കെതിരെ, കേരള സർക്കാർ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ₹1.98 കോടി നടപ്പിലാക്കുന്ന ഏജൻസി പൂർണ്ണമായി വിനിയോഗിച്ചു.

സംസ്ഥാനത്ത് ടി.എച്ച്.എഫ്.സി. ഗ്രാന്റുപയോഗിച്ച് 2010-11 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ നടന്ന മെഗാ അദാലത്തുകൾ/ലോക് അദാലത്തുകളുടെ വാർഷിക വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

മെഗാ/ലോക് അദാലത്തുകളിലൂടെ തീർപ്പാക്കിയ കേസ്സുകളുടെ വിശദാംശങ്ങൾ

| വർഷം | മെഗാ /ലോക് അദാലത്തുകൾ നടത്തുന്നതിൽ കെൽസ നിശ്ചയിച്ച പരിധി | നടത്തപ്പെട്ട മെഗാ/ ലോക് അദാലത്തുകളുടെ എണ്ണം | കേസ്സുകൾ തീർപ്പാക്കുവാൻ നിശ്ചയിച്ച പരിധി (ടി.എച്ച്. എഫ്. സി. ശിപാർശയിൽ നിന്ന് ലഭിച്ചത്) | കേസുകൾ തീർപ്പാക്കുവാൻ കെൽസ നിശ്ചയിച്ച പരിധി | നിർദ്ദേശിച്ച കേസ്സുകളുടെ എണ്ണം | തീർപ്പാക്കിയ കേസ്സുകളുടെ എണ്ണം | നിർദ്ദേശിച്ച കേസ്സുകളുമായി ബന്ധപ്പെട്ട് തീർപ്പാക്കലിന്റെ ശതമാനം | ച ചെലവായതുക (₹ലക്ഷത്തിൽ ) |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 2010 -11 | 320* | ഇല്ല | 62000 | 36000* | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

16 മെഗാ അദാലത്തിൽ, സാധാരണ ലോക് അദാലത്തിനെ അപേക്ഷിച്ച് കൂടുതൽ അദാലത്ത് ബഞ്ചുകൾ ഉൾപ്പെടുത്തികൊണ്ട് വിവിധ വിഭാഗങ്ങളിൽപ്പെട്ട ധാരാളം കേസ്സുകൾ പരസ്പരധാരണയോടെ തീർപ്പാക്കുകയും/അനുരഞ്ജനത്തിലെത്തിക്കുകയും ചെയ്യുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 2011-12 | 640 | 2324 | 62000 | 72000 | 74292 | 16856 | 22.69 | 4.87 |
| 2012-13 | 320 | 2769 | 62000 | 36000 | 91253 | 19450 | 21.31 | 37.00 |
| 2013-14 | 320 | 3554 | 62000 | 36000 | 148507 | 63150 | 42.52 | 8.89 |
| 2014-15 | 630 | 3188 | 62000 | 49500 | 358620 | 150097 | 41.85 | 6.39 |
| 2015-16 | 630 | 350 | 0 | 49500 | 41653 | 14561 | 34.96 | 0.53 |
| ആകെ | 2540 | 12185 | 310000 | 243000 | 714325 | 264114 | 36.97 | 97.68 |

*2011-12-ലെ കണക്കുകളിൽ 2010-11-ലെ പൂർത്തീകരിക്കാത്ത ലക്ഷ്യം ഉൾപ്പെട്ടിരിക്കുന്നതിനാൽ ഇതിനെ ആകെ സംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

(അവലംബം: കെൽസയിൽ നിന്നു ലഭിച്ച വിവരങ്ങൾ)

ടി.എച്ച്.എഫ്.സി.യുടെ, 1550 ലോക് അദാലത്തുകളിലൂടെ 3.10 ലക്ഷം കേസ്സുകളുടെ തീർപ്പാക്കൽ എന്ന ലക്ഷ്യത്തിനെതിരെ, കെൽസ 12185 ലോക് അദാലത്തുകൾ നടത്തിയതിൽ, നിർദ്ദേശിക്കപ്പെട്ട 7.14 ലക്ഷം കേസ്സുകൾക്കെതിരെ 2.64 ലക്ഷം കേസ്സുകൾ മാത്രമാണ് തീർപ്പാക്കാൻ സാധിച്ചത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ, നിർദ്ദേശിച്ച കേസ്സുകളുടെ തീർപ്പാക്കലിന്റെ ശതമാനം 36.97 മാത്രമായിരുന്നു എന്ന വസ്തുത പരിഗണിക്കുമ്പോൾ ലോക് അദാലത്തുകളുടെ പ്രകടനം തൃപ്തികരമല്ലായിരുന്നു. അങ്ങനെ, ടി.എച്ച്.എഫ്.സി. ശിപാർശ ചെയ്ത 200 കേസ്സുകൾ എന്ന ലക്ഷ്യത്തിനെതിരെ ഓരോ ലോക് അദാലത്തിനും ശരാശരി 22 കേസ്സുകൾ[17] മാത്രമാണ് തീർപ്പാക്കാൻ സാധിച്ചത്.

17 തീർപ്പാക്കിയ കേസ്സുകൾ/നടത്തിയ അദാലത്തുകൾ അതായത്, 264114/12185=21.67=ഓരോ അദാലത്തിനും 22 കേസ്സുകൾ

കെൽസ നിർദ്ദേശിച്ച 243000 കേസ്സുകൾ എന്ന ലക്ഷ്യത്തിനെതിരെ 264114 കേസ്സുകൾ വിജയകരമായി തീർപ്പാക്കി എന്ന് കേരള സർക്കാർ സ്ഥിരീകരിച്ചു (2016 ഡിസംബർ). ടി.എച്ച്.എഫ്.സി. നിർദ്ദേശിച്ച ലക്ഷ്യമായ ഒരു അദാലത്തിൽ 200 കേസുകൾ തീർപ്പാക്കണം എന്നതിനെതിരെ കെൽസ നിശ്ചയിച്ച ലക്ഷ്യത്തിനനുസൃതമായി ഒരു അദാലത്തിൽ ശരാശരി 96 കേസ്സുകളെ വന്നിരുന്നുള്ളൂ എന്ന വസ്തുത കാരണം മറുപടി യുക്തിസഹമല്ല. കെൽസ നിശ്ചയിച്ച കുറഞ്ഞ ലക്ഷ്യമായ 96 കേസ്സുകൾക്കെതിരെ ഓരോ ലോക് അദാലത്തും തീർപ്പാക്കിയ കേസ്സുകളുടെ എണ്ണം ശരാശരി 22 എണ്ണം മാത്രമായിരുന്നു. ജില്ലാ നിയമസേവന സമിതികളിലും താലൂക്ക് നിയമസേവന സമിതികളിലും ലഭ്യമായ മനുഷ്യവിഭവശേഷി പരിഗണിച്ചാണ് കുറഞ്ഞ ലക്ഷ്യം നിശ്ചയിച്ചതെന്നും കേരള സർക്കാർ പ്രസ്താവിച്ചു. അങ്ങനെ, കെൽസ തയ്യാറാക്കിയ കർമ്മപദ്ധതി ടി.എച്ച്.എഫ്.സി. ലക്ഷ്യമിട്ട 3.10 ലക്ഷം കേസ്സുകളുടെ തീർപ്പാക്കൽ സാക്ഷാത്കരിക്കാൻ പര്യാപ്തമായിരുന്നില്ല.

**അവശവിഭാഗങ്ങൾക്കുള്ള നിയമസഹായം (4.6.2.8)**

പാർലമെന്റ് നിയമസേവന സമിതി നിയമം, 1987 പാസ്സാക്കിയത് സമൂഹത്തിലെ അവശവിഭാഗങ്ങൾക്ക് സൗജന്യവും മികവുറ്റതുമായ നിയമസഹായം നൽകുവാൻ നിയമസേവന സമിതികൾ സ്ഥാപിച്ചുകൊണ്ട് ഒരു പൗരനും സാമ്പത്തികമോ മറ്റു പോരായ്മകളോ കാരണം നീതി ലഭിക്കുവാനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തുവാനാണ്. ദേശീയ നിയമസേവന സമിതിക്കും കേരള സംസ്ഥാന നിയമസേവന സമിതിക്കും അർഹരായ ആളുകൾക്ക് നിയമസഹായം നൽകേണ്ട ഉത്തരവാദിത്തമുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നീതിവ്യവസ്ഥയെ സമീപിക്കുവാൻ സഹായിക്കാനും തടവറകളിൽ വിചാരണ തടവുകാരുടെ എണ്ണം കുറയ്ക്കുവാനും വേണ്ടി ടി.എച്ച്.എഫ്.സി. വിഭാവനം ചെയ്ത ഒരു പ്രധാന സംരംഭമായിരുന്നു നിയമസഹായം പ്രദാനം ചെയ്യുക എന്നത്. ഈ ഉദ്ദേശ്യത്തിനായി ടി.എച്ച്.എഫ്.സി. 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിൽ കെൽസയ്ക്ക് ₹6.29 കോടി നൽകി. കെൽസ 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ നിശ്ചയിച്ച 25000 എന്ന ലക്ഷ്യത്തിനെതിരെ, സംസ്ഥാനത്ത് 12521 വിചാരണതടവുകാരുൾപ്പെടെ 59755 പേർക്ക് ടി.എച്ച്.എഫ്.സി. ഗ്രാന്റിൽ നിന്നും ₹ 1.65 കോടി ചെലവ് ചെയ്ത് നിയമസഹായം നൽകി.

എച്ച്.എൽ.എം.സി. അതിന്റെ യോഗത്തിൽ (2012 ജൂലൈ) നിയമസഹായം ലഭ്യമാകുവാൻ അനുയോജ്യമായ വിധത്തിൽ വരുമാനപരിധി വർദ്ധിപ്പിച്ചുകൊണ്ട്

ഗുണഭോക്താക്കളുടെ[18] അടിത്തറ വിപുലീകരിക്കുവാൻ കെൽസയോട് അഭ്യർത്ഥിക്കുകയും, നിയമസഹായം നേടുവാൻ വരുമാനപരിധി വർദ്ധിപ്പിക്കുവാനായി നിയമ വകുപ്പിന് നിർദ്ദേശമയയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു എന്നത് ശ്രദ്ധയിൽപ്പെട്ടു. എച്ച്.എൽ.എം.സി. യുടെ അഭ്യർത്ഥന കെൽസ ചെവിക്കൊണ്ടില്ല എന്ന് ഓഡിറ്റ് വീക്ഷിച്ചു.

വരുമാനപരിധി വർദ്ധിപ്പിക്കുവാൻ നിയമ വകുപ്പിന് നിർദ്ദേശങ്ങളൊന്നും അയച്ചിട്ടില്ലെന്ന് കെൽസ സമ്മതിച്ചു (2016 നവംബർ). വരുമാനപരിധി 11 വർഷങ്ങളിൽ ₹ 25000 ആയിരുന്നത് രണ്ട് ചെറിയ ഇടവേളകളിൽ, അതായത് 2009-ൽ ₹ 50,000 ആയും 2011-ൽ ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചുവെന്നും, നിലവിലുള്ള വരുമാനപരിധി വച്ചുതന്നെ ലക്ഷ്യമിട്ടതിനെക്കാൾ കൂടുതൽ പേർക്ക് നിയമസഹായം നൽകാൻ കഴിഞ്ഞുവെന്നും പ്രസ്താവിക്കപ്പെട്ടു. വരുമാനപരിധി അനുയോജ്യമായി ഉയർത്തിക്കൊണ്ട് ഗുണഭോക്താക്കളുടെ അടിത്തറ വിപുലീകരിക്കുവാനാണ് എച്ച്.എൽ.എം.സി. ആഗ്രഹിച്ചിരുന്നത് എന്നതിനാലും, കെൽസ എച്ച്.എൽ.എം.സി.-യുടെ അഭിപ്രായത്തെ മറികടക്കാൻ പാടില്ലാത്തതിനാലും കെൽസയുടെ മറുപടി (2016 ഡിസംബർ) സ്വീകാര്യമല്ല. നിയമസഹായം ലഭിക്കുവാനുള്ള വരുമാനപരിധി അനുയോജ്യമായി വർദ്ധിപ്പിച്ചുകൊണ്ട് ഗുണഭോക്താക്കളുടെ അടിത്തറ വിപുലീകരിക്കുവാനുള്ള നിർദ്ദേശം കെൽസയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കുമെന്ന് കേരള സർക്കാർ വ്യക്തമാക്കി (2016 ഡിസംബർ).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(32) ലോക് അദാലത്തുകളുടെ പ്രവർത്തനം, അവശ വിഭാഗങ്ങൾക്കുള്ള നിയമസഹായം എന്നീ ഓഡിറ്റ് ഖണ്ഡികകൾ പരിഗണിച്ച സമിതിയോഗം പ്രസ്തുത ഖണ്ഡികകളിന്മേൽ വകുപ്പ് ന്യൂനതാ പരിഹാരപത്രിക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലോക് അദാലത്തുകളുടെ പ്രവർത്തനം, അവശ വിഭാഗങ്ങൾക്കുള്ള നിയമസഹായം എന്നിവയുടെ നിലവിലെ അവസ്ഥ ഉൾപ്പെടുത്തി വിശദമായ ന്യൂനതാ പരിഹാരപത്രിക സമിതിക്ക് അടിയന്തരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് നിർദ്ദേശിച്ചു.

18 കെൽസ നിശ്ചയിച്ച ഒരു ലക്ഷം രൂപയുടെ വരുമാനപരിധിയാണ് സൗജന്യനിയമസഹായം തേടാനുള്ള അർഹത തീരുമാനിക്കുന്നത്.

## നിഗമനങ്ങൾ/ശിപാർശകൾ

(33) ലോക് അദാലത്തുകളുടെ പ്രവർത്തനം, അവശ വിഭാഗങ്ങൾക്കുള്ള നിയമസഹായം എന്നീ ഓഡിറ്റ് ഖണ്ഡികകളിന്മേൽ വകുപ്പ് നാളിതുവരെ ന്യൂനതാ പരിഹാരം പത്രിക ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സി & എ.ജി. യുടെ ഓഡിറ്റ് ഖണ്ഡികകളിൻമേലുള്ള ന്യൂനതാ പരിഹാരപത്രിക നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിൽ വകുപ്പ് അടിയന്തര ശ്രദ്ധ നൽകണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം മേൽ സൂചിപ്പിച്ച ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.3 മുതൽ 4.6.3.2 വരെ (ജനറൽ & സോഷ്യൽ സെക്ടർ)

### ടി.എച്ച്.എഫ്.സി. ഗ്രാന്റുകൾക്ക് പുറമേയുള്ള ഭാരത സർക്കാർ ഗ്രാന്റുകൾ (4.6.3)

### ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നത് (4.6.3.1)

പൗരന്മാർക്ക് നീതി അവരുടെ വാതിൽപ്പടിക്കൽ ലഭ്യമാക്കുവാനും, ഒരു പൗരനും നീതി ലഭിക്കുവാനുള്ള അവസരം നിഷേധിക്കപ്പെടാതിരിക്കാനുമാണ് പാർലമെന്റ് ഗ്രാമന്യായാലയ നിയമം, 2008 പാസ്സാക്കിയത്. ഫസ്റ്റ് ക്ലാസ് ജ്യൂഡീഷ്യൽ മജിസ്ട്രേറ്റിന്റെ റാങ്കിൽ കുറയാത്ത ഒരു ജ്യൂഡീഷ്യൽ ഓഫീസറെ ജഡ്ജിയായി നിയമിക്കണമെന്നും, അദ്ദേഹം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്തുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് ദ്രുതവും കുറഞ്ഞ ചെലവുള്ളതും യഥാർത്ഥവുമായ നീതി പ്രദാനം ചെയ്യണമെന്നും വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു.

സംസ്ഥാനത്തെ 30 ബ്ലോക്കുകളിൽ പര്യാപ്തമായ അംഗസംഖ്യയോടുകൂടി ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുവാനുള്ള ഭരണാനുമതി ലഭിച്ചു (2011 മാർച്ച്). കേരള സർക്കാർ, നിയമത്തിന് കീഴിൽ അനുവദിക്കപ്പെട്ട അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട് ഗ്രാമന്യായാലയ (കേരള) ചട്ടങ്ങൾ, 2012 വിജ്ഞാപനം ചെയ്തു (2012 ഏപ്രിൽ).

അനുമതി ലഭിച്ച് അഞ്ച് വർഷങ്ങൾക്കുശേഷം 2016 മാർച്ച് 31-ന് 30 ഗ്രാമന്യായാലയങ്ങളിൽ മൂന്നെണ്ണം[19] മാത്രമാണ് സ്ഥാപിതമായത് എന്ന് ഓഡിറ്റ് കണ്ടെത്തി.

---

19 പാറശ്ശാല ( തിരുവനന്തപുരം), ചടയമംഗലം (കൊല്ലം), നെടുങ്കണ്ടം (ഇടുക്കി)

ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിലുണ്ടായ താമസം, അവയുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യം കണ്ടെത്താൻ കഴിയാതിരുന്നതിനാലാണെന്ന് ഹൈക്കോടതി വ്യക്തമാക്കി (2016 സെപ്റ്റംബർ). എന്നാൽ സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങളിൽ 29-ഉം പിന്നീട് പ്രവർത്തിച്ചു തുടങ്ങിയതായി ഹൈക്കോടതി പ്രസ്താവിച്ചു. (2016 ഡിസംബർ).

**ഇ-കോർട്ട് പോർട്ടിലേക്കും നാഷണൽ ജ്യൂഡീഷ്യൽ ഡാറ്റാ ഗ്രിഡി (എൻ.ജെ.ഡി.ജി.) ലേക്കും വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് (4.6.3.2)**

ദേശീയ ഇ-ഗവേർണൻസ് പദ്ധതിയുടെ (എൻ.ഇ.ജി.പി.) ഭാഗമായി വിവരസാങ്കേതികവിദ്യയുടെ (ഐ.സി.ടി.) അർത്ഥപൂർണ്ണവും ഫലപ്രദവുമായ ഉപയോഗത്തിലൂടെ ത്വരിതവും ഗുണപ്രദവും ചെലവുകുറഞ്ഞതുമായ നീതി പ്രദാനം ചെയ്യുവാനാണ് ഇ-കോർട്ട്സ് പദ്ധതി നടപ്പിൽ വരുത്തിയത് (2007 ജൂലൈ). ഇ-കോർട്ട്സ് പ്രോജക്ടിന്റെ പദ്ധതിരേഖ, ഇന്ത്യൻ കോടതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിവരങ്ങളും സംഭരിക്കുവാൻ നാഷണൽ ജ്യൂഡീഷ്യൽ ഡാറ്റാ ഗ്രിഡ് (എൻ.ജെ.ഡി.ജി.) സൃഷ്ടിക്കുവാൻ വ്യവസ്ഥ ചെയ്തിരുന്നു. പൂർണ്ണസുരക്ഷിതത്വമുള്ള അംഗീകൃത യൂസർ സൗകര്യങ്ങളോടുകൂടിയ ഡിജിറ്റൽ അന്തരീക്ഷത്തിൽ ഇന്റർനെറ്റിലൂടെ പ്രവർത്തിക്കുന്ന വെബ് സാങ്കേതികവിദ്യ, കോടതികളും, ജഡ്ജിമാരും, കോടതി ജീവനക്കാരും തമ്മിലുള്ള യൂസർ കണക്ടിവിറ്റിയെ ത്വരിതപ്പെടുത്തുമെന്ന് വിഭാവനം ചെയ്തു. സംവിധാനത്തിലെ കാലതാമസം ഒഴിവാക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നയങ്ങൾ രൂപീകരിക്കാൻ കേസ്സുകളുടെ കുടിശ്ശികകൾ, ഫയലിംഗ്, ഘട്ടങ്ങൾ, തീർപ്പാക്കലുകൾ, സ്വഭാവം, പഴക്കം എന്നിവ ശേഖരിക്കുവാൻ ഡാറ്റാ സെന്റർ ഉപയോഗിക്കും.

സംസ്ഥാനത്തെ 484 കോടതികളിൽ (2016 നവംബർ) 45 എണ്ണം (9.3 ശതമാനം) ആവശ്യമായ ഹാർഡ്‌വെയറിന്റെയും സോഫ്റ്റ്‌വെയറിന്റെയും അഭാവത്തിൽ ഇ-കോർട്ട്സ് പോർട്ടലിലേക്കും എൻ.ജെ.ഡി.ജി.-യിലേക്കും ഡാറ്റാ ഒന്നും തന്നെ അപ്‌ലോഡ് ചെയ്യുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ചില മജിസ്ട്രേറ്റ് കോടതികൾ

ഇ-കോർട്ട്സ് ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും മറ്റ് ആവശ്യമായ സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും അപ്രധാന കേസ്സുകളുടെ കുടിശ്ശിക സംബന്ധിച്ച് ഡാറ്റാ ഇ-കോർട്ട്സ് പോർട്ടലിലേക്കോ, എൻ.ജെ.ഡി.ജി.യിലേക്കോ അപ്‌ലോഡ് ചെയ്യുന്നില്ലായിരുന്നു. ഇത് ഇ-കോർട്ട്സ് പോർട്ടൽ ഡാറ്റയും യഥാർത്ഥത്തിൽ കോടതികളിൽ ലഭ്യമായ ഡാറ്റയും തമ്മിൽ വ്യത്യാസമുണ്ടാകാൻ ഇടയാക്കി. പരിശോധന നടത്തിയ നാല് ജില്ലകളിലെ കോടതികളിലെ തീർപ്പാക്കാത്ത കേസ്സുകളുടെ വിവരങ്ങൾക്കെതിരെ എൻ.ജെ.ഡി.ജി.യിൽ ലഭ്യമായിരുന്ന ഡാറ്റാ താഴെക്കൊടുത്തിരിക്കുന്നു:

**എൻ.ജെ.ഡി.ജി.യിൽ ലഭ്യമായിരുന്ന ഡാറ്റായ്ക്കെതിരെ പരിശോധന നടത്തിയ ജില്ലകളിലെ തീർപ്പാകാത്ത കേസ്സുകളുടെ വിശദാംശങ്ങൾ**

| ജില്ലയുടെ പേര് | കോടതികളുടെ ആകെ എണ്ണം | എൻ.ജെ.ഡി.ജി. പ്രകാരമുള്ള തീർപ്പാക്കാത്ത കേസ്സുകളുടെ എണ്ണം 31-3-2016-ൽ* | കോടതികളിൽ യഥാർത്ഥത്തിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം 31-3-2016-ൽ * |
|---|---|---|---|
| 1 | 2 | 3 | 4 |
| തിരുവനന്തപുരം | 56 | 138573 | 220463 |
| എറണാകുളം | 72 | 65608 | 256809 |
| തൃശ്ശൂർ | 36 | 85979 | 124364 |
| മലപ്പുറം | 26 | 53811 | 53651 |
| ആകെ | 190 | 343971 | 655287 |

# കുടുംബ കോടതികളിൽ തീർപ്പാക്കാത്ത കേസ്സുകൾ ഉൾപ്പെടുത്താതെ

(അവലംബം: എൻ.ജെ.ഡി.ജി. ജില്ലാ കോടതികൾ, സി.ജെ.എം.കോടതികൾ, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ നിന്നുള്ള ഡാറ്റാ)

മുകളിൽ കാണിച്ചിരിക്കുന്ന പട്ടിക തിരഞ്ഞെടുത്ത ജില്ലകളിൽ എൻ.ജെ.ഡി.ജി. ഡാറ്റായും യഥാർത്ഥ കുടിശ്ശികയുടെ കണക്കുകളും തമ്മിലുള്ള സംഖ്യാവ്യത്യാസം സൂചിപ്പിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ 81890 കേസ്സുകളുടെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടപ്പോൾ എറണാകുളത്തും തൃശ്ശൂരും അത് യഥാക്രമം 191201-ഉം 38385-ഉം ആയിരുന്നു. എന്നാൽ മലപ്പുറം ജില്ലയിൽ ശരിക്കുള്ള 53651-നെതിരെ എൻ.ജെ.ഡി.ജി. പോർട്ടലിൽ അപ്‌ലോഡ് ചെയ്ത ഡാറ്റാ 53811 ആയിരുന്നു. എൻ.ജെ.ഡി.ജി. പോർട്ടലിൽ കൃത്യതയുള്ള ഡാറ്റാ ഉൾക്കൊള്ളിക്കുന്നതിലും അവ പൊരുത്തപ്പെടുത്തുന്നതിലുമുള്ള വീഴ്ച ആസൂത്രണപ്രക്രിയയെയും വിവിധ കക്ഷികളുടെ താത്പര്യങ്ങളെയും പ്രതികൂലമായി ബാധിക്കും. ഓഡിറ്റ് നിരീക്ഷണങ്ങളോട് യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് കേരള സർക്കാർ പ്രസ്താവിച്ചത് (2017 ജനുവരി) അപ്രധാന കേസ്സുകളുടെ ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് കാലതാമസം/വിവരം ചേർക്കാൻ വിട്ടുപോകൽ എന്നിവ ഉണ്ടായിട്ടുണ്ടെന്നും മജിസ്ട്രേറ്റ് കോടതികളിലെ ജീവനക്കാരുടെ കുറവ് തീർപ്പാക്കാത്ത കേസ്സുകളുടെ ഡാറ്റാ എൻട്രിയെ ബാധിച്ചുവെന്നും എൻ.ജെ.ഡി.ജി.യിൽ ഡാറ്റായുടെ ഇരട്ടിക്കലിന് ഇടയാക്കിയെന്നുമാണ്.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(34) ഇ-കോർട്ട് പോർട്ടലിലേക്കും നാഷണൽ ജുഡീഷ്യൽ ഡാറ്റാ ഗ്രിഡി (എൻ.ജെ.ഡി.ജി.)ലേക്കും വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി നാഷണൽ ജുഡീഷ്യൽ ഡാറ്റാഗ്രിഡി (എൻ.ജെ.ഡി.ജി.)ൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നുണ്ടോയെന്ന് ആരാഞ്ഞു. സബോർഡിനേറ്റ് ജുഡീഷ്യറിയിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യാറുണ്ടെന്നും സംസ്ഥാന സർക്കാരും ഹൈക്കോടതിയുടെ ഇ-കോർട്ട് കമ്മിറ്റിയും യോജിച്ച് ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുകയും സോഫ്റ്റ്‌വെയർ ജോലികൾ എൻ.ഐ.സി. പൂർത്തിയാക്കുകയും

ചെയ്തുവെന്നും ആയതിന്റെ ഹാർഡ്‌വെയർ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നതായും ഇ-കോർട്ട് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ ഹൈക്കോടതിക്ക് നൽകിയ 28 കോടി രൂപ ചെലവഴിച്ചു കൊണ്ടിരിക്കുകയാണെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(35) 55 കോടതികളിൽ വൈ-ഫൈ സംവിധാനം ലഭ്യമാക്കണമെന്ന് ബി.എസ്.എൻ.എൽ.നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, വിദൂരപ്രദേശങ്ങളിൽ തുടങ്ങിയിട്ടുള്ള 38 ഗ്രാമന്യായാലയങ്ങളിലും 17 മറ്റ് കോടതികളിലും നെറ്റ്‌വർക്കിന്റെയും ബാൻഡ് വിഡ്ത്തിന്റെയും പ്രശ്നം ഉണ്ടെന്നും അഞ്ഞൂറോളം കോടതികൾ പ്രവർത്തിക്കുന്നതിൽ 450-ഓളം കോടതികളിൽ കണക്റ്റിവിറ്റി ലഭിച്ചുവെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(36) നാഷണൽ ജൂഡീഷ്യൽ ഡാറ്റാഗ്രിഡിലേക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന പദ്ധതി കേരളത്തിലെ എത്ര കോടതികളിലാണ് പ്രാവർത്തികമാക്കിയിട്ടുള്ളത് ; എത്ര കോടതികളിൽ ഇപ്രകാരം വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നില്ലാ, ആയതിന്റെ കാരണം; അപ്‌ലോഡ് ചെയ്യുന്ന കോടതികളിൽ എത്ര ശതമാനം ഡാറ്റാ അപ്‌ലോഡ് ചെയ്തു; എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

(37) നാഷണൽ ജൂഡീഷ്യൽ ഡാറ്റാ ഗ്രിഡിലേക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന പദ്ധതി കേരളത്തിലെ എത്ര കോടതികളിലാണ് പ്രാവർത്തികമാക്കിയിട്ടുള്ളതെന്നും എത്ര കോടതികളിൽ ഇപ്രകാരം വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നില്ലായെന്നും/ ചെയ്തിട്ടില്ലായെന്നും ആയതിന്റെ കാരണമെന്തെന്നും അപ്‌ലോഡ് ചെയ്യുന്ന കോടതികളിൽ എത്ര ശതമാനം ഡാറ്റാ അപ്‌ലോഡ് ചെയ്തുവെന്നും ഡാറ്റാ കുടിശ്ശികയില്ലാതെ അപ്പപ്പോൾ തന്നെ അപ്‌ലോഡ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നുമുള്ള വിവരങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമിതിയ്ക്ക് ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 4.6.3.3, 4.7 വരെ (ജനറൽ & സോഷ്യൽ സെക്ടർ).

**ജുഡീഷ്യറിക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനുള്ള ഭാരത സർക്കാർ സഹായം നഷ്ടമായത് (4.6.3.3)**

ദ്രുതഗതിയിലുള്ള നീതിനിർവ്വഹണത്തിന് തടസ്സമായി കണ്ടെത്തിയ കീഴ്ക്കോടതികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാനായി നീതിന്യായ വകുപ്പ് 'ജുഡീഷ്യറിക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം' എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 50:50 അനുപാതത്തിൽ കേന്ദ്ര/സംസ്ഥാന ധനസഹായത്തോടെ 1993-94 മുതൽ നടപ്പിലാക്കി വരുന്നു. ഭാരത സർക്കാർ 2011-12 മുതൽക്ക് അതിന്റെ സഹായവിഹിതം 75:25 ആക്കി വർദ്ധിപ്പിച്ചുകൊണ്ട് ഒരു നവീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി (2011 ജൂലൈ). 2015-16 കാലയളവിൽ ഭാരത സർക്കാർ അതിന്റെ സഹായവിഹിതം 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിലേക്കു താഴ്ത്തി.

അപ്രകാരം, കേരള സർക്കാർ ഈ പദ്ധതിയുടെ കീഴിൽ 2011-2012 മുതൽ 2015-2016 വരെയുള്ള കാലയളവിൽ 35 കോടതി കെട്ടിടങ്ങളുടെയും ജുഡീഷ്യൽ ഓഫീസർമാർക്കുള്ള എട്ട് വാസസ്ഥാനങ്ങളുടെയും നിർമ്മാണം ₹ 215.45 കോടി (ഭാരത സർക്കാർ ₹161.59 കോടി, കേരള സർക്കാർ ₹53.86 കോടി) പ്രതീക്ഷിത ചെലവിൽ നിർദ്ദേശിച്ചു.

2016 മാർച്ചിൽ, കേരള സർക്കാർ ₹ 88.24 കോടി ചെലവുവരുന്ന ജോലികൾ നിർവ്വഹിച്ച് ഭാരത സർക്കാരിൽ നിന്ന് ₹ 61.53 കോടി തിരികെ ലഭിക്കുവാനുള്ള അർഹത നേടി. എന്നാൽ കേരള സർക്കാരിന് ഭാരത സർക്കാരിൽ നിന്ന് ₹26.68 കോടി മാത്രമാണ് തിരികെ ലഭിച്ചതെന്നും അർഹതപ്പെട്ട ബാക്കി തുകയായ ₹34.85 കോടി നഷ്ടമായതായും ഓഡിറ്റ് വീക്ഷിച്ചു.

ഭാരത സർക്കാരിൽ നിന്ന് അർഹമായ ബാക്കി തുക ലഭിക്കാത്തതിന്റെ കാരണം ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. കേരള സർക്കാരിന് ഭാരത സർക്കാരിൽ നിന്ന് 2012-2013-ൽ ₹ 14.99 കോടി ലഭിച്ചിരുന്നുവെങ്കിലും ₹ 10.08 കോടി വിനിയോഗിച്ചു വെന്നും ബാക്കി തുക ഇല്ലായിരുന്നുവെന്നും തെറ്റായി കാണിച്ചു കൊണ്ടുള്ള ഒരു യു.സി. ഭാരത സർക്കാരിന് സമർപ്പിച്ചതായി (2014 ജൂൺ) കണ്ടെത്തി. ചെലവാക്കാത്ത ബാക്കിതുകയായ ₹4.91 കോടിയുടെ യു.സി. ഹാജരാക്കുവാൻ ഭാരത സർക്കാർ കേരള സർക്കാരിനോട് നിർദ്ദേശിച്ചു (2014 ആഗസ്റ്റ്). കേരള സർക്കാർ പി.ഡബ്ല്യൂ.ഡി.-യോട് ബാക്കിത്തുകയായ ₹4.91 കോടിയ്ക്കുള്ള യു.സി. നൽകുവാൻ ആവശ്യപ്പെട്ടെങ്കിലും (2014 സെപ്റ്റംബറിലും 2015 മാർച്ചിലും) 2013-2014-ൽ തന്നെ ചെലവാക്കിയ

തുകയുള്ള യു.സി. രണ്ട് വർഷങ്ങൾക്കുശേഷം 2016 മാർച്ച് 21-ന് മാത്രമാണ് കേരള സർക്കാരിന് നൽകിയത്. ഇത് 2016 മാർച്ച് 31-ന് ഭാരത സർക്കാരിന് നൽകി. യുസി ആദ്യം തെറ്റായി സമർപ്പിച്ചതും ശരിയാക്കിയ യു.സി. സമർപ്പിക്കാൻ പി.ഡബ്ല്യു.ഡി.യ്ക്കുണ്ടായ കാലതാമസവും ഭാരത സർക്കാരിൽ നിന്നു ₹ 34.85 കോടി തിരിച്ച് ലഭിക്കാത്തതിന് ഇടയാക്കി എന്ന് ഓഡിറ്റ് കണ്ടെത്തി.

പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത ജോലികളുടെ ഭൗതികപുരോഗതി ഓഡിറ്റ് വിലയിരുത്തി. 35 കോടതി കെട്ടിടങ്ങളും എട്ട് വാസസ്ഥാനങ്ങളും ഏറ്റെടുത്തതിൽ 21 കോടതി കെട്ടിടങ്ങളും പൂർത്തീകരിച്ചിട്ടില്ലെന്നു കണ്ടു (2016 ആഗസ്റ്റ്). പരിശോധന നടത്തിയ ജില്ലകളിൽ 16 ജോലികൾ ഏറ്റെടുത്തതിൽ നാലെണ്ണം മാത്രമാണ് പൂർത്തീകരിച്ചത്.

അങ്ങനെ, സമയബന്ധിതമായി യു.സി. സമർപ്പിക്കുന്നതിൽ പി.ഡബ്ല്യു.ഡി./കേരള സർക്കാരിനുണ്ടായ അലംഭാവം ഭാരത സർക്കാരിൽ നിന്ന് ₹34.85 കോടി തിരികെ ലഭിക്കാത്തതിനിടയാക്കി. കൂടാതെ, ഇതുവരെ 14 കോടതികൾ മാത്രം പൂർത്തീകരിച്ചതിനാൽ 21 കോടതികളിൽ അടിസ്ഥാനസൗകര്യങ്ങൾ പ്രദാനം ചെയ്യുവാനുള്ള അവസരം നഷ്ടമാവുകയും ₹134.91 കോടിയുടെ[20] ഭാരത സർക്കാർ സഹായം കൈപ്പറ്റാൻ സാധിക്കാതെ പോകുകയും ചെയ്തു.

<u>ശിപാർശ 4 : ധനകാര്യ കമ്മീഷൻ അവാർഡുകളും മറ്റു കേന്ദ്രസഹായങ്ങളും നഷ്ടമായിപ്പോകുന്നത് ഒഴിവാക്കാൻ ലഭിച്ച ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗവും ഭാരത സർക്കാരിന് യുസികളുടെ സമർപ്പിക്കലും സർക്കാർ ഉറപ്പുവരുത്തണം</u>

**സംഗ്രഹം**

ഭാരത സർക്കാർ നൽകിയ ഗ്രാന്റുകളിൽ ₹ 96.96 കോടിയുടെ ടി.എച്ച്.എഫ്.സി. ധനസഹായം ഫണ്ടുകളുടെ വിനിയോഗം, ഭാരത സർക്കാരിന് യു.സി.-കൾ സമർപ്പിക്കുക, സായാഹ്ന/പ്രത്യേക ജെ.എഫ്.സി.എം. കോടതികൾ സ്ഥാപിക്കുക എന്നിവയിലുണ്ടായ കാലതാമസം, സിവിൽ ജോലികൾ പൂർത്തീകരിക്കാതിരുന്നത് എന്നീ കാരണങ്ങളാൽ കേരള സർക്കാരിന് കൈപ്പറ്റാൻ സാധിച്ചില്ല. ലോക് അദാലത്തുകളിൽ ഫയൽ ചെയ്ത കേസ്സുകളുടെ തീർപ്പാക്കലിന്റെ തോത്

20 ₹161.59 കോടി-₹26.68 കോടി = ₹134.91 കോടി

ടി.എച്ച്.എഫ്.സി. ശിപാർശ ചെയ്തതിനെക്കാൾ കുറവായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കളുടെ അടിത്തറ വിപുലീകരിച്ച് നിയമസഹായം നേടാൻ അനുയോജ്യമായ രീതിയിൽ വരുമാനപരിധി ഉയർത്തണമെന്ന ഉന്നതതല നിരീക്ഷണസമിതിയുടെ അഭ്യർത്ഥന കെൽസ നടപ്പാക്കിയില്ല. 'ജ്യൂഡീഷ്യറിക്കു വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ' എന്ന പദ്ധതിക്കായി ഭാരത സർക്കാരിൽ നിന്നു ലഭിച്ച ഗ്രാന്റുകൾക്ക് നിയമാനുസൃതമായ യു.സി.-കൾ സമയബന്ധിതമായി സമർപ്പിക്കുന്നതിൽ കേരളസർക്കാരിനുണ്ടായ അലംഭാവം, ഭാരത സർക്കാരിൽ നിന്നു ₹ 34.85 കോടി തിരികെ ലഭിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടതിന് പുറമെ ₹ 134.91 കോടിയുടെ ഭാരത സർക്കാർ സഹായം നഷ്ടപ്പെടുന്നതിനും ഇടയാക്കി.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(38) ജുഡീഷ്യറിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള ഭാരത സർക്കാർ സഹായം നഷ്ടമായത് എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ജുഡീഷ്യറിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച പ്രകാരം ചെലവഴിച്ച തുകയിൽ 34.85 കോടി രൂപ തിരിച്ചു ലഭിക്കാത്തതിനുള്ള കാരണം; യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ പി.ഡബ്ല്യു.ഡി.യ്ക്കുണ്ടായ കാലതാമസത്തിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് നിർദ്ദേശിച്ചു.

(39) ധനകാര്യ കമ്മീഷന്റെ ധനസഹായവും മറ്റുകേന്ദ്ര സഹായങ്ങളും നഷ്ടമായി പോകുന്നത് ഒഴിവാക്കാൻ ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗവും, യു.സി.കളുടെ സമർപ്പിക്കലും സർക്കാർ ഉറപ്പുവരുത്തണമെന്ന സി. & എ.ജി.യുടെ ശിപാർശ നടപ്പിലാക്കുന്നതിൽ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

(40) 'ജുഡീഷ്യറിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ' എന്ന പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച ഗ്രാന്റുകൾക്ക് നിയമാനുസൃതമായ

യു.സി.-കൾ സമയബന്ധിതമായി സമർപ്പിക്കുന്നതിൽ കേരള സർക്കാരിനുണ്ടായ അലംഭാവം, കേന്ദ്ര സർക്കാരിൽ നിന്ന് ₹34.85 കോടി തിരികെ ലഭിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടതിനുപുറമെ ₹134.91 കോടിയുടെ കേന്ദ്ര സർക്കാർ സഹായം നഷ്ടപ്പെടുന്നതിനും ഇടയാക്കിയെന്ന് സമിതി നിരീക്ഷിച്ചു.

(41) 2012-നുശേഷം എല്ലാ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും കൃത്യമായി കൊടുത്തിട്ടുണ്ടെന്നും ഇതിന്റെ വിശദാംശം ധനകാര്യ വകുപ്പിന്റെ കൈവശമുണ്ടെന്നും നിർദ്ദിഷ്ട മാതൃകയിൽ നൽകിയിട്ടില്ലെന്ന വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

(42) നീതി നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നീതിന്യായ സ്ഥാപനങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനുമായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് സംഭവിച്ച വിഷയങ്ങൾ വിശദമായി പരിശോധിച്ചു വീഴ്ച കണ്ടെത്തി അടിയന്തിരമായി ധനവകുപ്പ് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന ഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കേണ്ടതുണ്ടോയെന്നും ഏതെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോയെന്നും പരിശോധിച്ച് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(43) ധനകാര്യ കമ്മീഷന്റെ ധനസഹായവും മറ്റുകേന്ദ്ര സഹായങ്ങളും നഷ്ടമായി പോകുന്നത് ഒഴിവാക്കാൻ ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗവും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കലും സർക്കാർ ഉറപ്പുവരുത്തണമെന്ന സി. & എ.ജി.യുടെ ശിപാർശ നടപ്പിലാക്കുന്നതിൽ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(44) ജുഡീഷ്യറിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച പ്രകാരം ചെലവഴിച്ച തുകയിൽ 34.85 കോടി രൂപ തിരിച്ചു ലഭിക്കാത്തതിനുള്ള കാരണവും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്

ഹാജരാക്കുന്നതിൽ പി.ഡബ്ല്യൂ.ഡി.യ്ക്കുണ്ടായ കാലതാമസത്തിന്റെ കാരണവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

(45) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തെറ്റായി സമർപ്പിച്ചതും തുടർന്ന് ശരിയായ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസവും കാരണം 'ജുഡീഷ്യറിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ' എന്ന പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ₹ 34.85 കോടി രൂപ തിരികെ ലഭിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടതിനുപുറമെ ₹ 134.91 കോടിയുടെ കേന്ദ്ര സർക്കാർ സഹായം നഷ്ടപ്പെടുന്നതിനും ഇടയാക്കിയെന്ന് സമിതി നിരീക്ഷിക്കുന്നു. തികഞ്ഞ അലംഭാവത്തോടുകൂടി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതും തെറ്റുകൾ തിരുത്തി സമർപ്പിക്കുന്നതിൽ വരുത്തിയ കാലതാമസവും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതര കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 5.1 മുതൽ 5.1.3.2 വരെ (ജനറൽ & സോഷ്യൽ സെക്ടർ)

**കെട്ടിടങ്ങളുമായി ബന്ധപ്പെട്ട അഗ്നിസുരക്ഷാവ്യവസ്ഥകൾ കേരള അഗ്നി സുരക്ഷാ സേന വകുപ്പ് നടപ്പിലാക്കുന്നത് (5.1)**

**ആമുഖം (5.1.1)**

അഗ്നിശമന പ്രവർത്തനങ്ങളും അഗ്നി ബാധയിൽ അകപ്പെട്ടവരുടെ ജീവനും സ്വത്തും രക്ഷപ്പെടുത്തുന്നതും വീണ്ടെടുക്കുന്നതും ആയ എല്ലാ പ്രവൃത്തികളും ഏല്പിച്ചിരിക്കുന്നത് അഞ്ച് ഡിവിഷണൽ കാര്യാലയങ്ങളും[21] 14 ജില്ലാ കാര്യാലയങ്ങളും 121 അഗ്നിശമന കേന്ദ്രങ്ങളും ഉൾപ്പെട്ട കേരള അഗ്നിശമന രക്ഷാസേവന വകുപ്പിനെയാണ് (അഗ്നിശമനരക്ഷാ വകുപ്പ്) അഗ്നിശമന രക്ഷാസേവന വകുപ്പിന്റെ കീഴിലുള്ള വാഹനഗതാഗത വിഭാഗം വകുപ്പിലെ വാഹനങ്ങളുടെ പരിപാലനവും അഗ്നിശമന രക്ഷാസേവന അക്കാദമി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും നൽകുന്നു. 1962-ലെ കേരള അഗ്നിശമനസേനാ നിയമത്തിന്റെ (അഗ്നിശമന സേനാ നിയമം) അധികാര പരിധിയിലാണ് അഗ്നിശമനരക്ഷാ വകുപ്പ്പെടുന്നത്.

21 എറണാകുളം, കോട്ടയം, കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം

അഗ്നിശമനരക്ഷാ വകുപ്പിന്റെ സർക്കാർ തലത്തിലുള്ള നിയന്ത്രണം ആഭ്യന്തരവും വിജിലൻസും വകുപ്പിനാണെങ്കിലും ഭരണപരമായ അധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നത് അഗ്നിശമനരക്ഷാ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ് എന്നിവയുടെ ഡയറക്ടർ ജനറലിനാണ് (ഡി.ജി.).

## ഓഡിറ്റിന്റെ സാധ്യതയും വ്യാപ്തിയും (5.1.2)

'അഗ്നി ബാധയുടെ പ്രതിരോധവും നിയന്ത്രണവും' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയും 2003 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി.) ചർച്ച ചെയ്യുകയും കേരള സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുകയും ചെയ്തു (2008 മാർച്ച്). ഈ ശിപാർശകളെ അടിസ്ഥാനമാക്കി സർക്കാർ സമർപ്പിച്ച നടപടി എടുത്ത റിപ്പോർട്ട് പി.എ.സി. വിശകലനം ചെയ്യുകയും (2011 ഡിസംബർ) ചില ശിപാർശകളിന്മേലുള്ള അധിക വിവരങ്ങൾ ആരായുകയും ചെയ്തു. വേണ്ടത്ര അഗ്നിശമനകേന്ദ്രങ്ങളുടെ നിർമ്മാണം, 1962 മുതൽ അനിശ്ചിതമായി തുടരുന്ന ചട്ടങ്ങളുടെ രൂപീകരണം, ഉയരംകൂടിയ കെട്ടിടങ്ങളുടെ[22]കാലാകാലങ്ങളിലുള്ള പരിശോധന, ഉയരം കൂടിയ കെട്ടിടങ്ങളിൽ അഗ്നിശമനപ്രവർത്തനങ്ങൾക്കുള്ള വാഹനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തൽ തുടങ്ങിയവ ശിപാർശകളിൽ ഉൾപ്പെടുന്നു. അഗ്നിശമനസേനാ നിയമത്തിലും ചട്ടങ്ങളിലും റെഗുലേഷനുകളിലുമുള്ള വ്യവസ്ഥകൾ അഗ്നിശമന സുരക്ഷാ വകുപ്പ് അനുവർത്തിക്കുന്നുണ്ടോ എന്നും ഈ ചട്ടങ്ങൾ/ വ്യവസ്ഥകൾ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിൽ എത്രത്തോളം സഹായകമായി എന്നും ഈ ഓഡിറ്റിൽ ഓഡിറ്റ് പരിശോധിച്ചു.

ഓഡിറ്റിന്റെ പ്രവർത്തനരീതിയിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റ് (ആഭ്യന്തരവും വിജിലൻസും), വകുപ്പ് ഡി.ജി.-യുടെ കാര്യാലയം, ആകെയുള്ള അഞ്ചിൽ മൂന്ന് ഡിവിഷണൽ കാര്യാലയങ്ങൾ[23] ആകെയുള്ള പതിനാലിൽ അഞ്ച് ജില്ലാ കാര്യാലയങ്ങൾ (തിരുവനന്തപുരം, എറണാകുളം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്) തെരഞ്ഞെടുത്ത ജില്ലകളിലെ പതിനഞ്ച് അഗ്നിശമന കേന്ദ്രങ്ങൾ[24] എന്നിവിടങ്ങളിലെ 2011-12 മുതൽ 2015-16 വരെയുള്ള രേഖകളുടെ പരിശോധന എന്നിവ ഉൾപ്പെട്ടിരുന്നു.

22 നാലോ അതിലധികമോ നിലകളുള്ള കെട്ടിടങ്ങൾ അല്ലെങ്കിൽ തറനിരപ്പിൽ നിന്ന് 15 മീറ്ററോ അതിലധികമോ ഉയരമുള്ളവ.

23 തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

24 തിരുവനന്തപുരം, ചാക്ക,ചാമക്കട കടപ്പാക്കട, ഗാന്ധിനഗർ, ക്ലബ്ബ് റോഡ്, തൃക്കാക്കര, ഏലൂർ,തൃശ്ശൂർ, പുതുക്കാട് ഗുരുവായൂർ, കോഴിക്കോട് ബീച്ച്, മീൻചന്ത, വെള്ളിമാടുകുന്ന്, മുക്കം

തിരഞ്ഞെടുത്ത അഗ്നിശമന കേന്ദ്രങ്ങളുടെ അധികാരപരിധിയിൽ വരുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ[25] ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. അഗ്നിശമന അടിസ്ഥാന സൗകര്യങ്ങളുടെ അവസ്ഥ മനസ്സിലാക്കുന്നതിനായി തിരഞ്ഞെടുത്ത ജില്ലകളിലെ 105 കെട്ടിടങ്ങളിൽ അഗ്നിശമന സുരക്ഷാ ഉദ്യോഗസ്ഥരുമായി ചേർന്ന് ഒരു സംയുക്ത പരിശോധനയും ഓഡിറ്റും നടത്തി. അഗ്നിശമനസുരക്ഷാ വകുപ്പിന്റെ ചുമതലയുള്ള ഡയറക്ടർ ജനറലിന്റെ സാന്നിദ്ധ്യത്തിൽ 2016 ജൂൺ 16-ാം തീയതി നടന്ന പ്രാരംഭകൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഓഡിറ്റ് മാനദണ്ഡങ്ങളും വകുപ്പിനോട് വിശദീകരിച്ചു. 2016 നവംബർ ഒന്നാം തീയതി ആഭ്യന്തരവും വിജിലൻസും വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി, അഗ്നിശമന സുരക്ഷാ വകുപ്പിന്റെ ഡയറക്ടർ ജനറൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന അന്തിമ കൂടിക്കാഴ്ചയിൽ ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്തു.

*ഓഡിറ്റ് നിരീക്ഷണങ്ങൾ*

**നിയമങ്ങളുടെയും ചട്ടങ്ങളുടെയും രൂപീകരണം (5.1.3)**

**കേരള അഗ്നിശമനസേനാ നിയമനിർമ്മാണം നടത്തുന്നതിൽ ഉണ്ടായ പരാജയം (5.1.3.1)**

ദുരന്തനിവാരണ നിയമം 2005-ന്റെ വ്യവസ്ഥകളനുസരിച്ച് സ്ഥാപിതമായ ദേശീയ ദുരന്തനിവാരണ അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗരേഖ ഉയർന്ന കെട്ടിടങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ,കോളനികൾ,വാണിജ്യ കേന്ദ്രങ്ങൾ,വാണിജ്യ സമുച്ചയങ്ങൾ തുടങ്ങിയവയ്ക്കു വേണ്ട അഗ്നിരക്ഷാ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ അഗ്നിശമനസേനാ നിയമത്തിന്റെ നിർമ്മാണം നടത്താൻ ശിപാർശ ചെയ്തു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് അഗ്നിസുരക്ഷാ ഉപകരണങ്ങൾ, രക്ഷപ്പെടുന്നതിന്/ ഒഴിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മുതലായ സുരക്ഷാ നിബന്ധനകൾ പാലിക്കാതെ അഗ്നിശമന സുരക്ഷയിൽ വീഴ്ച വരുത്തുന്നവർക്കെതിരെ സ്വീകരിക്കേണ്ട നിയമ/ശിക്ഷാനടപടികളും അഗ്നിശമനസേനാ നിയമത്തിൽ പ്രതിപാദിക്കേണ്ടതാണ്. എല്ലാ സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ ആസൂത്രിതവും കേന്ദ്രീകൃതവുമായ രീതിയിൽ അനുവർത്തിക്കേണ്ടതാണ്.

25 തിരുവനന്തപുരം കോർപ്പറേഷൻ, കൊല്ലം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, തൃക്കാക്കര മുനിസിപ്പാലിറ്റി, തൃശ്ശൂർ കോർപ്പറേഷൻ, പുതുക്കാട് ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റി, കോഴിക്കോട് കോർപ്പറേഷൻ, മുക്കം മുനിസിപ്പാലിറ്റി,ഒളവണ്ണ ഗ്രാമപഞ്ചായത്ത്.

അഗ്നിസുരക്ഷയ്ക്കായി ഒരു കേന്ദ്രീകൃത നിയമം രാജ്യത്ത് നിർമ്മിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ഒരു കരട് അഗ്നി സുരക്ഷാ ബിൽ കേരള സർക്കാരിന് അവരുടെ അഭിപ്രായങ്ങൾ ആരായുന്നതിനായി അയച്ചു (2014 ജൂലൈ). 2014 സെപ്റ്റംബറിനകം ഭാരത സർക്കാരിന്റെ കരട് അഗ്നിസുരക്ഷാ ബില്ലിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു കരട് അഗ്നിസുരക്ഷാ ബിൽ സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിനോട് (ഡി.ജി.) കേരള സർക്കാർ നിർദ്ദേശിച്ചു (2014 ആഗസ്റ്റ്). സമർപ്പിച്ച (2016 ഏപ്രിൽ) കരട് കേരള അഗ്നിനിവാരണ സുരക്ഷാനടപടി നിയമത്തിലെ പോരായ്മകൾ ചൂണ്ടികാണിച്ചുകൊണ്ട് ഡയറക്ടർ ജനറൽ പിന്നീട് പിൻവലിച്ചു (2016 ഡിസംബർ). കരട് അഗ്നി സുരക്ഷാ നിയമം നിർമ്മിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുകയും (2016 ഏപ്രിൽ) ആ സമിതി ആക്ടും നിയമങ്ങളും ഡി.ജി.-യ്ക്ക് സമർപ്പിക്കുകയും (2016 മേയ്) ചെയ്തെങ്കിലും ഡി.ജി. ഇതുവരെയും അവ കേരള സർക്കാരിന് സമർപ്പിച്ചിട്ടില്ല (2016 ഡിസംബർ).

ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പുതിയ അഗ്നിശമനസേനാ നിയമം രൂപീകരിക്കാത്തതിനാൽ അപകട സാദ്ധ്യത കൂടിയ കെട്ടിടങ്ങളിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിൽ കേരള അഗ്നിശമന സുരക്ഷാ വകുപ്പിന്റെ പ്രവർത്തനക്ഷമതയിൽ വീഴ്ചയുണ്ടായതായി ഓഡിറ്റ് കണ്ടെത്തിയത് തുടർന്നുവരുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

**ചട്ടങ്ങൾ നിർമ്മിക്കുന്നതിലെ പരാജയം (5.1.3.2)**

1962-ലെ അഗ്നിശമനസേനാ നിയമത്തിന്റെ 35-ാം അനുച്ഛേദമനുസരിച്ച് നിയമത്തിലെ നിബന്ധനകൾ നടപ്പിലാക്കുന്നതിനായി സർക്കാർ ചട്ടങ്ങൾ രൂപീകരിക്കേണ്ടതായുണ്ട്. നിയമത്തിന്റെ നടത്തിപ്പിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല എന്ന് മാർച്ച് 2003-ൽ അവസാനിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. നിയമത്തിന് കീഴിലുള്ള ചട്ടങ്ങൾ കാലതാമസം കൂടാതെ രൂപീകരിക്കണമെന്ന് പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്യുന്ന വേളയിൽ പി.എ.സി. നിർദ്ദേശിച്ചിരുന്നു (2008 മാർച്ച്). സംസ്ഥാന നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി 2011-ലെ കേരള അഗ്നി സുരക്ഷാ സേവന ചട്ടങ്ങൾക്ക് ആദ്യം അംഗീകാരം നൽകിയെങ്കിലും (2012 ജനുവരി 3),1962-ലെ നിയമത്തിന് പകരം ഒരു പുതിയ അഗ്നിശമന സേനാ നിയമം രൂപീകരിക്കാൻ തീരുമാനിച്ചതിനാൽ ചട്ടങ്ങളുടെ രൂപീകരണവുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് തീരുമാനിക്കുകയും (2012 ജനുവരി 24) ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. അനുയോജ്യമായ ഭേദഗതി

ആവശ്യമായ 1962-ലെ അഗ്നിശമനസേനാ നിയമത്തിന് പരിപൂരകമാകും വിധം ചട്ടങ്ങൾ രൂപീകരിക്കുന്നതിനോ അംഗീകരിക്കുന്നതിനോ വകുപ്പിന് സാധിച്ചിട്ടില്ല (2017 ജനുവരി). ചട്ടങ്ങളുടെ അഭാവത്തിൽ,ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുന്ന നിയമസാധുതയില്ലാത്ത സ്റ്റാൻഡിംഗ് ഓർഡറുകൾ വഴിയാണ് വകുപ്പിന്റെ നടപടികൾ നിയന്ത്രിക്കുന്നത്. ഡയറക്ടർ ജനറൽ പുറപ്പെടുവിച്ച ഉത്തരവുകൾ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ,ചട്ടങ്ങളുടെ അഭാവം അഗ്നിശമന സുരക്ഷാ വകുപ്പിന്റെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു.

**സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് (5.1.3.3)**

അഗ്നിശമനസേനാ നിയമത്തിന്റെ അനുച്ഛേദം 13 പ്രകാരം ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക്/ താമസക്കാർക്ക് ഒരു വിജ്ഞാപനം മുഖേന നിർദ്ദേശം നൽകുന്നതിനുള്ള അധികാരം കേരള സർക്കാരിനുണ്ട്. അത്തരം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്ന സന്ദർഭങ്ങളിൽ ആവശ്യമായ അഗ്നി സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ വേണ്ടി അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കാൻ ഡയറക്ടർ ജനറലിന് അഗ്നിശമനസേനാ ആക്ട് (അനുച്ഛേദം 30) അധികാരം നൽകിയിരിക്കുന്നു.

കേരള സർക്കാർ പ്രത്യേകമായി വിജ്ഞാപനം മുഖേന പ്രഖ്യാപിക്കാത്ത പക്ഷം ഒരു കെട്ടിടത്തിന്റെയും പരിസരപ്രദേശങ്ങൾ പരിശോധിക്കുന്നതിനുള്ള അനുമതി അഗ്നിസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്കില്ല. കേരള സർക്കാർ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാതിരുന്നത് കാരണം അഗ്നിശമന സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമപരമായ പരിശോധനകൾ നടത്തുന്നതിനോ കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനോ സാധിച്ചില്ല. കൊല്ലത്തും മലപ്പുറത്തുമുള്ള രണ്ട് കെട്ടിടങ്ങളുടെ ഉടമസ്ഥർ,വകുപ്പ് അധികാരികൾ നടത്തിയ പരിശോധനകളെ ചോദ്യം ചെയ്ത സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സർക്കാർ ഉത്തരവിന്റെയും നിയമപരമായ പിൻബലത്തിന്റെയും അഭാവത്തിൽ അഗ്നിശമന സുരക്ഷാ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളും അഗ്നിസുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നത് മുന്നിൽ കണ്ട് നാഷണൽ ബിൽഡിംഗ് കോഡ് നല്കുന്ന നിർദ്ദേശങ്ങളും പാലിക്കാൻ സാധിക്കില്ലെന്ന് കെട്ടിടങ്ങളുടെ ഉടമസ്ഥർ ചൂണ്ടിക്കാട്ടി. ഉത്തരവുകൾക്ക് മതിയായ നിയമപിൻതുണ നൽകാൻ സാധിക്കാത്തതിനാൽ അഗ്നി സുരക്ഷാ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നതിനോ പാലിക്കപ്പെടാതിരിക്കുന്നതിനോ കാരണമായി.

നിയമലംഘകർക്കെതിരെ നടപടിയെടുക്കുന്നതിന് വകുപ്പിനെ പ്രാപ്തമാക്കാൻ വേണ്ട വിജ്ഞാപനം എത്രയും വേഗം പുറപ്പെടുവിക്കാമെന്ന് സർക്കാർ പ്രസ്താവിച്ചു (2016 നവംബർ).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(46) കേരള അഗ്നിശമനസേനാ നിയമനിർമ്മാണം നടത്തുന്നതിൽ ഉണ്ടായ പരാജയം, ചട്ടങ്ങൾ നിർമ്മിക്കുന്നതിലെ പരാജയം എന്നീ ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി 2006-2008-ൽ ഇതേ വിഷയം അടിസ്ഥാനമാക്കിയാണ് പി.എ.സി.യുടെ 47-ാം മത് റിപ്പോർട്ട് തയ്യാറാക്കിയതെന്നും അന്ന് വകുപ്പിൽ നിന്ന് ലഭ്യമാക്കിയ അതേ മറുപടി തന്നെയാണ് ഇപ്പോഴും നൽകിയതെന്നും നിരീക്ഷിച്ചു.

(47) കേരള ഫയർഫോഴ്സ് ആക്ട് 1962-ന് പകരമായിട്ടാണ് പുതിയ ആക്ട് കൊണ്ടുവരുന്നതെന്നും, പ്രസ്തുത ആക്ടിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടെന്നും അഗ്നിശമനസേനാ ഡയറക്ടർ ജനറൽ, നിയമവകുപ്പ് സെക്രട്ടറി എന്നിവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് തയ്യാറാക്കിയതെന്നും അതിന്റെ മലയാള പരിഭാഷകൂടി തയ്യാറാക്കി കഴിഞ്ഞാൽ നടപടികൾ എത്രയും വേഗം പൂർത്തിയാക്കാൻ കഴിയുമെന്നും ആക്ടും റൂളും ഒരുമിച്ച് കൊണ്ടുവരാനാണ് ശ്രമിക്കുന്നതെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. അഗ്നിസുരക്ഷാ അനുമതിയ്ക്കായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്ന് സെക്രട്ടറി തുടർന്നറിയിച്ചു . പുതിയ ആക്ട് വരുന്നതോടുകൂടി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായി സമിതി അഭിപ്രായപ്പെട്ടു. ആക്ടും ചട്ടങ്ങളും നടപ്പിലാക്കുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി വകുപ്പിനോട് ആവശ്യപ്പെട്ടു.

(48) അഗ്നിശമനസേനാ നിയമത്തിന്റെ അനുച്ഛേദം 13 പ്രകാരമുള്ള വിജ്ഞാപനം കേരള സർക്കാർ പുറപ്പെടുവിക്കാത്തത് കാരണം അഗ്നിശമന സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കെട്ടിടങ്ങളിൽ നിയമപരമായ പരിശോധനകൾ

നടത്തുന്നതിനോ ഔദ്യോഗിക കർത്തവ്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനോ സാധിക്കുന്നില്ലായെന്ന എ.ജി.യുടെ കണ്ടെത്തലിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിനു മറുപടിയായി പുതിയ നിയമത്തിൽ അതെല്ലാം ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും, 1962-ലെ നിയമത്തിൽ വന്നിട്ടില്ലാത്ത പെനാൽറ്റി പ്രൊവിഷനും ഉൾപ്പെടുത്തേണ്ടതുണ്ടെന്നും ആഭ്യന്തരവും, വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

(49) 1962-ലെ കേരള അഗ്നിശമനസേനാ നിയമത്തിലെ 35-ാം അനുച്ഛേദപ്രകാരം ആവശ്യമായ ചട്ടങ്ങൾ ഇതുവരെ രൂപീകരിക്കാതിരുന്നതും ടി നിയമത്തിലെ അനുച്ഛേദം 13 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നതും അഗ്നിശമന സേനാ വകുപ്പിന്റെ പരിശോധനകൾക്കും പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയായതായി സമിതി മനസ്സിലാക്കുന്നു.

(50) 2006-2008 കാലയളവിലെ സമിതി ടി വിഷയം പരിഗണിക്കുകയും ടി സമിതിയുടെ 47-ാം മത് റിപ്പോർട്ടിൽ പ്രസ്തുത ചട്ടങ്ങളും വിജ്ഞാപനവും അടിയന്തരമായി പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സബ്ജക്ട് കമ്മിറ്റി 2011-ൽ അഗ്നിശമനസേനാ നിയമം സംബന്ധിച്ച കരട് ചട്ടങ്ങൾ പരിഗണിച്ച വേളയിൽ പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ആക്ട് ഉണ്ടാക്കണമെന്ന ധാരണയിൽ നടപടികൾ അവസാനിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ പുതിയ അഗ്നിശമനസേനാ നിയമമോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടില്ല എന്നത് നിരാശാജനകമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

(51) പുതിയ ബഹുനിലമന്ദിരങ്ങളും മാളുകളും ഫ്ലാറ്റുകളും സാർവ്വത്രികമായിക്കൊണ്ടിരിക്കെ ടി കെട്ടിടങ്ങളിൽ ഏർപ്പെടുത്തേണ്ട ആവശ്യം സുരക്ഷാമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കുവാനും അഗ്നിശമനസേനാ വിഭാഗത്തിന് സാധിക്കാതെ വന്നിരിക്കുന്നത് അഗ്നിശമനസേനാ നിയമത്തിന്റെ അഭാവം മൂലമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ കേരള അഗ്നിശമനസേനാ നിയമവും ചട്ടങ്ങളും അടിയന്തരമായി രൂപീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 5.1.4 (ജനറൽ & സോഷ്യൽ സെക്ടർ)

**ഡേറ്റാബേസിന്റെ പരിപാലനവും നിരാക്ഷേപ സാക്ഷ്യപത്രം നൽകലും (5.1.4)**

കെട്ടിടങ്ങളിൽ അഗ്നി പ്രതിരോധ സുരക്ഷാ മാനദണ്ഡങ്ങളുടെ അനുവർത്തനം ഉറപ്പുവരുത്തുന്നതിനായി, ബഹുനില കെട്ടിടങ്ങൾക്കും പ്രത്യേക കെട്ടിടങ്ങൾക്കും[26] അനുമതി നൽകുന്നതിന് മുമ്പായി കേരള അഗ്നിശമന സുരക്ഷാ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) ലഭ്യമാക്കിയിരിക്കണമെന്ന് 1999-ലെ കേരള മുനിസിപ്പൽ കെട്ടിടനിർമ്മാണ നിയമങ്ങളും (കെ.എം.ബി.ആർ.) 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ നിയമങ്ങളും (കെ.പി.ബി.ആർ.) നിഷ്കർഷിക്കുന്നു. രണ്ട് ഘട്ടങ്ങളിൽ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിന് വകുപ്പ് സ്റ്റാൻഡിംഗ് ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുണ്ട് (1997). അതായത്, ആദ്യം സ്ഥലപരിശോധനയ്ക്കും കെട്ടിടത്തിന്റെ രൂപരേഖയുടെ സൂക്ഷ്മനിരീക്ഷണത്തിനും ശേഷം 'കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലത്തിനും' പിന്നീട് നിർമ്മാണം പൂർത്തിയായതിനുശേഷമുള്ള കെട്ടിട പരിശോധനയ്ക്കുശേഷം 'കെട്ടിടത്തിൽ അധിവസിക്കുന്നതിനും', കെട്ടിടത്തിന്റെ ഉയരത്തിനനുസരിച്ച്[27] എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം, അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ (എ.ഡി.ഒ.) (ജില്ലാ തലം), ഡിവിഷണൽ ഓഫീസർ (ഡി.ഒ.) (ഡിവിഷൻ തലം), ഡി.ജി. (സംസ്ഥാന തലം) എന്നിവർക്ക് വിഭജിച്ച് നൽകിയിരിക്കുന്നു. (2009 ജൂലൈ)

അഗ്നി സുരക്ഷാ മാനദണ്ഡങ്ങളുടെ അനുവർത്തനത്തിന്റെ നിരീക്ഷണം സാധ്യമാക്കുന്നതിനായി അഗ്നിശമന സുരക്ഷാ വകുപ്പിന്റെ സ്റ്റേഷൻ, എ.ഡി.ഒ., ഡി.ഒ. ഹെഡ് ക്വാർട്ടേഴ്സ് തലങ്ങളിൽ നിർദ്ദിഷ്ട മാതൃകയിൽ നിരാക്ഷേപ സാക്ഷ്യപത്ര രജിസ്റ്റർ സൂക്ഷിക്കണമെന്ന് ഡി.ജി. ഉത്തരവിട്ടിട്ടുണ്ട് (2009 ജൂലൈ). വകുപ്പ് വിവിധ തലങ്ങളിൽ എൻ.ഒ.സി. നൽകിയ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ അഗ്നിശമന

26 മൂന്ന് നിലയിൽ കൂടുതലുള്ള വിദ്യാഭ്യാസ കെട്ടിടങ്ങൾ, മെഡിക്കൽ അല്ലെങ്കിൽ ആശുപത്രി കെട്ടിടങ്ങൾ, ഓഫീസ് അല്ലെങ്കിൽ വാണിജ്യ കെട്ടിടങ്ങൾ, നിലകളുടെ എണ്ണം പരിഗണിക്കാതെ എല്ലാ സമ്മേളന കെട്ടിടങ്ങളും, രണ്ട് നിലകളിൽ കൂടുതലുള്ള, പാർക്കിംഗ് കെട്ടിടങ്ങൾ ഒഴികെയുള്ള വ്യാപാര വാണിജ്യ കെട്ടിടങ്ങൾ, നിലകളുടെ എണ്ണം പരിഗണിക്കാതെ എല്ലാ വ്യവസായ കെട്ടിടങ്ങളും, നിലകളുടെ എണ്ണം പരിഗണിക്കാതെ സംഭരണശാലകളും, ഗോഡൗണുകളും, പിന്നെ അപകടകരമായ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്ന കെട്ടിടങ്ങൾ

27 2009 ജൂലൈ മുതൽ 2012 ആഗസ്റ്റ് വരെ 10 മീറ്റർ വരെ ഉയരമുള്ള ഒറ്റനില കെട്ടിടങ്ങൾ, 15 മീറ്റർ വരെ ഉയരമുള്ള ബഹുനില കെട്ടിടങ്ങൾ, 15 മീറ്ററിന് മുകളിൽ ഉയരമുള്ള ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് എൻ.ഒ.സി. നൽകേണ്ടിയിരുന്നത് യഥാക്രമം എ.ഡി.ഒ. (ജില്ലാതലം), ഡി.ഒ.(ഡിവിഷൻ തലം), ഡി.ജി. (സംസ്ഥാന തലം) എന്നിവരായിരുന്നു. 2012 സെപ്റ്റംബർ മുതൽ 24 മീറ്റർ വരെ ഉയരമുള്ള ബഹുനില കെട്ടിടങ്ങൾ, 24 മീറ്ററിൽ കൂടുതൽ ഉയരമുള്ള ബഹുനില കെട്ടിടങ്ങൽ എന്നിവയ്ക്ക് എൻ.ഒ.സി. നൽകേണ്ടിയിരുന്നത് യഥാക്രമം ഡി.ഒ.(ഡിവിഷൻ തലം), ഡി.ജി.(സംസ്ഥാന തലം) എന്നിവരായിരുന്നു.

കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന എൻ.ഒ.സി. രജിസ്റ്ററുകളിൽ ഉണ്ടായിരിക്കണമെന്ന് ഡി.ജി. പുറപ്പെടുവിച്ച സ്റ്റാൻഡിംഗ് ഓർഡറിൽ നിഷ്കർഷിക്കുന്നു. (2013 ആഗസ്റ്റ്).

അഞ്ച് ജില്ലകളിലെ 15 അഗ്നിശമന കേന്ദ്രങ്ങളിൽ 2011-2012 മുതൽ 2015-2016 വരെയുള്ള രജിസ്റ്ററുകളുടെ പരിശോധന നടത്തിയതിൽ നിന്നും സ്റ്റാൻഡിംഗ് ഓർഡറിൽ നിർദ്ദേശിച്ചതിന് വിപരീതമായി, ഉന്നത അധികാരികൾ പുറപ്പെടുവിച്ച 805 അന്തിമ എൻ.ഒ.സി.കളിൽ 543 എണ്ണം മാത്രമാണ് അഗ്നിശമന കേന്ദ്രങ്ങളുടെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെട്ടു. കൃത്യമായ ഡേറ്റാബേസ് പരിപാലിക്കുന്നതിലും എൻ.ഒ.സി.കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലുമുള്ള അപര്യാപ്തതകൾ കാരണം വകുപ്പിന് കെട്ടിടങ്ങളുടെ അഗ്നി സുരക്ഷാ മാനദണ്ഡങ്ങളുടെ തുടർന്നുള്ള അനുവർത്തനം നിരീക്ഷിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല.

അധിവാസത്തിന്റെയും ഉയരത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ കെട്ടിടങ്ങൾക്ക് നൽകിയ എൻ.ഒ.സി.കളുടെ ഒരു സമ്പൂർണ്ണ ഡേറ്റാബേസ് രൂപീകരിക്കുന്നതിന് അഗ്നിശമന സുരക്ഷാ വകുപ്പിന് നിർദ്ദേശം നൽകിയതായും അത് ഡിജിറ്റൽ രീതിയിലാക്കുന്നതിനും എൻ.ഒ.സി. ഇന്റർനെറ്റ് വഴി ലഭ്യമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ടെന്ന് കേരള സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2017 ജനുവരി).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നുള്ള മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(52) വിവിധ കെട്ടിടങ്ങൾക്ക് നൽകിയ എൻ.ഒ.സി.കളുടെ ഡേറ്റാബേസ് രൂപീകരിക്കുന്നതിന് അഗ്നിശമന സുരക്ഷാ വകുപ്പിന് സർക്കാർ നിർദ്ദേശം നൽകിയതായുള്ള ഓഡിറ്റ് ഖണ്ഡികയിലെ പരാമർശം പരിഗണിച്ച സമിതി പ്രസ്തുത ഡേറ്റാബേസ് നിലവിലുണ്ടോയെന്ന് ആരാഞ്ഞു. അത്തരമൊരു ഡേറ്റാബേസ് രൂപീകരിക്കുന്നതിന് ശ്രമിച്ചു വരികയാണെന്നും കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ നടന്നുവരികയാണെന്നും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായെങ്കിൽ മാത്രമേ ഡേറ്റാബേസ് പൂർണ്ണരൂപത്തിൽ സാധ്യമാകുകയുള്ളൂവെന്നും ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു.

(53) അഗ്നിശമനസേനാ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 2015-16-ൽ 28.5 കോടി രൂപ വകയിരുത്തിയതിൽ 6 കോടി രൂപയും 2016-17-ൽ 39 കോടി രൂപ വകയിരുത്തിയതിൽ 8.26 കോടി രൂപയുമാണ് ചെലവഴിച്ചതെന്നും, 2017-2018-ൽ 40 കോടി രൂപ വകയിരുത്തിയതിൽ പർച്ചേസ് കമ്മിറ്റി കൂടി 23 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളത് ഫയർ പ്ലാനിന് വേണ്ടിയുള്ളതാണെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

(54) ചില സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. അഗ്നിശമനസേനാ വകുപ്പിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് അധികം ഏജൻസികളില്ലായെന്നും താൽപ്പര്യമുള്ള ഏജൻസികൾ ഉണ്ടെങ്കിൽ മാത്രമേ ടെണ്ടർ നടപടികളിലേക്ക് പോകാൻ കഴിയുകയുള്ളൂവെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. 2018-19-ൽ 65 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും മുഴുവൻ തുകയ്ക്കും എ. എസ് . കൊടുത്ത് പർച്ചേസ് നടപടികൾ ആരംഭിച്ചിട്ടുള്ളതായും വകുപ്പ് സെക്രട്ടറി തുടർന്ന് അറിയിച്ചു.

(55) ആവശ്യമായ അഗ്നിശമന ഉപകരണങ്ങൾ ഇല്ലാതെ രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ സാധിക്കില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. പോലീസിന്റെ ഭാഗമായിരുന്ന അഗ്നിശമനസേനാ വകുപ്പ് 1962-ലാണ് 15 ഫയർ സ്റ്റേഷനുകളോടെ പരിമിതമായ സൗകര്യത്തിൽ പ്രത്യേക വകുപ്പായി ആരംഭിച്ചതെന്നും പിന്നീട് ജനപ്രതിനിധികൾ താല്പര്യമെടുത്തതിനെത്തുടർന്ന് കൂടുതൽ സ്ഥലങ്ങളിൽ അഗ്നിശമന സംവിധാനങ്ങൾ ഉണ്ടാകുകയും അപ്രകാരം വകുപ്പ് വളരുകയുമാണുണ്ടായതെന്നും അഗ്നിശമനസേനാ വകുപ്പ് ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു. നവീകരണത്തിന്റെ ഭാഗമായി വൻതോതിൽ ഉപകരണങ്ങൾ ആർജ്ജിക്കേണ്ട സാഹചര്യം ഉണ്ടായെങ്കിലും അത് പ്രാവർത്തികമാക്കുന്നതിനുള്ള ശേഷി വകുപ്പിനില്ലായെന്നും അദ്ദേഹം പറഞ്ഞു. അടിസ്ഥാനപരമായ ന്യൂനതകൾ പരിഹരിച്ച് വകുപ്പിനെ ശക്തിപ്പെടുത്തിയാൽ മാത്രമേ കാര്യക്ഷമമായ പ്രവർത്തനം സാധ്യമാകുകയുള്ളൂവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ ജില്ലാ ഫയർ ഓഫീസർ പദവിയിലുള്ള ഉദ്യോഗസ്ഥൻ അംഗമാണെങ്കിലും പോലീസ് സ്റ്റേഷന്റെ ചുമതലവഹിക്കുന്ന ഉദ്യോഗസ്ഥന് തുല്യമായ ശമ്പള സ്കെയിലാണ് ടിയാൾക്കുള്ളതെന്നും, അതാണ് വകുപ്പിന്റെ ക്യാരിയിങ്ങ് കപ്പാസിറ്റിയെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. അടുത്തകാലത്ത് സംസ്ഥാനം നേരിട്ട

പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അഗ്നിശമനസേനാ വകുപ്പ് ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിന് ആവശ്യമായ കാര്യങ്ങൾ പുതിയ നിയമത്തിൽ ഉൾപ്പെടുത്താൻ ആത്മാർത്ഥമായ ഇടപെടലുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. എറണാകുളത്തെ സ്കൂബാ ഡൈവിംഗ് സെന്റർ പ്രളയസമയത്ത് രക്ഷാപ്രവർത്തനങ്ങളിൽ വളരെയധികം പങ്ക് വഹിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തി.

(56) 1999-ലെ ചുഴലിക്കാറ്റിനു ശേഷം ഒഡീഷയിൽ അഡ്വാൻസ്ഡ് വാട്ടർ റെസ്ക്യൂ അക്കാദമി തുടങ്ങിയിട്ടുണ്ടെന്നും എന്നാൽ കേരളത്തിൽ ഇത്തരമൊരു സ്ഥാപനമില്ലെന്നും കേരളത്തിൽ ഒരു വർഷം 1600-ലധികം ആളുകൾ ജല അപകടങ്ങളിൽ മരിക്കുന്നത് ശ്രദ്ധിക്കപ്പെടാതെ പോകുന്ന വിഷയമാണെന്നും ആയതിനാൽ ഒഡീഷയിൽ ആരംഭിച്ചതുപോലെ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അഗ്നിശമനസേനാ വകുപ്പ് ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

(57) അഗ്നിശമനസേനാ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം അടിയന്തരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(58) അഗ്നിസുരക്ഷാ മാനദണ്ഡങ്ങളുടെ അനുവർത്തനത്തിന്റെ നിരീക്ഷണം സാധ്യമാകുന്നതിനായി അധിവാസത്തിന്റേയും ഉയരത്തിന്റേയും അടിസ്ഥാനത്തിൽ വിവിധ കെട്ടിടങ്ങൾക്ക് നൽകിയ എൻ.ഒ.സി.കളുടെ ഒരു ഡേറ്റാബേസ് അടിയന്തരമായി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(59) അഗ്നിശമനസേനാ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടത്തിനും സേവനം ഉറപ്പുവരുത്തുന്നതിനും സഹായകമാകുന്നതിന് ഓരോ ഫയർ സ്റ്റേഷനിലും ലഭ്യമായ മാനവവിഭവശേഷി, ഉപകരണങ്ങൾ, നൽകുന്ന സേവനം എന്നിവ സംബന്ധിച്ച് ഒരു ഡേറ്റ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(60) കേരളത്തിൽ പതിറ്റാണ്ടിലൊരിക്കൽ മാത്രം കണ്ടുവരുന്നതിൽ നിന്ന് വ്യത്യസ്തമായി ഏറെക്കുറെ എല്ലാ വർഷവും നേരിടേണ്ടി വരുന്ന ദുരന്തങ്ങളിൽ ഒന്നായി പ്രളയം മാറിയിരിക്കുന്നു. ഇതു കൂടാതെയാണ് മഴക്കെടുതികൾ സൃഷ്ടിക്കുന്ന

നാശനഷ്ടങ്ങളും. പ്രളയംമൂലവും അല്ലാതെയുമുള്ള ജല അപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ ജലരക്ഷാദൗത്യത്തിനായി ഒരു പ്രത്യേക സേനയെ രൂപീകരിക്കുന്ന കാര്യം ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് സമിതി കരുതുന്നു. ആയതിനാൽ ജല അപകടങ്ങൾ നേരിടുന്നതിനായി രക്ഷാദൗത്യത്തിനായി ഒരു ജലരക്ഷാ ദൗത്യസേന രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 5.1.5 (ജനറൽ & സോഷ്യൽ സെക്ടർ)

**നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പുതുക്കാതിരുന്നത് (5.1.5)**

ഉയർന്ന കെട്ടിടങ്ങളുടെ അഗ്നിശമന സുരക്ഷാ സന്നദ്ധത ഉറപ്പുവരുത്തുന്നതിനായി കെട്ടിടങ്ങൾക്ക് നൽകിയ എൻ.ഒ.സി.-കൾ എല്ലാ വർഷവും വാർഷിക ഫീസായി ₹2000 മുടക്കി പുതുക്കണമെന്ന് സർക്കാർ നിഷ്കർഷിക്കുന്നു (2013 ഏപ്രിൽ). അപ്രകാരം എൻ.ഒ.സി. പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് ഡി.ജി. ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും (2013 ആഗസ്റ്റ്) കെട്ടിടങ്ങളുടെ ഉയരത്തിനനുസരിച്ച് അവ പരിശോധിക്കുന്നതിന് ഒരു നിരീക്ഷണ സമിതി രൂപീകരിക്കുകയും ചെയ്തു. സ്റ്റേഷൻ അധികാരികൾ (24 മീറ്റർ വരെ ഉയരമുള്ളവ), എ.ഡി.ഒ.(24 മുതൽ 60 മീറ്റർ വരെ ഉയരമുള്ളവ) ഡി.ഒ.(60 മീറ്ററിന് മുകളിൽ ഉയരമുള്ളവ) എന്നിവരാണ് എൻ.ഒ.സി.-കൾ പുതുക്കുന്നതിനുള്ള അനുമതി നൽകേണ്ടത്. തിരഞ്ഞെടുത്ത 15 അഗ്നിശമന രക്ഷാ നിലയങ്ങളിലെ എൻ.ഒ.സി.കളുടെ നൽകൽ രജിസ്റ്ററുകളിൽ/പുതുക്കൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ഓഡിറ്റ് പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 2012-2013 മുതൽ 2013-2014 വരെ നൽകിയ എൻ.ഒ.സി.കളിൽ 11 മുതൽ 92 ശതമാനം വരെ 2013-2014 മുതൽ 2014-2015 വരെയുള്ള കാലയളവിൽ പുതുക്കിയിട്ടില്ല എന്ന് നിരീക്ഷിക്കുകയും ചെയ്തു.

**നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) പുതുക്കാതിരുന്നത്**

| ക്രമ നമ്പർ | അഗ്നിശമന കേന്ദ്രത്തിന്റെ പേര് | രജിസ്റ്റർ പ്രകാരം നൽകിയ എൻ. ഒ.സി. കളുടെ എണ്ണം | അഗ്നി ശമന കേന്ദ്രം പുതുക്കിയ എൻ.ഒ. സി. കളുടെ എണ്ണം | എ. ഡി.ഒ. പുതു ക്കിയ എൻ. ഒ.സി. കളുടെ എണ്ണം | ഡി.ഒ. പുതു ക്കിയ എൻ. ഒ. സി. കളുടെ എണ്ണം | പുതുക്കാ ത്ത എൻ. ഒ.സി. കളുടെ എണ്ണം | പുതു ക്കാതി രുന്ന തിന്റെ ശതമാ നം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ചാക്ക | 37 | 6 | 0 | 0 | 31 | 84 |
| 2 | തിരുവനന്തപുരം | 203 | 7 | 11 | 0 | 185 | 91 |
| 3 | കടപ്പാക്കട, കൊല്ലം | എൻ.ഒ.സി. രജിസ്റ്ററും പുതുക്കൽ രജിസ്റ്ററും സൂക്ഷിച്ചിരുന്നില്ല. | | | | | |
| 4 | ചാമക്കട | 70 | 14 | 2 | 0 | 54 | 77 |
| 5 | ഏലൂർ | 29 | 7 | 2 | 0 | 20 | 69 |
| 6 | ഗാന്ധിനഗർ | 579 | 38 | 16 | 0 | 525 | 91 |
| 7 | തൃക്കാക്കര | 288 | 25 | 21 | 1 | 241 | 84 |
| 8 | ക്ലബ് റോഡ്, എറണാകുളം | 62 | 40 | 15 | 0 | 7 | 11 |
| 9 | തൃശ്ശൂർ | 473 | 51 | 3 | | 419 | 89 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| 10 | പുതുക്കാട് | 10* | 7 | 0 | | 3 | 30 |
| 11 | ഗുരുവായൂർ | 85 | 7 | 0 | | 78 | 92 |
| 12 | കോഴിക്കോട് ബീച്ച് | 269 | 28 | 13 | 0 | 228 | 85 |
| 13 | വെള്ളിമാട് കുന്ന് | 65 | 4 | 1 | 0 | 60 | 92 |
| 14 | മീഞ്ചന്ത | 65 | 12 | 11 | 0 | 42 | 65 |
| 15 | മുക്കം | 40 | 4 | 0 | 0 | 36 | 90 |

* അഗ്നിശമന കേന്ദ്രം തുടങ്ങുന്നതിന് മുൻപ് നൽകിയ എൻ.ഒ.സി.-കൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല.

(അവലംബം : തിരഞ്ഞെടുത്ത അഗ്നിശമന കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ)

11 മുതൽ 92 ശതമാനം വരെ കേസ്സുകളിൽ എൻ.ഒ.സി.-കൾ പുതുക്കുന്നതിൽ വീഴ്ചയുണ്ടായത് കാരണം കെട്ടിടങ്ങളുടെ അഗ്നിസുരക്ഷാ സന്നദ്ധത ഉറപ്പുവരുത്താൻ അഗ്നിശമന സുരക്ഷാ വകുപ്പിന് കഴിഞ്ഞില്ല. കെട്ടിടങ്ങളുടെ അഗ്നി സുരക്ഷാ അനുമതി വാർഷികാടിസ്ഥാനത്തിൽ പുതുക്കണമെന്ന നിബന്ധന കെ.എം.ബി.ആർ./ കെ.പി.ബി.ആർ.-ൽ കൂട്ടിച്ചേർക്കണമെന്നും അല്ലാത്തപക്ഷം അവശ്യസേവനങ്ങളായ ജലം, വൈദ്യുതി മുതലായവ വിച്ഛേദിക്കണമെന്നുമുള്ള ഡി.ജി.യുടെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് പരിഗണിക്കാമെന്ന് ഇതേപ്പറ്റിയുള്ള ചോദ്യത്തിന് മറുപടിയായി കേരള സർക്കാർ പറഞ്ഞു (2017 ജനുവരി). നിശ്ചിത ഇടവേളകളിൽ എൻ.ഒ.സി. പുതുക്കാതിരിക്കുന്നത് കാരണം പ്രസ്തുത കെട്ടിടങ്ങൾ അഗ്നി മുഖേനയുള്ള അപകടങ്ങളിൽ നിന്നും മുക്തമല്ല എന്ന വസ്തുത എന്തായാലും നില നിൽക്കുന്നു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(61) നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പുതുക്കാതിരുന്നത് എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി, കെട്ടിടങ്ങളുടെ അഗ്നി സുരക്ഷാ അനുമതി വാർഷികാടിസ്ഥാനത്തിൽ പുതുക്കണമെന്നും അല്ലാത്തപക്ഷം അവശ്യസേവനങ്ങളായ ജലം, വൈദ്യുതി മുതലായവ വിച്ഛേദിക്കണമെന്നുമുള്ള നിബന്ധന കെ.എം.ബി.ആർ./കെ.പി.ബി.ആർ.-ൽ കൂട്ടിച്ചേർക്കണമെന്ന ഡി.ജി.യുടെ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ചചെയ്ത് പരിഗണിക്കാമെന്ന സർക്കാർ തീരുമാനത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് നിർദ്ദേശിച്ചു .

## നിഗമനങ്ങൾ/ശിപാർശകൾ

(62) നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള അഗ്നിശമനസേനാ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും കെട്ടിടങ്ങളുടെ അഗ്നിസുരക്ഷാ അനുമതി വാർഷികാടിസ്ഥാനത്തിൽ പുതുക്കണമെന്നും അല്ലാത്തപക്ഷം അവശ്യ സേവനങ്ങളായ ജലം, വൈദ്യുതി മുതലായവ വിച്ഛേദിക്കണമെന്നുമുള്ള നിബന്ധന കെ.എം.ബി.ആർ./കെ.പി.ബി.ആർ.-ൽ കൂട്ടിച്ചേർക്കണമെന്ന ഡി.ജി.യുടെ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ചചെയ്ത് പരിഗണിക്കാമെന്ന സർക്കാർ തീരുമാനത്തിൻമേൽ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി വകുപ്പിനോട് നിർദ്ദേശിക്കുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 5.1.6 മുതൽ 5.1.7.2 വരെ (ജനറൽ & സോഷ്യൽ സെക്ടർ)

**നാഷണൽ ബിൽഡിംഗ് കോഡിന് അനുസൃതമായി ഉത്തമ മാതൃകകൾ അവലംബിക്കാതിരുന്നത് (5.1.6)**

രാജ്യമെമ്പാടുമുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശക രേഖകൾ പ്രതിപാദിക്കുന്ന സമ്പൂർണ്ണ കെട്ടിട നിയമാവലിയാണ്, 2005-ൽ ഭേദഗതി ചെയ്തു, നാഷണൽ ബിൽഡിംഗ് കോഡ് (എൻ.ബി.സി.) കെട്ടിടങ്ങളുടെ അഗ്നി സുരക്ഷയുമായി ബന്ധപ്പെട്ട അഗ്നി പ്രതിരോധം, ജീവൻ സുരക്ഷാ എന്നിവയുടെ ആവശ്യകത ദേശീയ കെട്ടിട നിയമത്തിന്റെ ഭാഗം 4-ൽ

വിശദീകരിക്കുന്നു. തീപിടുത്തംമൂലം ജീവനും സ്വത്തിനും ഉണ്ടാകുവാനിടയുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ നിർമ്മാണ, താമസ, സംരക്ഷണ നിയമങ്ങൾ ഇതിൽ പ്രതിപാദിക്കുന്നു. കേരളത്തിലെ കെട്ടിടങ്ങളുടെ രൂപരേഖയും നിർമ്മാണവും നിയന്ത്രിക്കുന്നത് കെ.എം.ബി.ആർ.-ലെ നിബന്ധനകൾ പ്രകാരമാണ്. എൻ.ബി.സി.യിലെ ഭൂരിഭാഗം നിബന്ധനകളും കെ.എം.ബി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണപ്പെട്ടു. അതേസമയം എൻ.ബി.സി.യിൽ[28] പ്രതിപാദിച്ചിരിക്കുന്ന അഗ്നി സുരക്ഷാ പ്രവർത്തനങ്ങളെ സംബന്ധിച്ച എല്ലാ നിബന്ധനകളും പ്രത്യേകമായി സ്വീകരിക്കുകയും കെ.എം.ബി.ആർ.-ലെ നിയമം 44 ആയി കൂട്ടിച്ചേർക്കുകയും ചെയ്തു. എന്നാൽ അഗ്നി പ്രതിരോധത്തെയും സുരക്ഷയെയും സംബന്ധിച്ച് 2005-ലെ എൻ.ബി.സി.യിൽ കൊടുത്തിരിക്കുന്ന വിശദമായ നിർദ്ദേശങ്ങൾ കെ.എം.ബി.ആർ.-ൽ ഉൾക്കൊള്ളിച്ചിട്ടില്ല.

60 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾ കേരളത്തിൽ നിരവധിയുണ്ടെന്നുള്ളതും അഗ്നിസുരക്ഷാ പ്രവർത്തനങ്ങൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ (വീതിയുള്ള റോഡുകൾ, ഗതാഗത സാന്ദ്രത, റോഡിന്റെ ചരിവ്, സജ്ജീകരണങ്ങളുടെ ലഭ്യത, ആവശ്യത്തിന് ജലലഭ്യത, മുതലായവ) സംസ്ഥാനത്ത് കുറവാണെന്നുമുള്ള കാര്യങ്ങൾ പരിഗണിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും, എൻ.ബി.സി.യുടെ പൂർണ്ണമായ അനുവർത്തനം, കെട്ടിടങ്ങളുടെ രൂപരേഖയിൽ ജീവസുരക്ഷ ഉറപ്പ് വരുത്തുന്ന ഘടകങ്ങളുടെ അവലംബം മുതലായവയിലൂടെ നിലവിലുള്ള അഗ്നിസുരക്ഷാ ശേഷി വികസിപ്പിക്കണമെന്നും ഡി.ജി. ഉത്തരവിറക്കി (2015 ജൂൺ). അഗ്നിശമന സംവിധാനങ്ങൾ/ വാഹനങ്ങൾ എന്നിവയ്ക്കുള്ള പ്രവേശനമാർഗ്ഗം, പ്രധാന പടിക്കെട്ടിന്റെയും പകരമായുള്ള പടിക്കെട്ടിന്റെയും വീതി, അഗ്നി സുരക്ഷാ ലിഫ്റ്റുകളുടെ സ്ഥാനവും വലിപ്പവും, വാഹനങ്ങൾ നിർത്തിയിടുന്നതിനുള്ള സ്ഥലം, അഭയസ്ഥാനങ്ങൾ, അഗ്നിബാധാ മുന്നറിയിപ്പ് സംവിധാനത്തിന്റെ വിവരങ്ങൾ കെട്ടിടത്തിനുള്ളിലെ അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ, ജലസംഭരണിയും പമ്പും മുതലായ എൻ.ബി.സി.യുടെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് എൻ.ഒ.സി. നൽകുന്നതിന് മുന്നോടിയായി കെട്ടിടം/സ്ഥലം സന്ദർശിച്ച് ഉറപ്പ് വരുത്തണമെന്ന് കെട്ടിടനിർമ്മാണ അനുമതി സമിതിയിലെ അംഗങ്ങളോട് നിർദ്ദേശിച്ചു.

എന്നാൽ ഡി.ജി. അവലംബിച്ച അനുമതി നൽകുന്നതിനുള്ള നിബന്ധനകൾ കേരള സർക്കാർ പരിഷ്കരിക്കുകയും (2015 ഡിസംബർ) എൻ.ബി.സി.യിലെ നിബന്ധനകൾ

---

28 ദേശീയ കെട്ടിടനിയമം 1983 പിന്നെ അനുബന്ധം രണ്ടിലെ അഗ്നി സുരക്ഷയുടെ മൂന്നാമത്തെ ഭേദഗതിയും

നടപ്പാക്കാനാവശ്യമായ വ്യവസ്ഥകൾ കെ.എം.ബി.ആർ.-ൽ നിലവിലുണ്ടെങ്കിൽ മാത്രമേ അവ പ്രാബല്യത്തിൽ വരുത്താനാവൂ എന്ന ഉത്തരവിടുകയും, എൻ.ബി.സി. വെറും മാർഗ്ഗ നിർദ്ദേശം മാത്രമാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. കൂടാതെ, കെ.എം.ബി.ആർ.-മായി ഏകീകരിക്കപ്പെടാത്തിടത്തോളം കാലം എൻ.ബി.സി.യിലെ നിബന്ധനകളുടെ അനുവർത്തനം നിർബന്ധിതമല്ലെന്നും കേരള സർക്കാർ വ്യക്തമാക്കി (2016 ഫെബ്രുവരി). അഗ്നിസുരക്ഷയുടെയും രക്ഷപ്പെടുത്തലിന്റെയും കാര്യത്തിൽ പടിക്കെട്ടുകൾ, ചരിവുകൾ, ഇടനാഴികൾ, വരാന്തകൾ, നടവഴികൾ, അഗ്നിരക്ഷാ പടിക്കെട്ടുകൾ അടിയന്തര പടിക്കെട്ടിലേക്കുള്ള യാത്രാ ദൂരം തുടങ്ങിയവയെ സംബന്ധിച്ച കെ.എം.ബി.ആർ.-ലെ 39 മുതൽ 43 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾക്കാണ് പ്രാബല്യമെന്നും എൻ.ബി.സി. പ്രായോഗികമല്ലെന്നും സർക്കാർ പ്രസ്താവിച്ചു. എൻ.ബി.സി.യിലെ നിബന്ധനകൾ കൂടുതൽ സമഗ്രവും അത്യാഹിതത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഉതകുന്നവയുമാകയാൽ അവ കൂട്ടിച്ചേർത്ത് കൊണ്ട് കെ.എം.ബി.ആർ. ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ കേരള സർക്കാർ ആരംഭിക്കേണ്ടതായുണ്ട്.

കെ.എം.ബി.ആർ. ഒരുനില കെട്ടിടങ്ങൾക്കും ഇരുനില കെട്ടിടങ്ങൾക്കും മാത്രം ബാധകമാകുന്നതിനാലും സംസ്ഥാനത്ത് ഉയർന്ന കെട്ടിടങ്ങളുടെ എണ്ണം വളരെയധികം കൂടുന്നതിനാലും അഗ്നിസുരക്ഷാ ക്രമീകരണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതിനാലും കെ.എം.ബി.ആർ. ശക്തിപ്പെടുത്തേണ്ടതായുണ്ട് എന്ന് കേരള സർക്കാർ 2016 നവംബറിൽ നടന്ന സമാപന കൂടിക്കാഴ്ചയിൽ സമ്മതിച്ചു. എൻ.ബി.സി. 2005 അനുസരിച്ചുള്ള കൂടുതൽ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ നിലവിലുള്ള കെ.എം.ബി.ആർ./കെ.പി.ബി.ആർ.-ൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്ന് ഡി.ജി. ശിപാർശ നൽകിയതായും ഇത് സർക്കാർ വിശദമായി പരിശോധിക്കുമെന്നും കേരള സർക്കാർ മറുപടി നൽകി (2017 ജനുവരി).

### കെട്ടിടങ്ങളിലെ അടിസ്ഥാന അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ അഭാവം (5.1.7)

പാർപ്പിടങ്ങളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, സ്ഥാപന/ആശുപത്രി കെട്ടിടങ്ങൾ, വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ, സാധനങ്ങൾ സൂക്ഷിക്കുന്ന കെട്ടിടങ്ങൾ എന്നിവയ്ക്കുള്ള ഏറ്റവും അടിസ്ഥാന അഗ്നിരക്ഷാമാർഗ്ഗനിർദ്ദേശങ്ങൾ ഡി.ജി. പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉയരം, അധിവാസം എന്നിവ കണക്കിലെടുത്ത് ആവശ്യത്തിന് അഗ്നിശമന ഉപകരണങ്ങൾ, ഹൈഡ്രന്റ് വാൽവുകൾ, ഡെലിവറി ഹോസുകൾ, ഹോസ് റീലുകളും നോസ്സിലുകളും, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന അഗ്നിബാധ

മുന്നറിയിപ്പ് സംവിധാനങ്ങൾ, സ്പ്രിംങ്കളറുകൾ, ഡിറ്റക്റ്ററുകൾ, ഫയർ പമ്പുകൾ, ജലസംഭരണികൾ, അടിയന്തര പ്രകാശ സംവിധാനങ്ങൾ, പുറത്തേക്കുള്ള വഴികൾ, പ്രവേശന കവാടങ്ങളുടെ വീതി, കെട്ടിടത്തിന് ചുറ്റുമുള്ള തുറസ്സായ പ്രദേശങ്ങൾ മുതലായവ അടിസ്ഥാന അഗ്നി സുരക്ഷാ ക്രമീകരണങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഗ്നിശമന രക്ഷാ വകുപ്പ് പുറപ്പെടുവിച്ച അടിസ്ഥാന അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ പട്ടിക അടിസ്ഥാനമാക്കി 105 കെട്ടിടങ്ങളിൽ[29] ഒരു സംയുക്ത പരിശോധന നടത്തിയപ്പോൾ (2016 ജൂൺ മുതൽ ജൂലൈ വരെ) അനുബന്ധം 111-ൽ കൊടുത്തിരിക്കുന്ന പ്രകാരം 32 കെട്ടിടങ്ങളിൽ അഗ്നിശമന ഉപകരണങ്ങൾ/ഫയർ പമ്പ്/മറ്റ് വൈദ്യുത സ്രോതസ്സുകൾ എന്നിവ 'ഇല്ല' എന്നതും അഗ്നിസുരക്ഷാ പടിക്കെട്ടുകളിലെ തടസ്സം തുടങ്ങിയ പ്രധാന പോരായ്മകൾ ഉള്ളതായും വെളിപ്പെട്ടു. നിർദ്ദേശിച്ച പ്രകാരമുള്ള അടിസ്ഥാന അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നതിൽ അഗ്നിശമന രക്ഷാ വകുപ്പ് പരാജയപ്പെട്ടതിനാൽ ഈ കെട്ടിടങ്ങൾക്ക് അഗ്നിബാധമൂലമുണ്ടാകാവുന്ന ഗുരുതരമായ അപകടസാദ്ധ്യതയുണ്ട്. അടിസ്ഥാന അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി അഗ്നിശമന സേനാ ആക്ട് ഭേദഗതി വരുത്താൻവേണ്ട പുതിയ നിയമനിർമ്മാണം നടത്താൻ നടപടിയെടുക്കാമെന്ന് കേരള സർക്കാർ പ്രസ്താവിച്ചു (2017 ജനുവരി).

**അടിസ്ഥാന അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിൽ അഗ്നിശമന രക്ഷാ വകുപ്പിനുണ്ടായ വീഴ്ച (5.1.7.1)**

തീയേറ്ററുകൾ, വിവാഹ ഹാളുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വലിയ പൊതുകാര്യാലയങ്ങൾ, വലിയ കോർപ്പറേറ്റ് കാര്യാലയങ്ങൾ, വാണിജ്യ സമുച്ചയങ്ങൾ, മൾട്ടിപ്ലക്സുകൾ മുതലായ ആളുകൾ കൂടുതലായി താമസിക്കുന്നതോ സന്ദർശിക്കുന്നതോ ആയ കെട്ടിടങ്ങളിലെ അടിസ്ഥാന അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് എല്ലാ ഡിവിഷണൽ അധികാരികൾക്കും ഡി.ജി. ഉത്തരവ് പുറപ്പെടുവിച്ചു (2016 ജനുവരി). ഉചിതമായ അഗ്നിസുരക്ഷാ ഉപകരണങ്ങൾ, രക്ഷപ്പെടൽ/ഒഴിപ്പിക്കൽ മാർഗ്ഗങ്ങൾ, പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ തുടങ്ങിയ നിബന്ധനകൾ പാലിക്കാത്തവർക്കെതിരെ നിയമപരവും ശിക്ഷാപരവുമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

29 16 ആശുപത്രികൾ, 34 പാർപ്പിടങ്ങൾ, 23 വ്യവസായിക കെട്ടിടങ്ങൾ, ഒൻപത് വിദ്യാഭ്യാസ കെട്ടിടങ്ങൾ, ഒൻപത് സമ്മേളന കെട്ടിടങ്ങൾ, 11 ഓഫീസ് കെട്ടിടങ്ങൾ, മൂന്ന് സംഭരണ ശാലകൾ

അഗ്നിശമനസേനാ നിയമത്തിൽ ഉണ്ടാകണമെന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. അടിസ്ഥാന അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത, വിവിധ അധിവാസ രീതികളിലായി[30] നിലവിൽ ഉപയോഗിക്കുന്ന 1589 കെട്ടിടങ്ങൾ അഗ്നിശമന രക്ഷാ വകുപ്പ് കണ്ടെത്തുകയും അവയുടെ ഉടമസ്ഥർക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തു (2016 ജനുവരി - ഫെബ്രുവരി). ഡി.ജി. നിഷ്കർഷിച്ച അടിസ്ഥാന അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിന് വകുപ്പുതല ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും നിയമപിന്തുണയുടെ അഭാവം കാരണം അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്ന് കേരള സർക്കാർ പ്രസ്താവിച്ചു (2017 ജനുവരി).

ഡിവിഷണൽ അധികാരികൾ അഗ്നിസുരക്ഷാ ഓഡിറ്റ് നടത്തിയ (2016 ജനുവരി-ഫെബ്രുവരി) എറണാകുളം ജില്ലയിലെ[31] 16 കെട്ടിടങ്ങളിൽ സംയുക്ത പരിശോധന നടത്തിയപ്പോൾ നാലെണ്ണത്തിൽ മുൻപ് കണ്ടെത്തിയ പോരായ്മകൾ പരിഹരിച്ചിട്ടില്ല എന്ന് വെളിപ്പെട്ടു. തത്ഫലമായി അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് തുടർന്നു. ദേശീയ ദുരന്തനിവാരണ അതോറിറ്റി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അഗ്നിശമനസേനാ നിയമത്തിൽ ഭേദഗതി വരുത്താഞ്ഞത് കെട്ടിടങ്ങളിൽ അടിസ്ഥാന അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പ് വരുത്തുന്നതിനാവശ്യമായ നിയമപരവും ശിക്ഷാപരവുമായ നടപടികൾ നടപ്പിലാക്കുന്നതിൽ അഗ്നിശമന രക്ഷാവകുപ്പിന്റെ പരാജയത്തിന് കാരണമായി.

അടിസ്ഥാന അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി നിയമപിന്തുണ ഉറപ്പാക്കുന്നതിന് ഉതകുന്ന തരത്തിൽ അഗ്നിശമനസേനാ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ടെന്ന് കേരള സർക്കാർ മറുപടി നൽകി (2017 ജനുവരി).

**ഏജൻസികൾക്ക് അനുമതി നൽകൽ (5.1.7.2)**

അഗ്നിബാധ തടയുന്നതിനും ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനും, മഹാരാഷ്ട്ര സർക്കാർ ഊന്നൽ നൽകുന്നത് പോലെ, അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതിന് യോഗ്യരായ ആളുകളെ/ ഏജൻസികളെ കരാർ ഏൽപ്പിക്കുന്നത്

---

30 പാർപ്പിട, വിദ്യാഭ്യാസ, സ്ഥാപന, സമ്മേളന, വാണിജ്യ, വ്യാപാര, വ്യവസായ, സംഭരണ കെട്ടിടങ്ങളും ആപത്കരമായ കെട്ടിടങ്ങളും

31 കോഴിക്കോടും തിരുവനന്തപുരത്തുമുള്ള ഡി.ഒ.-മാരുടെ പക്കൽ അഗ്നിസുരക്ഷാ ഓഡിറ്റ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭ്യമല്ല.

ഒരു നല്ല കീഴ്‌വഴക്കമാണ്. അനുഭവജ്ഞാനം, കാര്യക്ഷമത, കെട്ടിടങ്ങളിൽ അഗ്നിശമന ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ട യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. നൽകുന്നതിന് വേണ്ടി കരാറുകാരെ തരംതിരിക്കണമെന്ന് കേരള സർക്കാരിനോട് ഡി. ജി. അഭ്യർത്ഥിച്ചു. (2014 സെപ്റ്റംബർ). എന്നാൽ അഗ്നിശമനസേനാ നിയമത്തിൽ ഏജൻസികൾക്ക് അനുമതി നൽകുന്നതിനുള്ള നിബന്ധനകൾ ഇല്ലായെന്ന കാരണം ചൂണ്ടിക്കാട്ടി കേരള സർക്കാർ അത് നിരാകരിക്കുകയും അനുമതി നൽകുന്ന സമ്പ്രദായം പരാതിക്കാർ നിയമ നടപടികളിലേക്ക് നീങ്ങുന്നതിന് കാരണമാകുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. നിലവിലുള്ള സമ്പ്രദായ പ്രകാരം അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികളുടെ /കരാറുകാരുടെ കാര്യക്ഷമതയും യോഗ്യതയും ഉറപ്പ് വരുത്തുവാൻ സാധ്യമല്ല. അങ്ങനെ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ കേരള സർക്കാർ പരാജയപ്പെടുകയും ജനങ്ങളുടെ ജീവന് ഭീക്ഷണിയുണ്ടാവുകയും ചെയ്തു.

പുതിയ അഗ്നിശമനസേനാ നിയമം രൂപീകരിക്കുമ്പോൾ ഏജൻസികൾക്ക് അനുമതി നൽകുന്നതിനുള്ള നിബന്ധനകൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്ന് കേരള സർക്കാർ മറുപടി നൽകി (2017 ജനുവരി).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

(63) നാഷണൽ ബിൽഡിംഗ് കോഡിന് (എൻ.ബി.സി.) അനുസൃതമായി ഉത്തമ മാതൃകകൾ അവലംബിക്കാതിരുന്നത് എന്ന ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി കെ.എം.ബി.ആർ. ഭേദഗതി ചെയ്യുമ്പോൾ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നുണ്ടോ എന്ന് ആരാഞ്ഞതിന് മറുപടിയായി എൻ.ബി.സി.യിലെ നിബന്ധനകൾ പൂർണ്ണമായി ഉൾപ്പെടുത്തുന്നില്ലായെന്നും, കേരളത്തിലെ സാഹചര്യം അനുസരിച്ച് എല്ലാ നിബന്ധനകളും അനുയോജ്യമല്ലെന്നും, ധാരാളം സുരക്ഷാസംവിധാനങ്ങൾ കൊണ്ടു വരുന്നുണ്ടെന്നും നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചു.

(64) ഇത് സംബന്ധിച്ച് നിർബന്ധിത മാർഗ്ഗരേഖയുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഹൈക്കോടതി വിധി അനുസരിച്ച് എൻ.ബി.സി.യാണ് ഒരേ ഒരു മാർഗ്ഗ രേഖയെന്നും കെ.എം.ബി.ആർ.-ൽ കൂട്ടിച്ചേർത്തിട്ടില്ലാത്ത വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്താനാണ് ശ്രമിക്കുന്നതെന്നും ദീർഘ വീക്ഷണത്തോടെ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതാണ് പ്രധാന പ്രശ്നമെന്നും നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചു. റോഡിന്റെ വീതിയും ചരിവും അനുസരിച്ച് നിർമ്മാണ പ്രവർത്തനം ക്രമവത്കരിക്കുന്നതിനുള്ള നടപടികളും പുതിയ കെ.എം.ബി.ആർ.-ൽ കൊണ്ടു വരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് ഇതിന്റെ കരട് നൽകിയിട്ടുണ്ടെന്നും ആയത് മുഖ്യമന്ത്രിയുടെ പരിഗണനയിലിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

(65) നിലവിലുള്ള കെട്ടിടങ്ങളിലെ അഗ്നിസുരക്ഷ പരിശോധിച്ച് ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും അവ കൃത്യമായി നടപ്പിലായെന്ന് ഉറപ്പു വരുത്തുന്നതിനും അഗ്നിസുരക്ഷാ വകുപ്പിന് നിയമ പിൻബലം ലഭ്യമാക്കേണ്ടതുണ്ട് . മുൻകാലങ്ങളിൽ നിർമ്മിച്ച കെട്ടിടങ്ങളിലെ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിന് മതിയായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതിനും അടിസ്ഥാന സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി നിയമ പിന്തുണ ഉറപ്പാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകൾ അഗ്നിശമനസേനാ ആക്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അഗ്നിശമനസേനാ ആക്ട് നിലവിൽ വരുന്നതുവരെ പൊതുസ്ഥലങ്ങളിലും കെട്ടിടങ്ങളിലും പ്രാഥമിക സുരക്ഷാ സംവിധാനം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 5.1.8 മുതൽ 5.1.10 വരെ (ജനറൽ & സോഷ്യൽ സെക്ടർ)

**കെട്ടിടങ്ങളിൽ അഗ്നിബാധ കാര്യക്ഷമമായി തടയുന്നതിന് വേണ്ട മാനവശേഷിയുടെയും ഉപകരണങ്ങളുടെയും സ്ഥിതി. (5.1.8)**

ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടം ഏറ്റവും കുറയത്തക്കവിധം കെട്ടിടങ്ങളിലെ അഗ്നിബാധ ഫലപ്രദമായി തടയേണ്ടതിന് വേണ്ടത്ര മാനവശേഷി, മതിയായ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യത എന്നിവ അനിവാര്യമാണ്. ഇവയുടെ സ്ഥിതി പരിശോധിച്ചതിൽ നിന്നും വ്യക്തമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

**മാനവശേഷിയുടെ പര്യാപ്തത (5.1.8.1)**

അഗ്നിശമന രക്ഷാ വകുപ്പിന്റെ ആസ്ഥാനകാര്യാലയം, ഡിവിഷണൽ ഓഫീസർമാർ, അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാർ എന്നിവരുടെ കീഴിലുള്ള കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാത്തതാണ് ഉയർന്ന കെട്ടിടങ്ങൾ, സിനിമാ ഹാളുകൾ, സ്കൂളുകൾ, ആശുപത്രികൾ, വ്യാപാര സമുച്ചയങ്ങൾ (മാളുകൾ) ചെറുകിട വ്യവസായ യൂണിറ്റുകൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിൽ ഉണ്ടായ പരാജയത്തിന് കാരണമെന്ന് അഗ്നിശമന രക്ഷാ വകുപ്പിന്റെ ആധുനികവൽക്കരണത്തെക്കുറിച്ച് പഠിക്കുവാനായി നിയോഗിച്ച ഏകാംഗ കമ്മീഷൻ (കമ്മീഷൻ) കണ്ടെത്തി (2013 മാർച്ച്).

അഗ്നിശമന രക്ഷാ വകുപ്പിലെ ആസ്ഥാന കാര്യാലയത്തിലെ അഗ്നി പ്രതിരോധ വിഭാഗത്തിൽ, മുൻഗണനാ അടിസ്ഥാനത്തിൽ ഒരു ഡിവിഷണൽ ഓഫീസർ, ഒരു അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ, ഒരു സ്റ്റേഷൻ ഓഫീസർ, ഒരു ലീഡിംഗ് ഫയർമാൻ, രണ്ട് 'ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ' (എഫ്.ഡി.സി.പി.ഒ.) എന്നീ തസ്തികകൾ രൂപീകരിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തെങ്കിലും (2014 ജനുവരി) കേരള സർക്കാർ അത് നടപ്പിൽ വരുത്തിയിട്ടില്ല (2016 ജൂൺ). മാനവ ശേഷിയുടെ ദൗർലഭ്യം നേരിടുന്നതിനുള്ള പ്രധാന കടമ്പ സാമ്പത്തിക പരിമിതികളാണെന്ന് കേരള സർക്കാർ പ്രസ്താവിച്ചു (2017 ജനുവരി).

കൂടാതെ അഗ്നിശമന സ്ഥിര ഉപദേശക സമിതിയുടെ (എസ്.എഫ്.എ.സി.[32]) ശിപാർശ പ്രകാരം രണ്ടോ മൂന്നോ അഗ്നിശമനരക്ഷാനിലയങ്ങളുടെ അധികാരം ഏൽപ്പിച്ചിരിക്കുന്നത് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറെയാണ്. അപ്രകാരം നിലവിലുള്ള 121 അഗ്നിശമനരക്ഷാനിലയങ്ങൾക്ക് വേണ്ടി കുറഞ്ഞത് 40 അസിസ്റ്റന്റ് ഡിവിഷണൽ അധികാരികളുടെ തസ്തികകൾ ആവശ്യമുണ്ട്. എന്നാൽ 2016 ആഗസ്റ്റിലെ വിവരങ്ങൾ അനുസരിച്ച് അംഗീകരിച്ച 15 തസ്തികകളിൽ മാത്രമേ അസിസ്റ്റന്റ് ഡിവിഷണൽ അധികാരികളുടെ നിയമനം നടത്തിയിട്ടുള്ളൂ.

---

32 ഇന്ത്യാ ഗവൺമെന്റ് 1955-ൽ ആഭ്യന്തരമന്ത്രാലയത്തിന് കീഴിൽ ഒരു സ്റ്റാന്റിംഗ് ഫയർ അഡ്വൈസറി കമ്മിറ്റി (എസ്.എഫ്.എ.സി.) രൂപീകരിച്ചു. 1980-ൽ ഈ കമ്മിറ്റിയുടെ പേര് സ്റ്റാന്റിംഗ് ഫയർ അഡ്വൈസറി കൗൺസിൽ (എസ്.എഫ്.എ.സി.) എന്ന് പുനർ നാമകരണം ചെയ്തു. എല്ലാ സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങളിലെ അഗ്നിശമനരക്ഷാ വകുപ്പുകൾ, ആഭ്യന്തരകാര്യ മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, റോഡ് ഗതാഗത ദേശീയപാത മന്ത്രാലയം, വാർത്താവിനിമയ വിവരസാങ്കേതിക മന്ത്രാലയം, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് എന്നിവയിൽ നിന്നുമുള്ള പ്രതിനിധികൾ ഈ സമിതിയിൽ/കൗൺസിലിൽ അംഗങ്ങളാണ്.

അനുവദിച്ച അംഗസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരുടെ എണ്ണത്തിൽ 15 ശതമാനം അപര്യാപ്തത ഉള്ളതായി ഓഡിറ്റ് കണ്ടെത്തി. ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ, ഫയർമാൻ, എഫ്.ഡി.സി.പി.ഒ. എന്നീ തസ്തികകളിൽ ഗണ്യമായ കുറവുണ്ട്.

**അനുവദിച്ച അംഗസംഖ്യയ്ക്കെതിരെ ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്**

| തസ്തികയുടെ പേര് | അനുവദനീയമായ അംഗസംഖ്യ | നിലവിലുള്ള ആളുകൾ |
|---|---|---|
| സ്റ്റേഷൻ ഓഫീസർ | 115 | 112 |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 136 | 102 |
| ഫയർമാൻ | 2728 | 2230 |
| ലീഡിംഗ് ഫയർമാൻ | 479 | 455 |
| എഫ്. ഡി. സി. പി. ഒ. | 891 | 770 |
| ഡ്രൈവർ മെക്കാനിക് | 123 | 113 |

(അവലംബം: അഗ്നിശമന രക്ഷാ വകുപ്പിന്റെ ആസ്ഥാനകാര്യാലയം സമർപ്പിച്ച രേഖകളിൽ നിന്ന്)

അഗ്നിസുരക്ഷയിലും പ്രതിരോധത്തിലും വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വലിയ കെട്ടിടങ്ങൾ കൂൺ പോലെ വളരുന്നത് കണക്കിലെടുത്ത് കേരള സർക്കാർ മാനവശേഷിയുടെ ദൗർലഭ്യം പരിശോധിക്കുകയും അനുവദിച്ച അംഗബലം പുതുക്കുകയും ചെയ്യേണ്ടതായുണ്ട്. കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് കേരള സർക്കാർ പ്രസ്താവിച്ചു (2017 ജനുവരി).

### വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും അവസ്ഥ (5.1.8.2)

അഗ്നിബാധ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് അത്യാവശ്യമായ ഘടകങ്ങളിൽ ഒന്നാണ് അഗ്നിശമന ഉപകരണങ്ങളുടെ ലഭ്യതയും സന്നദ്ധതയും. അഗ്നിശമന രക്ഷാകേന്ദ്രങ്ങളുടെ ആവശ്യങ്ങൾ പരിശോധിക്കുന്നതിനായി ഡി.ജി. ഒരു സമിതിയെ നിയോഗിക്കുകയും (2015 ഡിസംബർ) സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു സമിതി നിർണ്ണയിച്ച ആവശ്യകതകളുമായി താരതമ്യം ചെയ്തുകൊണ്ട് ഓഡിറ്റ് 15 അഗ്നിശമന രക്ഷാനിലയങ്ങളിലെ (എട്ട് നഗര, ആറ് അർദ്ധനഗര, ഒരു ഗ്രാമീണ) വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യത പരിശോധിച്ചു. ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും ലഭ്യതയെ സംബന്ധിച്ച ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:

### വാഹനങ്ങളുടെ പര്യാപ്തത

സമിതി വിലയിരുത്തിയ ആവശ്യകതകളുമായി താരതമ്യം ചെയ്യുമ്പോൾ നഗര/അർദ്ധനഗര/ഗ്രാമ അഗ്നിശമന രക്ഷാനിലയങ്ങളിൽ ആകെയുള്ള ഒൻപത് വിഭാഗങ്ങളിലുംപ്പെട്ട[33] വാഹനങ്ങളുടെ ദൗർലഭ്യം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ആ വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**വാഹനങ്ങളുടെ ദൗർലഭ്യം**

| ക്രമ നമ്പർ | ഇനം | ആവശ്യമുള്ളത് | ലഭ്യമായത് | കുറവ് | കുറവിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| നഗര/അർദ്ധ നഗര അഗ്നിശമനരക്ഷാ നിലയങ്ങൾ | | | | | |
| 1 | മിനി വാട്ടർ ടെണ്ടർ[34] | 28 | 12 | 16 | 57 |
| 2 | ആംബുലൻസ് | 14 | 7 | 7 | 50 |
| 3 | റിക്കവറി വാഹനങ്ങൾ | 14 | 4 | 10 | 71 |

33 ലഘു അത്യാഹിത വാഹനം, വാട്ടർ ടെണ്ടർ, മിനി വാട്ടർ ടെണ്ടർ, ആംബുലൻസ്, റിക്കവറി വാഹനങ്ങൾ, വാട്ടർ ബൗസർ, വാട്ടർ മിസ്റ്റ് ബൈക്ക്, മൾട്ടി യൂട്ടിലിറ്റി വാഹനങ്ങൾ, മിനി ബസ്.

34 ഇടുങ്ങിയ വഴികളിലൂടെ സുഗമമായി സഞ്ചരിക്കാവുന്നതും വിദൂരമായ സ്ഥലങ്ങളിൽ എത്തിച്ചേരാവുന്നതുമായ അഗ്നിശമന വാഹനങ്ങളാണ് മിനി വാട്ടർ ടെണ്ടറുകൾ

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 4 | വാട്ടർ ബൗസർ[35] | 14 | 0 | 14 | 100 |
| 5 | വാട്ടർ മിസ്റ്റ് ബൈക്ക് | 22 | 8 | 14 | 64 |
| 6 | മൾട്ടി യൂട്ടിലിറ്റി വാഹനങ്ങൾ | 15 | 3 | 12 | 80 |
| 7 | മിനി ബസ് | 8 | 0 | 8 | 100 |
| 8 | വാട്ടർ ടെണ്ടർ | 16 | 15 | 1 | 6 |
| ഗ്രാമ അഗ്നിക്ഷമനരക്ഷാ നിലയം | | | | | |
| 9 | മിനി എമർജൻസി വാഹനങ്ങൾ | 1 | 0 | 1 | 100 |
| 10 | വാട്ടർ ബൗസർ | 1 | 0 | 1 | 100 |
| 11 | വാട്ടർ മിസ്റ്റ് ബൈക്ക് | 1 | 0 | 1 | 100 |

(അവലംബം:പരിശോധന നടത്തിയ അഗ്നിശമന രക്ഷാനിലയങ്ങൾ സമർപ്പിച്ച വിവരങ്ങൾ)

നഗര/അർദ്ധനഗര അഗ്നിശമന രക്ഷാനിലയങ്ങളിലെ വാഹനങ്ങളുടെ ദൗർലഭ്യം ആറ് ശതമാനം മുതൽ (വാട്ടർ ടെണ്ടറുകൾ) 100 ശതമാനം (മിനി ബസ്/വാട്ടർ ബൗസർ) വരെയാണ്. പരിശോധന നടത്തിയ ഒരേയൊരു[36] ഗ്രാമീണ അഗ്നിശമന രക്ഷാനിലയത്തിന് വാട്ടർ ബൗസർ, വാട്ടർ മിസ്റ്റ് ബൈക്ക്, ചെറിയ അടിയന്തരാവശ്യങ്ങൾക്കുള്ള വാഹനം എന്നിവയ്ക്ക് അർഹതയുണ്ടായിരുന്നിട്ടും ലഭ്യമാക്കിയിട്ടില്ല.

വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 2016-2017 വർഷത്തിൽ ₹ 38.56 കോടി അനുവദിച്ചുകൊണ്ട് ഭരണാനുമതി ലഭ്യമായതായും വാട്ടർ ബൗസർ വാങ്ങുന്നതിനായുള്ള ദർഘാസ് നടപടിക്രമങ്ങൾ ആരംഭിച്ചതായും കേരള സർക്കാർ മറുപടി നൽകി (2017 ജനുവരി).

35 പിൻഭാഗത്ത് പമ്പ് ഘടിപ്പിച്ചതും 16000 ലിറ്റർ സംഭരണശേഷിയുള്ളതുമായ വാഹനങ്ങൾ വലിയ അഗ്നിബാധകൾ തടയുന്നതിന് അനുയോജ്യമാണ്

36 മുക്കം അഗ്നിശമന രക്ഷാനിലയം

## കാലപ്പഴക്കം ചെന്ന വാഹനങ്ങൾ

കാലപ്പഴക്കം ചെന്ന ഫയർ ടെണ്ടറുകളും മറ്റ് വാഹനങ്ങളുമാണ് അഗ്നിശമന രക്ഷാ വകുപ്പ് ഉപയോഗിക്കുന്നത്. എസ്.എഫ്.എ.സി. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, 5000 മണിക്കൂറുകൾ അല്ലെങ്കിൽ 10 വർഷം, ഇവയിൽ ആദ്യം പൂർത്തിയാവുന്നതാണ് ഒരു അഗ്നിശമന വാഹനത്തിന്റെ ജീവിതകാലാവധി. 2016 മാർച്ചിലെ കണക്ക് പ്രകാരം വകുപ്പിൽ ആകെയുള്ള 655 വാഹനങ്ങളിൽ 122 മൊബൈൽ ടാങ്ക് യൂണിറ്റുകൾ (എം.ടി.യു.), 29 മിനി എം.ടി.യു. 11 എമർജൻസി ടെണ്ടറുകൾ[37], നാല് ക്രാഷ് ടെണ്ടറുകൾ, 21 വാട്ടർ ലോറികൾ എന്നിവ ഉൾപ്പെടെ 286 വാഹനങ്ങൾ (43.66 ശതമാനം) പത്ത് വർഷത്തിലധികം പഴക്കം ചെന്നവയും മേൽപ്പറഞ്ഞവയിൽ 61 എണ്ണം 20 വർഷത്തിലധികം പഴക്കം ചെന്നവയുമാണ്.

കാലപ്പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ വാഹനങ്ങൾ കണ്ടം ചെയ്യുന്ന പ്രക്രിയ പതിവായി ചെയ്തുകൊണ്ടിരിക്കുകയാണെന്ന് കേരള സർക്കാർ മറുപടി നൽകി (2017 ജനുവരി). പുതിയ വാഹനങ്ങൾ വാങ്ങുന്ന നടപടിക്രമങ്ങൾക്ക് കാലതാമസം എടുക്കുന്നതിനാൽ പഴയ വാഹനങ്ങളുടെ കാലപ്പഴക്കം മാത്രം കണക്കിലെടുത്ത് അവ കണ്ടം ചെയ്യുന്നത് പ്രായോഗികമല്ലെന്ന് സർക്കാർ അറിയിച്ചു. വാഹനങ്ങളുടെ വേഗത്തിലുള്ള ലഭ്യമാക്കലിനും തത്ഫലമായി അഗ്നിശമന രക്ഷാവകുപ്പിന്റെ ക്രിയാശേഷി വർദ്ധിപ്പിക്കുന്നതിനുമായി വാഹനം വാങ്ങൽ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമെന്നും മറുപടി നൽകി.

## വാഹനങ്ങളുടെ പ്രതികരണസമയം

പരിശോധന നടത്തിയ 14 നഗര/അർദ്ധനഗര അഗ്നിശമന നിലയങ്ങളിലെ 2015-2016 വർഷത്തെ 2362 അഗ്നിബാധ റിപ്പോർട്ടുകൾ ഓഡിറ്റ് പരിശോധിച്ചു. 1880 കേസുകളിൽ (80 ശതമാനം) ഏകാംഗ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ഏഴ് മിനിറ്റുകൾക്കുള്ളിൽ എത്തിച്ചേർന്നപ്പോൾ 400 കേസ്സുകളിൽ (17 ശതമാനം) എട്ട്

37 രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് എമർജൻസി ടെണ്ടറുകൾ ഉപയോഗിക്കുന്നു. ഹൈഡ്രോളിക്ക് ഉപകരണങ്ങൾ, ഓക്സി അസെറ്റിലീൻ കട്ടറുകൾ, ചെറിയ ഗിയറുകൾ, ജനറേറ്ററുകൾ, ഏണികൾ, റബ്ബർ ഡിങ്കികൾ, കയറുകൾ, ചെയിൻ വാളുകൾ, എയർ ലിഫ്റ്റിംഗ് ബാഗുകൾ, ശ്വസനസഹായക ഉപകരണങ്ങൾ, ലൈറ്റിംഗ് സംവിധാനങ്ങൾ മുതലായ വിവിധ രക്ഷാ ഉപകരണങ്ങൾ ഉൾപ്പെടുന്നതാണ് എമർജെൻസി ടെണ്ടറുകൾ.

മുതൽ പതിനഞ്ച് മിനിറ്റ് വരെ സമയമെടുത്ത് മാത്രമാണ് അഗ്നിശമന രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാനായത്. നല്ലൊരുശതമാനം കേസ്സുകളിലും യഥാസമയം തന്നെ രക്ഷാ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചെങ്കിലും ആർ.എം.എസ്സ്.ഐ.[38] ശിപാർശചെയ്തതും ഏകാംഗ കമ്മീഷൻ അംഗീകരിച്ചതും പ്രകാരം അഗ്നിശമന രക്ഷാനിലയങ്ങളുടെ എണ്ണം 121-ൽ നിന്നും 228 ആയി വർദ്ധിപ്പിച്ചാൽ കാര്യക്ഷമത ഇനിയും ഉയർത്താൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പ്രതികരണസമയം കുറയ്ക്കുന്നതിനായി അഗ്നിശമന രക്ഷാനിലയങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും അതിനായി അനുയോജ്യമായ സ്ഥലങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ടുവരികയാണെന്നും സർക്കാർ മറുപടി നൽകി (2017 ജനുവരി).

**അഗ്നിശമന രക്ഷാപ്രവർത്തകർക്ക് വേണ്ട സുരക്ഷാ സജ്ജീകരണങ്ങളുടെ അഭാവം**

അഗ്നിശമന രക്ഷാ പ്രവർത്തകർക്ക് അത്യാവശ്യമായി വേണ്ട ജീവൻരക്ഷാ ഉപകരണങ്ങളാണ് ശ്വസനസഹായികൾ, അഗ്നിപ്രതിരോധ വസ്ത്രങ്ങൾ, വാക്കിട്ടോക്കികൾ എന്നിവ. 15 അഗ്നിശമനരക്ഷാ നിലയങ്ങളിൽ മേൽപ്പറഞ്ഞ ഉപകരണങ്ങളുടെ ലഭ്യതയും അവയെ സംബന്ധിച്ച് ഡി.ജി. രൂപീകരിച്ച സമിതി നിർദ്ദേശിച്ച നിബന്ധനകളും ഓഡിറ്റ് പരിശോധിച്ചു. പരിശോധന നടത്തിയ അഗ്നിശമന രക്ഷാനിലയങ്ങളിൽ മേൽപ്പറഞ്ഞ ഉപകരണങ്ങളുടെ കാര്യമായ ദൗർലഭ്യം കണ്ടെത്തി. നഗര, അർദ്ധ നഗര നിലയങ്ങളിൽ ശ്വസനസഹായികളുടെ കുറവ് 82 ശതമാനമായിരുന്നപ്പോൾ അഗ്നി പ്രതിരോധ വസ്ത്രങ്ങളുടെയും വാക്കിടോക്കിയുടെയും കുറവ് യഥാക്രമം 91 ശതമാനവും 83 ശതമാനവുമായിരുന്നു. ഗ്രാമീണ അഗ്നിശമന രക്ഷാനിലയങ്ങളുടെ അവസ്ഥ കൂടുതൽ ഗുരുതരമായിരുന്നു. അതായത് അഗ്നി പ്രതിരോധ വസ്ത്രങ്ങളുടെയും വാക്കിടോക്കിയുടെയും കുറവ് 100 ശതമാനവും ശ്വസന സഹായികളുടെ കുറവ് 60 ശതമാനവുമായിരുന്നു. 2011 മാർച്ചിൽ എറണാകുളത്തെ ജോയ് ആലുക്കാസ് ഷോറൂമിൽ[39] ഉണ്ടായ വലിയ അഗ്നിബാധയ്ക്ക് ശേഷം സ്കൈലിഫ്റ്റ് ആവശ്യത്തിന് ആധുനിക ശ്വസനസഹായികൾ, ഫയർ ജാക്കറ്റുകൾ മുതലായവ ഉണ്ടായിരുന്നെങ്കിൽ നാശനഷ്ടത്തിന്റെ അളവ് കുറയ്ക്കുവാൻ കഴിയുമായിരുന്നുവെന്ന് അഗ്നിശമന രക്ഷാവകുപ്പ് സമ്മതിച്ചു. അഗ്നിശമനരക്ഷാ

38 ഡയറക്ടർ ജനറൽ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് സിവിൽ ഡിഫൻസ് (ഫയർ) ആഭ്യന്തരമന്ത്രാലയം, ഇന്ത്യാഗവൺമെന്റ് നിയമിച്ച റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻസ് ഇൻകോർപ്പറേറ്റഡ്

39 ഇപ്പോൾ "ആതിര ഗോൾഡ് ആന്റ് സിൽക്സ് പ്രവർത്തിക്കുന്നു.

പ്രവർത്തകരുടെ ജീവന് ഭീഷണിയുണ്ടാകുന്ന തരത്തിലും അഗ്നിശമനരക്ഷാ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലും സുരക്ഷാ സജ്ജീകരണങ്ങളുടെ ദൗർലഭ്യം വകുപ്പിൽ തുടർന്നുപോന്നു (2016 ആഗസ്റ്റ്).

ഭാരത സർക്കാരിൽ നിന്നും അഗ്നിശമന ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി ലഭിച്ച ₹22.50 കോടിയിൽ (2010 ഒക്ടോബർ) ₹13.26 കോടി മാത്രമേ വകുപ്പ് ചെലവഴിച്ചിട്ടുള്ളൂ എന്ന കാര്യം പരിഗണിക്കുമ്പോൾ ഉപകരണങ്ങളുടെ കുറവ് നികത്തുന്നതിൽ അഗ്നിശമനരക്ഷാ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ അശ്രദ്ധ എത്ര ഗുരുതരമാണെന്ന് മനസ്സിലാക്കാം. ഉപകരണങ്ങൾ വാങ്ങുന്നതിൽ/ ദർഘാസ് നടപടി പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസം മൂലമാണ് ഫണ്ട് ഉപയോഗിക്കുന്നതിൽ കുറവ് വന്നതെന്ന് ഓഡിറ്റ് കണ്ടെത്തി. ₹ 65 കോടി പദ്ധതി തുക കണക്കാക്കി സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള വിശദമായ അഭ്യർത്ഥനകൾ വകുപ്പ് സമർപ്പിച്ചിട്ടുണ്ടെന്നും ബജറ്റ് വിഹിതം ഈ വർഷം തന്നെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതായും സർക്കാർ മറുപടി നൽകി (2017 ജനുവരി).

**ഉയർന്ന കെട്ടിടങ്ങളിൽ തീയണയ്ക്കുന്നതിനുള്ള ശേഷിയില്ലായ്മ**

ഉയർന്ന കെട്ടിടങ്ങളിലെ നാലാം നിലയ്ക്കുമുകളിൽ അഗ്നിബാധയുണ്ടായാൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കഴിവ് തങ്ങൾക്കില്ലെന്ന് അഗ്നിശമനരക്ഷാ വകുപ്പ് 2010 ഏപ്രിലിൽ മനസ്സിലാക്കി. അതിനാൽ സാധാരണ ഏണി ഉപയോഗിക്കുന്നതിന് പകരം സ്കൈലിഫ്റ്റുകൾ (ഏരിയൽ പ്ലാറ്റ്ഫോം ലാഡർ) ലഭ്യമാക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകി. ഉയർന്ന കെട്ടിടങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കി (15 മീറ്ററിൽ കൂടുതൽ ഉയരമുള്ളവ) എല്ലാ ജില്ലകളിലും ഹൈഡ്രോളിക് പ്ലാറ്റ്ഫോം/ഏരിയൽ പ്ലാറ്റ്ഫോം പാഡർ (എ.പി.എൽ.)/ടേൺ ടേബിൾ ലാഡർ (ടി.ടി.എൽ.) ലഭ്യമാക്കണമെന്ന് അർ.എം.എസ്.ഐ.യും ശിപാർശ നൽകിയിരുന്നു.

ഒരു സ്കൈലിഫ്റ്റ് വാങ്ങുന്നതിനുവേണ്ടി കേരള സർക്കാർ 2010 ഒക്ടോബറിൽ ഭരണാനുമതി നൽകുകയും ആറ് കോടി രൂപ പ്രത്യേകമായി അനുവദിക്കുകയും ചെയ്തെങ്കിലും 2014 ഡിസംബറിൽ നാല് വർഷത്തിനുശേഷമാണ് ഡിജിയ്ക്ക് സാങ്കേതിക മാനദണ്ഡങ്ങൾ അന്തിമമാക്കാനും ഇ-ടെൻഡർ പുറപ്പെടുവിക്കാനും കഴിഞ്ഞത്. എന്നാൽ, ഇ-ടെൻഡറിന് ഒരു പ്രതികരണവുമുണ്ടായില്ല. 2015 ഡിസംബറിൽ ഡി.ജി. ഒരു എ.പി.എൽ.-നു പകരം ഒരു ടി.ടി.എൽ. വാങ്ങാൻ അനുമതി നൽകണമെന്ന് കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു. കേരള സർക്കാർ ഒരു

ടി.ടി.എൽ. വാങ്ങാനുള്ള പുതുക്കിയ ഭരണാനുമതി (₹9.24 കോടി) നൽകിയെങ്കിലും (2016 ജനുവരി) ഡി.ജി. ഇതുവരെയും വാങ്ങാനുള്ള പ്രക്രിയകൾ ആരംഭിച്ചിട്ടില്ല, അതേസമയം, ഡി.ജി. അഞ്ച് ജില്ലകൾക്കുവേണ്ടി (എറണാകുളം കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ) 60 മീറ്റർ ഉയരമുള്ള അഞ്ച് ടി.ടി.എൽ.-ഉം 45 മീറ്റർ ഉയരമുള്ള രണ്ട് എ.പി.എൽ.-ഉം വാങ്ങാനുള്ള പുതിയ നിർദ്ദേശം കേരള സർക്കാരിന് സമർപ്പിച്ചു.

യഥാസമയം ഡി.ജി.-യ്ക്ക് ആവശ്യകതയും സാങ്കേതികമാനദണ്ഡങ്ങളും നിർണ്ണയിക്കാൻ കഴിയാത്തതുകാരണം സ്കൈലിഫ്റ്റ്/ടി.ടി.എൽ. ഇനിയും വാങ്ങാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഉയരംകൂടിയ കെട്ടിടങ്ങളിൽ അഗ്നിശമനം നടത്താനുള്ള ഉപകരണങ്ങൾ അഗ്നിശമനരക്ഷാ വകുപ്പിന് ലഭ്യമായില്ല. സ്കൈലിഫ്റ്റ് ഉണ്ടായിരുന്നെങ്കിൽ 2011-ൽ ഉണ്ടായ ഒരു അഗ്നിബാധയിൽ ഒരു കെട്ടിടത്തിൽ[41] സൂക്ഷിച്ചിരുന്ന 60 കോടിയുടെ സാധനങ്ങളുടെ നഷ്ടം ഒഴിവാക്കാമായിരുന്നുവെന്ന് അഗ്നിശമന സംരക്ഷണ വകുപ്പ് മനസ്സിലാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ഫണ്ട് ലഭ്യമായിരുന്നിട്ടും ഉപകരണങ്ങൾ വാങ്ങുന്നതിൽ അഗ്നിശമന സംരക്ഷണ വകുപ്പ് പരാജയപ്പെട്ടത് ഉയരംകൂടിയ കെട്ടിടങ്ങളിൽ അഗ്നിശമന പ്രവർത്തനങ്ങൾ നടത്തുന്നതിനെ ദോഷകരമായി ബാധിച്ചു.

### നിരീക്ഷണവും പരിശോധനയും (5.1.9)

#### കാലാനുസൃതമയ പരിശോധനകളിൽ ഉണ്ടായ കുറവ് (5.1.9.1)

ഉയർന്ന കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമ്മേളന കെട്ടിടങ്ങൾ തുടങ്ങിയവയിലെ അഗ്നിസുരക്ഷാ സംവിധാനങ്ങൾ വ്യവസ്ഥാനുസൃതമായും കാലാനുസൃതമായും പരിശോധിക്കേണ്ടത്, ദേശീയ കെട്ടിടനിയമം/കെ.എം.ബി.ആർ./കെ.പി.ബി.ആർ. എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നപ്രകാരമുള്ള അഗ്നിസുരക്ഷാ സംവിധാനങ്ങളുടെയും മാനദണ്ഡങ്ങളുടെയും തുടർച്ചയായ പരിപാലനം ഉറപ്പ് വരുത്തുന്നതിന് അത്യാവശ്യമാണ്. ഡി.ജി.യുടെ ഉത്തരവുകൾ പ്രകാരം (2012 ജൂൺ) ഡിവിഷണൽ ഓഫീസറും അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറും യഥാക്രമം നാലും ആറും കെട്ടിടങ്ങളും (കഴിയുന്നിടത്തോളം വ്യാവസായിക, വിദ്യാഭ്യാസ, സമ്മേളന

41 എറണാകുളത്തെ ജോയ് ആലുക്കാസ് ഷോറൂം

കെട്ടിടങ്ങൾ), സ്റ്റേഷൻ അധികാരികൾ കുറഞ്ഞത് പത്തും കെട്ടിടങ്ങൾ എല്ലാ മാസവും പരിശോധിക്കേണ്ടതാണ്. കൂടാതെ കെട്ടിട ഉടമകളെ പോരായ്മകൾ പരിഹരിക്കേണ്ടതിനായി ഉപദേശിക്കുകയും അനുവർത്തന റിപ്പോർട്ട് ആസ്ഥാന കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതുമാണ്.

പരിശോധന നടത്തിയ കേന്ദ്രങ്ങളിൽ പരിശോധനകളുമായി ബന്ധപ്പെട്ട മതിയായ രേഖകൾ ലഭ്യമല്ലാതിരുന്നതിനാൽ മൂന്ന് ഡിവിഷണൽ അധികാരികൾക്കും അഞ്ച് അസിസ്റ്റന്റ് ഡിവിഷണൽ അധികാരികൾക്കും 15 അഗ്നിശമനരക്ഷാ നിലയങ്ങൾക്കും ഓഡിറ്റ് ചോദ്യാവലി നൽകി. തൃശ്ശൂർ സ്റ്റേഷൻ അധികാരി രണ്ട് മാസങ്ങളിലും (2012 ആഗസ്റ്റ്, 2012 സെപ്റ്റംബർ) ചാമക്കട സ്റ്റേഷൻ അധികാരി മൂന്ന് മാസങ്ങളിലും (2012 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ) നടത്തിയ പരിശോധനകൾ ഒഴിച്ചാൽ നിർദ്ദേശപ്രകാരമുള്ള പരിശോധനകൾ ഒരു തലത്തിലും നടത്തിയിട്ടില്ലെന്ന് ഉദ്യോഗസ്ഥർ നൽകിയ മറുപടിയിൽ നിന്നും വ്യക്തമായി. ഇക്കാര്യത്തിൽ ഡി.ജി.യുടെ ഭാഗത്ത് നിന്നും യാതൊരു നിരീക്ഷണവും ഉണ്ടായിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് പരിശോധന നടത്തിയ ഡി.ഒ./എ.ഡി.ഒ./അഗ്നിശമന രക്ഷാനിലയങ്ങളിൽ 93 ശതമാനം മുതൽ 100 ശതമാനം വരെയുള്ള ശ്രേണിയിൽ പരിശോധനകൾ നടത്തുന്നതിലുണ്ടായ കുറവ് കണ്ടെത്തി.

2010 ജൂലൈ മുതൽ 2016 ഏപ്രിൽ വരെയുള്ള കാലയളവിൽ വലിയ തോതിൽ അഗ്നിബാധയുണ്ടായ ആറ് കെട്ടിടങ്ങൾ സംയുക്ത പരിശോധനയ്ക്ക് വിധേയമായപ്പോൾ അവയിലൊന്നും തന്നെ അപകടത്തിന് മുമ്പായി അഗ്നിശമനരക്ഷാ വകുപ്പ് നടത്തേണ്ടതായിരുന്ന കാലാനുസൃതമായ പരിശോധനകളുടെ രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ല. ലാക്ഷണിക പരിശോധന നടത്തിയ 21 കേന്ദ്രങ്ങളിലും[46] കാലാനുസൃത പരിശോധനാ റിപ്പോർട്ടുകൾ കണ്ടെത്താൻ സാധിച്ചില്ല. പട്ടികയിൽ വിവരിച്ചിരിക്കുന്നത് പ്രകാരം കെട്ടിടങ്ങളിൽ അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ അപര്യാപ്തം/ ഉപയോഗശൂന്യമായ അവസ്ഥയിലാണെന്ന് സംയുക്ത പരിശോധനയിൽ വ്യക്തമായി.

---

46 ലാക്ഷണിക പരിശോധന നടത്തിയ 23 എണ്ണത്തിൽ തൃശ്ശൂർ, ചാമക്കട അഗ്നിശമന രക്ഷാനിലയങ്ങൾ ഒഴികെ 21 എണ്ണം

**പട്ടിക: വലിയ അഗ്നിബാധയുണ്ടായ കെട്ടിടങ്ങൾ- തകരാറിലായ അഗ്നി സുരക്ഷാ സംവിധാനങ്ങൾ**

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേര്/ഫയർ സ്റ്റേഷൻ | അഗ്നിബാധ യുണ്ടായ ദിവസം | നഷ്ടം (₹കോടി യിൽ) | സംയുക്ത പരിശോധനയിൽ കണ്ടെത്തിയ പ്രധാന പോരായ്മകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | ജോയ് ആലുക്കാസ് ഷോറൂം (നിലവിൽ ആതിര ഗോൾഡ് ആന്റ് സിൽക്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു) / ക്ലബ്ബ് റോഡ്, എറണാകുളം | 26-3-2011 | 60.00 | • കാലഹരണപ്പെട്ട അഗ്നി ശമന യന്ത്രങ്ങൾ<br>• പൈപ്പ് ലൈനിൽ ജലദൗർലഭ്യം<br>• ഡക്റ്റുകളും ഷാഫ്റ്റുകളും പെട്ടെന്ന് ശ്രദ്ധയിൽപ്പെടാത്തവിധം ടയൽ റൂമുകൾക്കുള്ളിലും മൂത്രപ്പുരയ്ക്കുള്ളിലും സ്ഥാപിച്ചിരിക്കുന്നത്<br>• അഗ്നിശമന പമ്പിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിച്ചിരിക്കുന്നതും പകരം വൈദ്യുത സ്രോതസ്സ് ബന്ധിപ്പിക്കാതിരുന്നതും<br>• നിയന്ത്രണപാനലിലേയ്ക്കുള്ള വൈദ്യുത ബന്ധം വിച്ഛേദിച്ചിരുന്നത്<br>• അഗ്നിബാധയുണ്ടാകുമ്പോൾ രക്ഷപ്പെടുന്നതിനായുള്ള ഗോവണി ഒന്നാം |

| | | | | |
|---|---|---|---|---|
| | | | | നിലയിൽ അവസാനിച്ചിരുന്നതു കൂടാതെ അത് പഴയ സാധനങ്ങൾ കൂട്ടിയിട്ട് തടസ്സപ്പെട്ടു കിടന്നതായും കണ്ടെത്തി. മുകൾനിലയിലുള്ള റഫ്യൂജ് ഏരിയ അടച്ചിട്ടിരുന്നു. കൂടാതെ അത് ജീവനക്കാർക്കുള്ള ഭക്ഷണ മുറിയായി ഉപയോഗിച്ചുവരുകയായിരുന്നു |
| 2 | കെ.ആർ.എസ് ഗോഡൗൺ/ തിരുവനനന്തപുരം | 21-11-2011 | 1.45 | • അഗ്നിശമന ഉപകരണങ്ങൾ ഉൾപ്പെട്ട സ്ഥിരമായതോ എടുത്തുകൊണ്ട് പോകാൻ കഴിയുന്നതോ ആയ സംവിധാനങ്ങൾ ലഭ്യമായിരുന്നില്ല. |
| 3 | കൊട്ടക്ക് മഹീന്ദ്ര ബാങ്ക്, ആൽത്തറ/ തിരുവനന്തപുരം | 23-4-2011 | 0.15 | • എടുത്തുകൊണ്ട് പോകാൻ കഴിയുന്ന അഗ്നിശമന യന്ത്രങ്ങൾ ഒഴികെയുള്ള ക്രമീകരണങ്ങൾ ഒന്നും ലഭ്യമല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | ബിഗ് ബസാർ, തിരുവനന്തപുരം | 13-11-2015 | 5.22 | • ഫയർ ലിഫ്റ്റുകൾ ലഭ്യമല്ല.<br>• അടിയന്തര രക്ഷാവിളക്കുകൾ ലഭ്യമല്ല<br>• ഫയർ ഡക്റ്റിലേക്കും രക്ഷാ ഗോവണിയിലേക്കുമുള്ള വഴികൾ തടസ്സപ്പെട്ടു കിടന്നു |
| 5 | കെ.ആർ.എസ്. ഗോഡൗൺ, തിരുവനന്തപുരം | 25-7-2010 | 3.35 | • അഗ്നിശമനികൾ ഉൾപ്പെടെ സ്ഥിരമായതോ എടുത്തുകൊണ്ട് പോകാൻ കഴിയുന്നതോ ആയ ഒരു സംവിധാന വുമുണ്ടായിരുന്നില്ല. |
| 6 | ലുലു ഗോൾഡ്, കോഴിക്കോട് ബീച്ച് | 24-4-2016 | 1.68 | • രക്ഷാ ഗോവണി പൂട്ടിയിട്ടിരുന്നു<br>• എമർജൻസി ലൈറ്റിംഗ്സ്, സ്മോക്ക് ഡിറ്റക്റ്റർ, അഗ്നിരക്ഷാ മുന്നറിയിപ്പ് സംവിധാന പാനൽ എന്നിവ ക്രമീകരിച്ചിട്ടില്ല |

(അവലംബം : സംയുക്ത പരിശോധനാ റിപ്പോർട്ട്)

മൂന്ന് കെട്ടിടങ്ങളുടെ കാര്യത്തിൽ എൻ.ഒ.സി.-കൾ ഇല്ലാതിരിക്കുകയോ പുതുക്കാതിരിക്കുകയോ ചെയ്തതായി കണ്ടെത്തി. അങ്ങനെ വലിയ അഗ്നിബാധ ഉണ്ടായ കെട്ടിടങ്ങൾ പോലും ഉചിതമായ അഗ്നിശമന ക്രമീകരണങ്ങൾ ഇല്ലാതെ തുടർന്നും പ്രവർത്തിച്ചുകൊണ്ടിരുന്നു.

കാലാനുസൃതമായ പരിശോധനകൾക്കുള്ള നിർദ്ദേശങ്ങൾ കെ.എം.ബി.ആർ./ കെ.പി.ബി.ആർ.-ൽ ഇല്ലാത്തതും ഉദ്യോഗസ്ഥതലത്തിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും അഗ്നിശമന രക്ഷാവകുപ്പിൽ അഗ്നി പ്രതിരോധ വിഭാഗത്തിന്റെ അഭാവവും കാരണമാണ് പരിശോധനാഘട്ടങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കാലതാമസമുണ്ടാകുന്നതെന്ന് സർക്കാർ മറുപടി നൽകി (ജനുവരി 2017).

**സംഗ്രഹം (5.1.10)**

എൻ. ഡി. എം. എ. നിബന്ധനകൾക്കനുസൃതമായി പുതിയ കേരള അഗ്നിശമന സേനാ നിയമം പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതിനാൽ അഗ്നിസുരക്ഷാ നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമപരമായും ശിക്ഷാപരമായും നടപടികൾ സ്വീകരിക്കുന്നതിന് കേരള അഗ്നിശമന രക്ഷാവകുപ്പിനെ പ്രാപ്തമാക്കുന്ന വ്യവസ്ഥ കളൊന്നും നിലവിലില്ല. ചട്ടങ്ങളുടെ അഭാവത്തിൽ അഗ്നിശമന രക്ഷാവകുപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നത്, ഡി.ജി. പുറപ്പെടുവിക്കുന്ന, നിയമപരമായ പിൻബലമില്ലാത്ത ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

കേരള സർക്കാർ ഉചിതമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാതിരുന്നത് കാരണം അഗ്നിശമന രക്ഷാവകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമപരമായ പരിശോധനകൾ നടത്തുന്നതിനോ ഫലപ്രദമായി കൃത്യനിർവ്വഹണം നടത്തുന്നതിനോ അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനോ സാധിച്ചില്ല. കെട്ടിടങ്ങളിൽ ഗുരുതരമായ അഗ്നിബാധ ഭീഷണിയുണ്ടാകുന്ന തരത്തിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നതിലുണ്ടായ അപാകതകൾ ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തി. ദേശീയ കെട്ടിട നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നല്ല പ്രവർത്തനരീതി അവലംബിക്കുന്നതിൽ കേരള സർക്കാർ വീഴ്ച വരുത്തിയതുമൂലം അവ കെ.എം.ബി.ആർ.-ൽ ഉൾപ്പെടുത്തുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും സാധിച്ചില്ല.

ശ്വസനസഹായക ഉപകരണങ്ങൾ, അഗ്നിസുരക്ഷാ വസ്ത്രങ്ങൾ, വാക്കിടോക്കികൾ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങളുടെ അപര്യാപ്തതമൂലം അഗ്നിസുരക്ഷാ ഉദ്യോഗസ്ഥരുടെ ജീവനും സുരക്ഷിതമല്ലായിരുന്നു. എ.പി.എൽ., ടി.ടി.എൽ. മുതലായ ഉപകരണങ്ങളുടെ അഭാവത്തിൽ സംസ്ഥാനത്തെ ഉയർന്ന കെട്ടിടങ്ങളുടെ നാലാം നിലയ്ക്ക് മുകളിൽ അഗ്നിശമന പ്രവർത്തനങ്ങൾ നടത്താൻ വകുപ്പിന് കഴിഞ്ഞില്ല.

അഗ്നിസുരക്ഷയെയും പ്രതിരോധത്തെയും സംബന്ധിച്ച മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടത് ജനങ്ങളുടെ ജീവനും സ്വത്തിനും അപകട ഭീഷണി ഉണ്ടാകുന്നതിലേക്ക് നയിച്ചു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

(66) വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും അവസ്ഥ എന്ന ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കുന്ന 15 അഗ്നിശമന രക്ഷാനിലയങ്ങളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി 124 ഫയർ സ്റ്റേഷനുകളാണ് നിലവിലുള്ളതെന്നും മുൻ ഡയറക്ടർ ജനറൽ ഇതുസംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 228 ഫയർ സ്റ്റേഷനുകളാണ് സംസ്ഥാനത്ത് ആവശ്യമുള്ളതെന്നും ഫയർ സ്റ്റേഷനുകളുടെ എണ്ണവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രസ്തുത ഏകാംഗ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടെന്നും അഗ്നിശമനസേനാ ഡയറക്ടർ ജനറൽ അറിയിച്ചു .

(67) കാലപ്പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി പഴയ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ലെന്നും അടുത്തകാലത്ത് കുറെ പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു .

(68) ഉയർന്ന കെട്ടിടങ്ങളിൽ 4-ാം നിലയ്ക്കുമുകളിൽ അഗ്നിബാധ ഉണ്ടായാൽ തീ അണയ്ക്കുന്നതിന് അഗ്നിശമനസേനയ്ക്ക് സാധിക്കുന്നില്ലെന്നും ഇത്തരം കെട്ടിടങ്ങളിലേയ്ക്കുള്ള തീ അണയ്ക്കുന്നതിനായി ടി.ടി.എൽ. (ടേൺ ടേബിൾ ലാഡർ) വാങ്ങുന്നതിന് നാളിതുവരെ വകുപ്പിന് കഴിഞ്ഞിട്ടില്ലായെന്നും അഗ്നിശമനസേനാ വകുപ്പ് ഡയറക്ടർ ജനറൽ അറിയിച്ചു .

(69) ടി.ടി.എൽ. നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്നില്ലേ എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി ഇന്ത്യയിൽ സ്കൈമാക് എന്ന കമ്പനി പ്രസ്തുത ഉപകരണം നിർമ്മിക്കുന്നുണ്ടെങ്കിലും മെച്ചപ്പെട്ട നിലവാരത്തിലുള്ളതല്ലായെന്നും കമ്പ്യൂട്ടറിനാൽ നിയന്ത്രിക്കപ്പെടുന്നതും, വളരെയധികം സങ്കീർണ്ണവുമായ ഉപകരണമായതിനാൽ അറിയപ്പെടുന്ന ഉൽപ്പാദകരിൽനിന്നും വാങ്ങിയാൽ മാത്രമേ പ്രയോജന പ്രദമാകുകയുള്ളൂവെന്നും ആയതിനാൽ പ്രസ്തുത ഉപകരണം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ മുഖേന വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും അഗ്നിശമന സേനാവകുപ്പ് ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു. പ്രസ്തുത ഉപകരണത്തിന്റെ ഉൽപ്പാദകർ വിദേശ കമ്പനികളായതിനാൽ അവ ഇറക്കുമതി ചെയ്യുന്നതിന് മാത്രമേ സാധിക്കുകയുള്ളൂവെന്നും 15 കോടിയോളം വിലവരുന്ന പ്രസ്തുത ഉപകരണം തിരുവനന്തപുരം, എറണാകുളം ഉൾപ്പെടെ ഉയർന്ന കെട്ടിടങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിൽ അത്യാവശ്യമാണെന്നും ഡയറക്ടർ ജനറൽ അറിയിച്ചു .

(70) സർക്കാർ ഉചിതമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാതിരുന്നതിനാൽ അഗ്നിശമന രക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമപരമായ പരിശോധനകൾ നടത്തുന്നതിനോ അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനോ സാധിക്കില്ലായെന്നും കെ.എം.ബി.ആർ.-ൽ ദേശീയ കെട്ടിട നിയമത്തിലെ വ്യവസ്ഥകൾ യഥാവിധി ഉൾപ്പെടുത്താത്തതും, ടി.ടി.എൽ., എ.പി.എൽ. മുതലായ ഉപകരണങ്ങളുടെ അഭാവവും അഗ്നിശമനരക്ഷാ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു എന്നും സമിതി അഭിപ്രായപ്പെട്ടു.

(71) പ്രളയസമയത്ത് അഗ്നിശമനസേന വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചെങ്കിലും ആവശ്യമായ ഉപകരണങ്ങളുടെ അപര്യാപ്തത കാരണം വളരെയധികം ബുദ്ധിമുട്ടുണ്ടായിരുന്നുവെന്ന് ചൂണ്ടിക്കാട്ടിയ സമിതി അഗ്നിശമനസേനയുടെ പോരായ്മകൾ പരിഹരിച്ച് വകുപ്പിനെ ശാക്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകാൻ തീരുമാനിച്ചു . ഡയറക്ടർ ജനറൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമാക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുകയും ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് ശാക്തീകരിക്കുന്നത് സംബന്ധിച്ച ശിപാർശകൾ സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

(72) സർക്കാർ ഉചിതമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാതിരുന്നതിനാൽ അഗ്നിശമന രക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമപരമായ പരിശോധനകൾ നടത്തുന്നതിനോ അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനോ സാധിക്കില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അഗ്നിശമനസേനാ വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ശിക്ഷാവിധികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമ ഭേദഗതി നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(73) ദുരന്തങ്ങളിൽ ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടം പരമാവധി കുറയ്ക്കണമെന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന അഗ്നിശമനസേനയ്ക്ക് ആ ലക്ഷ്യം പ്രാപ്യമാക്കുന്നതിന് ആവശ്യമായ മാനവശേഷി ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. വകുപ്പിന്റെ ആസ്ഥാന കാര്യാലയം, ഡിവിഷണൽ ഓഫീസർമാർ, അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാർ എന്നിവരുടെ കീഴിലുള്ള കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ വേണ്ടത്ര ഉദ്യോഗസ്ഥരില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള മാനവശേഷിയുടെ കുറവ് അഗ്നിസുരക്ഷയിലും പ്രതിരോധത്തിലും പ്രവർത്തിക്കുന്ന വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നതിലും വിഘാതം സൃഷ്ടിക്കുന്നതായി സമിതി വിലയിരുത്തുന്നു. 24 മണിക്കൂറും ജാഗ്രതയോടെയും പ്രവർത്തനസജ്ജമായും ഇരിക്കേണ്ട സേനയ്ക്ക് മുഴുവൻ സമയവും റൊട്ടേഷനൽ ഡ്യൂട്ടിക്ക് നിയോഗിക്കുവാൻ ആവശ്യമായ ജീവനക്കാരില്ല എന്നത് ആശങ്ക ഉളവാക്കുന്ന വസ്തുതയാണ്. ആയതിനാൽ, അഗ്നിശമന സേനയുടെ വിവിധ കാര്യാലയങ്ങൾ, ഫയർ സ്റ്റേഷനുകൾ എന്നിവയിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും പ്രത്യേകമായി താഴേക്കിടയിൽ അംഗബലം കൂട്ടണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഡി.ഒ., എ.ഡി.ഒ. തലത്തിലുള്ള തസ്തികകൾ വർദ്ധിപ്പിക്കണമെന്നും സാങ്കേതിക പരിജ്ഞാനത്തിനും, യോഗ്യതയ്ക്കും ഊന്നൽ നൽകിക്കൊണ്ട് ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(74) ജില്ലകളിലെ ഫയർ ഓഫീസർക്ക് സ്റ്റേഷനുകളുടെ മേൽനോട്ടത്തിന് സമയം കണ്ടെത്താനാകാത്തത് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ജില്ലാ ഓഫീസറെ സഹായിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(75) അഗ്നിശമനസേനാ വിഭാഗത്തിലേക്ക് കൂടുതലായി ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിനും യോഗ്യരായവരേയും മികവുറ്റവരേയും ലഭിക്കുന്നതിനുമായി വിവിധ സേനാവിഭാഗങ്ങളിലേക്ക് ആകർഷണീയമായ രീതിയിൽ നടത്തുന്ന പോലെയുള്ള റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിക്കണമെന്നും റിക്രൂട്ട്മെന്റ് നടപടികൾക്ക് വേണ്ടത്ര പ്രചാരണം കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(76) സാങ്കേതിക പരിജ്ഞാനം മാത്രമല്ല ഉയർന്ന കായികക്ഷമതയും വൈദഗ്ദ്ധ്യവും ആവശ്യമായ പ്രവർത്തന മേഖലയാണ് സേനയുടേത്. വിവിധ വാഹനങ്ങൾ ഓടിക്കുന്നതിലുള്ള മികവും നീന്തൽ വൈദഗ്ദ്ധ്യവും ഒരു സേനാംഗത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട കഴിവുകളാണ് എന്ന് സമിതി കരുതുന്നു. ആയതിനാൽ സേനയിലെ ഏതൊരു തസ്തികയിലേക്കും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ കായികക്ഷമത കൂടാതെ ഡ്രൈവിംഗ്, നീന്തൽ എന്നിവയിലെ പരിജ്ഞാനം കൂടി അടിസ്ഥാന യോഗ്യതയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(77) ദുരന്തമുഖങ്ങളിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്ന പോലീസ്, വിദ്യുച്ഛക്തി തുടങ്ങിയ മറ്റു വിഭാഗങ്ങളിൽ നിന്നുള്ളവരിൽ നിന്നും അഗ്നിശമനസേനാ വിഭാഗക്കാരെ പ്രത്യേകമായി വേർതിരിച്ചറിയേണ്ടത് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സഹായകമാകുമെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ സേനയ്ക്ക് പ്രത്യേകമായ ഐഡന്റിറ്റി നൽകുന്നത് സേനാംഗങ്ങൾക്ക് അഭിമാനവും ഊർജ്ജവും പകരുമെന്നും സമിതി കരുതുന്നു. ദൂരെനിന്ന് പോലും വേർതിരിച്ചറിയുവാൻ കഴിയുന്ന തരത്തിൽ അഗ്നിശമന സേനാംഗങ്ങൾക്ക് ശ്രദ്ധേയവും സൗകര്യപ്രദവുമായ യൂണിഫോം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(78) ഉയർന്ന കെട്ടിടങ്ങളിൽ നാലാം നിലയ്ക്ക് മുകളിൽ അഗ്നിബാധ ഉണ്ടായാൽ തീ അണയ്ക്കുന്നതിന് സാധിക്കുന്നില്ലായെന്നത് കൂടുതൽ അപകടങ്ങൾക്ക് വഴിവയ്ക്കുമെന്നും ഇത്തരം കെട്ടിടങ്ങളിൽ തീ അണയ്ക്കുന്നതിനായി ഉപയോഗിക്കുന്ന ടേൺടേബിൾ ലാഡർ എന്ന ഉപകരണം വാങ്ങുന്നതിന് നാളിതുവരെ വകുപ്പിന് കഴിഞ്ഞിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു ഫ്ലാറ്റ് സംസ്കാരം വളർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ടേൺടേബിൾ ലാഡർ എന്ന ഉപകരണം രക്ഷാദൗത്യത്തിന് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി . ഇത് ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വളരെ സങ്കീർണ്ണതയുള്ള ഉപകരണമായതിനാൽ അറിയപ്പെടുന്ന ഉത്പാദകരിൽ നിന്നും പ്രവർത്തന മികവ് മാനദണ്ഡമാക്കി വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത ഉപകരണം വാങ്ങുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## വാഹനങ്ങൾ/ രക്ഷാനിലയങ്ങൾ

(79) രക്ഷാദൗത്യത്തിന് അത്യന്താപേക്ഷിതമാണ് കുറ്റമറ്റതും മികച്ച പ്രവർത്തനക്ഷമതയും ഉള്ള വാഹനങ്ങൾ. എന്നാൽ പലയിടത്തും ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾ, പ്രത്യേകിച്ച് ഫയർ ടെണ്ടറുകൾ, കാലപ്പഴക്കം ചെന്ന് കാര്യശേഷി കുറഞ്ഞതാണെന്ന് സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. കൂടാതെ വാഹന ദൗർലഭ്യവും പലയിടത്തും ശ്രദ്ധയിൽപ്പെട്ടു. ഇക്കാരണങ്ങൾ കൊണ്ട് അപകട സ്ഥലത്ത് കൃത്യമായി എത്തിച്ചേരുന്നതിന് സേനയ്ക്ക് സാധ്യമാകുന്നില്ല. സേനയുടെ പ്രതികരണ സമയം കുറയ്ക്കുന്നതിന് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

(80) ആയതിനാൽ, കാലപ്പഴക്കംചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ വാഹനങ്ങൾ വിൽക്കുകയോ കണ്ടം ചെയ്യുകയോ ചെയ്ത് പുതിയ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ആയവ ലഭ്യമാക്കി സേനയുടെ ക്രിയാശേഷി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(81) ഇന്ത്യയിൽ ഏറ്റവും ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അപകടസാധ്യത കൂടുതലാണ്. ദുരന്തമുഖത്ത് എത്തിച്ചേരുന്നതിൽ ഉള്ള സമയദൈർഘ്യം കുറയുന്നത് വിലപ്പെട്ട ജീവനും സ്വത്തും രക്ഷപ്പെടുത്തുന്നതിൽ നിർണ്ണായകമാണ്. ആയതിനാൽ രക്ഷാസേനയുടെ പ്രവർത്തന സമയം കുറയ്ക്കുന്നതിനായി അഗ്നിശമനരക്ഷാ നിലയങ്ങളുടെ എണ്ണം അടിയന്തരമായി വർദ്ധിപ്പിക്കണമെന്നും അതിനായി അനുയോജ്യമായ സ്ഥലങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തി നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## രക്ഷാപ്രവർത്തകർക്കുള്ള സുരക്ഷാസജ്ജീകരണങ്ങൾ

(82) രക്ഷാപ്രവർത്തനത്തിലേർപ്പെടുന്ന അംഗങ്ങളുടെ സുരക്ഷയ്ക്ക് മുൻഗണന നൽകേണ്ടത് അത്യന്താപേക്ഷിതമാണ് എന്നിരിക്കിലും അവർക്കുവേണ്ട ജീവൻരക്ഷാ ഉപകരണങ്ങളായ ശ്വസനസഹായികൾ, അഗ്നിപ്രതിരോധ വസ്ത്രങ്ങൾ എന്നിവയുടെ അഭാവം പ്രകടമാണ്. കൂടാതെ പ്രളയം, മഴക്കെടുതി, അഗ്നിബാധ, ഉരുൾപൊട്ടൽ തുടങ്ങി വിവിധ തരത്തിലുള്ള ദുരന്തങ്ങളിലെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ധരിക്കുന്നത് ഒരേ തരത്തിലുള്ള വസ്ത്രങ്ങളാണ് എന്നത് സേനാംഗങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്നതു മാത്രമല്ല അവരുടെ ജീവന് തന്നെ ഭീഷണിയാണ് എന്ന വസ്തുത കാണാതിരിക്കുവാൻ കഴിയില്ല എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

(83) ആയതിനാൽ രക്ഷാദൗത്യത്തിലേർപ്പെടുന്ന സേനയിലെ എല്ലാവർക്കും സ്വയരക്ഷാ ഉപകരണങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്നും അതിൽ ഫയർ ഫൈറ്റിംഗ് സ്യൂട്ടും, ഡ്രൗണിംഗ് റെസ്ക്യൂ സ്യൂട്ടും ഉൾപ്പെടുത്തണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

(84) ഏതു തരത്തിലുള്ള ദുരന്തങ്ങളിലെയും രക്ഷാപ്രവർത്തനത്തിന് ഉപയോഗപ്രദമാകുന്ന, പൊതു ഉപയോഗത്തിനായി ആവശ്യം വരുന്ന, രക്ഷാ ഉപകരണങ്ങൾ ഓരോ ഫയർ സ്റ്റേഷനിലും ലഭ്യമാക്കേണ്ടതാണ് എന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രത്യേക സ്ഥിതി വിശേഷത്തിൽ ഉപയോഗം വരുന്ന രക്ഷാ ഉപകരണങ്ങൾ പ്രധാന രക്ഷാനിലയങ്ങളിലും സംഭരിച്ചുവയ്ക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### വിവിധ മേഖലകളിലേയ്ക്ക് ആവശ്യമായ രക്ഷാദൗത്യ ഉപകരണങ്ങൾ

(85) നിലവിൽ നമ്മുടെ ധാരണയിൽ രക്ഷാദൗത്യമേഖല എന്നുള്ളത് പ്രളയം, അഗ്നിബാധ, കെട്ടിടങ്ങൾ നിലംപൊത്തുന്നത്, ഉരുൾപ്പൊട്ടൽ എന്നിവ മാത്രമാണ്. എന്നാൽ അപകട മേഖലകൾ വിപുലവും, പ്രവചനാതീതവുമാണ്. വാതകചോർച്ച, വിഷവാതക/എണ്ണ ചോർച്ച, ബോംബ് സ്ഫോടനം, വിമാന അപകടം, സുനാമി, ഭൂകമ്പം, ബോട്ട്/കപ്പൽ എന്നിവയുടെ തകർച്ച എന്നിങ്ങനെയുള്ള അപകടങ്ങളും ഉണ്ടാകാം. ഇത്തരത്തിലുള്ള അപകടങ്ങൾ നേരിടുന്നതിന് അഗ്നിശമന സേനയ്ക്ക് നൂതന സാങ്കേതിക ഉപകരണങ്ങൾ വേണമെന്ന് സമിതി മനസ്സിലാക്കുന്നു.

(86) ഉരുൾപൊട്ടൽ, ഭൂകമ്പം, കെട്ടിടങ്ങൾ നിലംപൊത്തുന്നത് എന്നിവ ഇപ്പോഴും ഉണ്ടാകുന്നുണ്ടെങ്കിലും അവയിൽ കുടുങ്ങി കിടക്കുന്നവരെ കണ്ടെത്തുവാൻ ആവശ്യമായ നിരീക്ഷണ ക്യാമറകളോ ശ്രവ്യ ഉപകരണങ്ങളോ സേനയിൽ ഇല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഏത് ഭൂപ്രദേശത്തിലും വിവിധ അപകടങ്ങളിലും അനുയോജ്യം ആയ സവിശേഷ സാങ്കേതിക ഉപകരണങ്ങൾ കരസ്ഥമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഏത് സാഹചര്യവും നേരിടാൻ അഗ്നിശമന സേനയെ സജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(87) വിവിധങ്ങളായ അപകടങ്ങളിൽ/മേഖലകളിൽ രക്ഷാദൗത്യത്തിന് പര്യാപ്തമാകുന്ന തരത്തിൽ സവിശേഷ പരിശീലനം സേനാംഗങ്ങൾക്ക് നൽകിയാൽ മാത്രമേ വളരെയധികം പ്രാധാന്യവും വ്യാപ്തിയുമുള്ള രക്ഷാപ്രവർത്തനത്തിന് ഏർപ്പെടുവാൻ സേനാംഗങ്ങൾക്ക് സാധിക്കുകയുള്ളൂ. സേനാംഗങ്ങളുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും

വിവിധങ്ങളായ അപകടങ്ങളെ നേരിടുന്നതിനും പര്യാപ്തമാകുവാൻ തക്കവണ്ണം സവിശേഷമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(88) ഓരോ രക്ഷാദൗത്യത്തിനും നിർദ്ദിഷ്ട മാനദണ്ഡം നിശ്ചയിക്കണമെന്നും അപ്രകാരം തന്നെ പ്രവർത്തിക്കുന്നതിന് ഓരോന്നിനും standard operating procedure and code of safety procedure വേണമെന്നും സമിതി നിർദ്ദേശിക്കുന്നു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*

*പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 21.

288/2021.

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ ശിപാർശ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 6 | ആഭ്യന്തര വകുപ്പ് | പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച ധനസഹായത്താൽ പൈതൃക കോടതി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് എസ്റ്റിമേറ്റും, പ്ലാനും, ഡിസൈനും പുരാവസ്തു വകുപ്പ് നൽകിയിട്ടും ശരിയായ മേൽനോട്ടമില്ലാത്തതിനാൽ ആറ് പ്രധാന കോടതികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ലായെന്നും സംസ്ഥാനത്തിന് വളരെ എളുപ്പത്തിൽ നടപ്പാക്കാൻ സാധിക്കുമായിരുന്ന പദ്ധതിപോലും ചെയ്യാൻ കഴിഞ്ഞില്ലായെന്നത് ഖേദകരമായ അവസ്ഥയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 2 | 7 | ആഭ്യന്തര വകുപ്പ് | പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണം പ്രത്യേകതരം പ്രവൃത്തിയായതിനാലാണ് പുരാവസ്തു വകുപ്പിനെ ചുമതല ഏൽപ്പിച്ചത് എന്നാൽ അവരുടെ പ്രവർത്തനങ്ങളും, ജോലിയുടെ സ്വഭാവവും മന്ദഗതിയിലായിരുന്നുവെന്നും, എല്ലാ വകുപ്പുസെക്രട്ടറിമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഉന്നതതല മേൽനോട്ട സമിതി രൂപീകരിച്ചുവെങ്കിലും ഇത്തരം പ്രവർത്തനങ്ങളുടെ തുടർ നടപടികൾ സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടായിരുന്നില്ലെന്നും അത് കാരണമാണ് ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് നഷ്ടമായതെന്നും സമിതി മനസ്സിലാക്കുന്നു. ഭാവിയിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇത്തരം പ്രവൃത്തികളിൽ വകുപ്പുകളുടെ കൃത്യമായ മേൽനോട്ടമുണ്ടാകുന്നതിനായി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രവൃത്തി നടപ്പാക്കുന്ന വകുപ്പിനും ഉന്നതതല മേൽനോട്ട സമിതിയ്ക്കുമായി പദ്ധതി നിർവ്വഹണത്തിന്റെ ഉത്തരവാദിത്തം ഏല്പിക്കണമെന്നും വീഴ്ച സംഭവിച്ചാൽ ഇരുകൂട്ടരുടെ പേരിലും നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. മേലിലും വിവിധ ആവശ്യങ്ങൾക്കായി ലഭിക്കുന്ന ധനകാര്യ ഗ്രാന്റ് നഷ്ടമാകാതിരിക്കുവാനുള്ള മുൻകരുതലുകൾ എടുക്കണമെന്നും അതിന് സഹായകമായ നടപടികൾ സ്വീകരിക്കുകയും സ്വീകരിച്ച നടപടികൾ/ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് സമിതിയ്ക്ക് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 23 | ആഭ്യന്തര വകുപ്പ് | സംസ്ഥാനത്തെ പൈതൃക കോടതി കെട്ടിടങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വേണ്ടി പതിമൂന്നാം ധനകാര്യ കമ്മീഷൻ കേരള സർക്കാരിന് അനുവദിച്ച തുക ചെലവഴിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പുരാവസ്തു വകുപ്പ് പുനരുദ്ധാരണ ജോലി ഏറ്റെടുത്ത ശേഷം നാല് വർഷത്തിലധികമായിട്ടും നാല് കോടതി കെട്ടിടങ്ങളുടെ നവീകരണ ജോലി പൂർത്തിയാക്കാത്തതും ബാക്കിയുള്ള ആറ് കോടതി കെട്ടിടങ്ങളുടെ ജോലി ഏറ്റെടുക്കാത്തതും 8.49 കോടി രൂപയുടെ ടി.എച്ച്.എഫ്.സി. ധനസഹായം നഷ്ടപ്പെടുന്നതിനിടയാക്കി. ഇത്തരം പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടു എന്നത് മാത്രമല്ല ഇത്തരം കെട്ടിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് ലഭിച്ച അവസരം പാഴാക്കി കളഞ്ഞുവെന്നും സമിതി വിലയിരുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 24 | ആഭ്യന്തര വകുപ്പ് | സംസ്ഥാനത്തെ കോടതികൾ വളരെ ഭംഗിയുള്ള പൗരാണിക മൂല്യങ്ങളുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും അവയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി വകുപ്പിന്റെ ഭാഗത്തു നിന്നും വളരെ ഊർജ്ജിതമായ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 5 | 25 | പുരാവസ്തു-പുരാരേഖ, ധനകാര്യ വകുപ്പ് | എച്ച്.എൽ.എം.സി. യുടെ നിർദ്ദേശപ്രകാരമാണ് കോടതി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തി ഹിന്ദുസ്ഥാൻ പ്രീഫാബിന് 2014 ജൂലൈ മാസത്തിൽ കൈമാറിയത്. എന്നാൽ 2014 സെപ്റ്റംബറിലാണ് സർക്കാർ ഇതിനായി അനുമതി നൽകിയത്. തുടർന്ന് 2014-15 കാലയളവിനുള്ളിൽ തീർക്കാൻ കഴിയാത്ത പണികൾ തുടങ്ങേണ്ടതില്ലെന്ന് മോണിറ്ററിംഗ് കമ്മിറ്റി 2014 ഡിസംബറിൽ അറിയിച്ചതിനാൽ ടി സ്ഥാപനത്തിന് വർക്ക് തുടങ്ങാനും കഴിഞ്ഞില്ല എന്ന അനുമാനത്തിൽ സമിതി എത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്തത് സംബന്ധിച്ച് പുരാവസ്തു വകുപ്പും വിഷയം കൂടുതൽ വിശദമായി പരിശോധിച്ച് പാളിച്ചകൾ വിശകലനം ചെയ്ത് ധനവകുപ്പും സമിതിക്ക് അടിയന്തര റിപ്പോർട്ടുകൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 28 | ആഭ്യന്തര വകുപ്പ് | ജുഡീഷ്യൽ അക്കാദമി സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഗ്രാന്റിന് വിധേയമായി ചെലവഴിച്ച 10.05 കോടി രൂപ റീഇംബേഴ്സ് ചെയ്ത് കിട്ടുന്നതിനായി വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള വീഴ്ച നീതീകരിക്കത്തക്കതല്ലെന്ന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി ചൂണ്ടിക്കാട്ടുന്നു. കേന്ദ്ര സർക്കാർ ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ ഭാവിയിൽ പദ്ധതികളുടെ നിർവ്വഹണത്തിലും മേൽനോട്ടത്തിലും കൃത്യത പാലിക്കേണ്ടതാണെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നതോടൊപ്പം ജുഡിഷ്യൽ അക്കാദമി പുതിയ കെട്ടിടത്തിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോയെന്ന വിവരവും സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 7 | 31 | ആഭ്യന്തര വകുപ്പ് | സംസ്ഥാനത്ത് കോടതി സംവിധാനത്തിന്മേലുള്ള സമ്മർദ്ദം കുറയ്ക്കുവാൻ പര്യാപ്തമായ വിധത്തിൽ ബദൽ തർക്കപരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ.) സ്ഥാപിച്ചിട്ടുണ്ടോയെന്നും നാളിതുവരെ എത്ര എ.ഡി.ആർ. കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുവെന്നും മതിയായ എണ്ണം ക്രമീകരിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 8 | 33 | ആഭ്യന്തര വകുപ്പ് | ലോക് അദാലത്തുകളുടെ പ്രവർത്തനം, അവശ വിഭാഗങ്ങൾക്കുള്ള നിയമസഹായം എന്നീ ഓഡിറ്റ് ഖണ്ഡികകളിന്മേൽ വകുപ്പ് നാളിതുവരെ ന്യൂനതാ പരിഹാരപത്രിക ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സി. & എ.ജി. യുടെ ഓഡിറ്റ് ഖണ്ഡികകളിൻമേലുള്ള ന്യൂനതാ പരിഹാരപത്രിക നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭ്യമാക്കുന്നതിൽ വകുപ്പ് അടിയന്തര ശ്രദ്ധ നൽകണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം മേൽ സൂചിപ്പിച്ച ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ന്യൂനതാ പരിഹാരപത്രിക അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 37 | ആഭ്യന്തര വകുപ്പ് | നാഷണൽ ജുഡീഷ്യൽ ഡാറ്റാഗ്രിഡിലേക്ക് വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന പദ്ധതി കേരളത്തിലെ എത്ര കോടതികളിലാണ് പ്രാവർത്തികമാക്കിയിട്ടുള്ളതെന്നും എത്ര കോടതികളിൽ ഇപ്രകാരം വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നില്ലായെന്നും/ചെയ്തിട്ടില്ലായെന്നും ആയതിന്റെ കാരണമെന്തെന്നും അപ്‌ലോഡ് ചെയ്യുന്ന കോടതികളിൽ എത്ര ശതമാനം ഡാറ്റാ അപ്‌ലോഡ് ചെയ്തുവെന്നും ഡാറ്റാ കുടിശ്ശികയില്ലാതെ അപ്പപ്പോൾ തന്നെ അപ്‌ലോഡ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാ മെന്നുമുള്ള വിവരങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 42 | ആഭ്യന്തരം, ധനകാര്യ വകുപ്പ് | നീതി നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നീതിന്യായ സ്ഥാപനങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനുമായി പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് സംഭവിച്ച വിഷയങ്ങൾ വിശദമായി പരിശോധിച്ച് വീഴ്ച കണ്ടെത്തി അടിയന്തിരമായി ധനവകുപ്പ് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ധനകാര്യ കമ്മീഷൻ അനുവദിക്കുന്ന ഗ്രാന്റ് ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കേണ്ടതുണ്ടോയെന്നും ഏതെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോയെന്നും എന്നിവ പരിശോധിച്ച് പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 43 | ആഭ്യന്തരം, ധനകാര്യ വകുപ്പ് | ധനകാര്യ കമ്മീഷന്റെ ധനസഹായവും മറ്റുകേന്ദ്ര സഹായങ്ങളും നഷ്ടമായി പോകുന്നത് ഒഴിവാക്കാൻ ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗവും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കലും സർക്കാർ ഉറപ്പുവരുത്തണമെന്ന സി. & എ.ജി.യുടെ ശിപാർശ നടപ്പിലാക്കുന്നതിൽ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 12 | 44 | ആഭ്യന്തര വകുപ്പ് | ജുഡീഷ്യറിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച പ്രകാരം ചെലവഴിച്ച തുകയിൽ 34.85 കോടി രൂപ തിരിച്ച് ലഭിക്കാത്തതിനുള്ള കാരണവും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ പി.ഡബ്ല്യൂ.ഡി.യ്ക്കുണ്ടായ കാലതാമസത്തിന്റെ കാരണവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ ആഭ്യന്തരവും വിജിലൻസും വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 13 | 45 | ആഭ്യന്തര വകുപ്പ് | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തെറ്റായി സമർപ്പിച്ചതും തുടർന്ന് ശരിയായ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസവും കാരണം 'ജുഡീഷ്യറിക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ' എന്ന പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ₹34.85 കോടി രൂപ തിരികെ ലഭിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടതിനുപുറമെ ₹134.91 കോടിയുടെ കേന്ദ്ര സർക്കാർ സഹായം നഷ്ടപ്പെടുന്നതിനും ഇടയാക്കിയെന്ന് സമിതി നിരീക്ഷിക്കുന്നു. തികഞ്ഞ അലംഭാവത്തോടുകൂടി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതും തെറ്റുകൾ തിരുത്തി സമർപ്പിക്കുന്നതിൽ വരുത്തിയ കാലതാമസവും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതര കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 49 | ആഭ്യന്തര വകുപ്പ് | 1962-ലെ കേരള അഗ്നിശമനസേനാ നിയമത്തിലെ 35-ാം അനുച്ഛേദപ്രകാരം ആവശ്യമായ ചട്ടങ്ങൾ ഇതുവരെ രൂപീകരിക്കാതിരുന്നതും ടി നിയമത്തിലെ അനുച്ഛേദം 13 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നതും അഗ്നിശമന സേനാ വകുപ്പിന്റെ പരിശോധനകൾക്കും പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയായതായി സമിതി മനസ്സിലാക്കുന്നു. |
| 15 | 50 | ആഭ്യന്തര വകുപ്പ് | 2006-2008 കാലയളവിലെ സമിതിയുടെ ടി വിഷയം പരിഗണിക്കുകയും ടി സമിതിയുടെ 47-ാം മത് റിപ്പോർട്ടിൽ പ്രസ്തുത ചട്ടങ്ങളും വിജ്ഞാപനവും അടിയന്തിരമായി പുറപ്പെടുവിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സബ്ജക്ട് കമ്മിറ്റി 2011-ൽ അഗ്നിശമന സേനാ നിയമം സംബന്ധിച്ച കരട് ചട്ടങ്ങൾ പരിഗണിച്ച വേളയിൽ പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ആക്ട് ഉണ്ടാക്കണമെന്ന ധാരണയിൽ നടപടികൾ അവസാനിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ പുതിയ അഗ്നിശമനസേനാ നിയമമോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടില്ല എന്നത് നിരാശാജനകമാണെന്ന് സമിതി നിരീക്ഷിക്കുന്നു. |
| 16 | 51 | ആഭ്യന്തര വകുപ്പ് | പുതിയ ബഹുനിലമന്ദിരങ്ങളും മാളുകളും ഫ്ലാറ്റുകളും സാർവ്വത്രികമായിക്കൊണ്ടിരിക്കെ ടി കെട്ടിടങ്ങളിൽ ഏർപ്പെടുത്തേണ്ട അവശ്യം സുരക്ഷാമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കുവാനും അഗ്നിശമനസേനാ വിഭാഗത്തിന് സാധിക്കാതെ വന്നിരിക്കുന്നത് . അഗ്നിശമനസേനാ നിയമത്തിന്റെ അഭാവം മൂലമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ജനങ്ങളുടെ സുരക്ഷയ്ക്ക് മാർഗ്ഗദർശിയാകേണ്ട വകുപ്പിനെ ഇത്തരത്തിൽ സ്തംഭനാവസ്ഥയിലാക്കുന്നതിന് മനഃപൂർവ്വ ശ്രമങ്ങൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉള്ളതായി സമിതി സംശയിക്കുന്നു. ആയതിനാൽ കേരള അഗ്നിശമനസേനാ നിയമവും ചട്ടങ്ങളും അടിയന്തിരമായി രൂപീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 17 | 57 | ആഭ്യന്തര വകുപ്പ് | അഗ്നിശമനസേനാ വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണം അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 18 | 58 | ആഭ്യന്തര വകുപ്പ് | അഗ്നിസുരക്ഷാ മാനദണ്ഡങ്ങളുടെ അനുവർത്തനത്തിന്റെ നിരീക്ഷണം സാധ്യമാകുന്നതിനായി അധിവാസത്തിന്റേയും ഉയരത്തിന്റേയും അടിസ്ഥാനത്തിൽ വിവിധ കെട്ടിടങ്ങൾക്ക് നൽകിയ എൻ.ഒ.സി.കളുടെ ഒരു ഡേറ്റാബേസ് അടിയന്തിരമായി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 59 | ആഭ്യന്തര വകുപ്പ് | അഗ്നിശമനസേനാ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടത്തിനും സേവനം ഉറപ്പുവരുത്തുന്നതിനും സഹായകമാകുന്നതിന് ഓരോ ഫയർ സ്റ്റേഷനിലും ലഭ്യമായ മാനവവിഭവശേഷി, ഉപകരണങ്ങൾ, നൽകുന്ന സേവനം എന്നിവ സംബന്ധിച്ച് ഒരു ഡേറ്റ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 60 | ആഭ്യന്തര വകുപ്പ് | കേരളത്തിൽ പതിറ്റാണ്ടിലൊരിക്കൽ മാത്രം കണ്ടുവരുന്നതിൽ നിന്ന് വ്യത്യസ്തമായി ഏറെക്കുറെ എല്ലാ വർഷവും നേരിടേണ്ടി വരുന്ന ദുരന്തങ്ങളിൽ ഒന്നായി പ്രളയം മാറിയിരിക്കുന്നു. ഇതു കൂടാതെയാണ് മഴക്കെടുതികൾ സൃഷ്ടിക്കുന്ന നാശനഷ്ടങ്ങളും. പ്രളയം മൂലവും അല്ലാതെയുമുള്ള ജല അപകടങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജലരക്ഷാദൗത്യ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ത്തിനായി ഒരു പ്രത്യേക സേനയെ രൂപീകരിക്കുന്ന കാര്യം ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് സമിതി കരുതുന്നു. ആയതിനാൽ ജല അപകടങ്ങൾ നേരിടുന്നതിനായി രക്ഷാദൗത്യത്തിനായി ഒരു ജലരക്ഷാ ദൗത്യസേന രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 65 | ആഭ്യന്തര വകുപ്പ് | നിലവിലുള്ള കെട്ടിടങ്ങളിലെ അഗ്നിസുരക്ഷ പരിശോധിച്ച് ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും അവ കൃത്യമായി നടപ്പിലായെന്ന് ഉറപ്പു വരുത്തുന്നതിനും അഗ്നിസുരക്ഷാ വകുപ്പിന് നിയമ പിൻബലം ലഭ്യമാക്കേണ്ടതുണ്ട്. മുൻകാലങ്ങളിൽ നിർമ്മിച്ച കെട്ടിടങ്ങളിലെ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിന് മതിയായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതിനും അടിസ്ഥാന സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി നിയമ പിന്തുണ ഉറപ്പാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകൾ അഗ്നിശമനസേനാ ആക്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അഗ്നിശമനസേനാ ആക്ട് നിലവിൽ വരുന്നതു വരെ പൊതുസ്ഥലങ്ങളിലും കെട്ടിടങ്ങളിലും പ്രാഥമിക സുരക്ഷാ സംവിധാനം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 72 | ആഭ്യന്തര വകുപ്പ് | സർക്കാർ ഉചിതമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാതിരുന്നതിനാൽ അഗ്നിശമന രക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമപരമായ പരിശോധനകൾ നടത്തുന്നതിനോ അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനോ സാധിക്കില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അഗ്നിശമനസേനാ വകുപ്പിന്റെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ശിക്ഷാവിധികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമ ഭേദഗതി നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 73 | ആഭ്യന്തര വകുപ്പ് | ദുരന്തങ്ങളിൽ ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടം പരമാവധി കുറയ്ക്കണമെന്ന ലക്ഷ്യത്തോടു കൂടി പ്രവർത്തിക്കുന്ന അഗ്നിശമന സേനയ്ക്ക് ആ ലക്ഷ്യം പ്രാപ്യമാക്കുന്നതിന് ആവശ്യമായ മാനവശേഷി ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ് . വകുപ്പിന്റെ ആസ്ഥാന കാര്യാലയം, ഡിവിഷണൽ ഓഫീസർമാർ, അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാർ എന്നിവരുടെ കീഴിലുള്ള കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ വേണ്ടത്ര ഉദ്യോഗസ്ഥരില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള മാനവശേഷിയുടെ കുറവ് അഗ്നിസുരക്ഷയിലും പ്രതിരോധത്തിലും പ്രവർത്തിക്കുന്ന വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിലും വിഘാതം സൃഷ്ടിക്കുന്നതായി സമിതി വിലയിരുത്തുന്നു. 24 മണിക്കൂറും ജാഗ്രതയോടെയും പ്രവർത്തന സജ്ജമായും ഇരിക്കേണ്ട സേനയ്ക്ക് മുഴുവൻ സമയവും റൊട്ടേഷനൽ ഡ്യൂട്ടിക്ക് നിയോഗിക്കുവാൻ ആവശ്യമായ ജീവനക്കാരില്ല എന്നത് ആശങ്ക ഉളവാക്കുന്ന വസ്തുതയാണ് . ആയതിനാൽ, അഗ്നിശമന സേനയുടെ വിവിധ കാര്യാലയങ്ങൾ, ഫയർ സ്റ്റേഷനുകൾ എന്നിവയിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും പ്രത്യേകമായി താഴേക്കിടയിൽ അംഗബലം കൂട്ടണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഡി.ഒ., എ.ഡി.ഒ. തലത്തിലുള്ള തസ്തികകൾ വർദ്ധിപ്പിക്കണമെന്നും സാങ്കേതിക |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പരിജ്ഞാനത്തിനും, യോഗ്യതയ്ക്കും ഊന്നൽ നൽകിക്കൊണ്ട് ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 74 | ആഭ്യന്തര വകുപ്പ് | ജില്ലകളിലെ ഫയർ ഓഫീസർക്ക് സ്റ്റേഷനുകളുടെ മേൽനോട്ടത്തിന് സമയം കണ്ടെത്താനാകാത്തത് സ്റ്റേഷനുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ജില്ലാ ഓഫീസറെ സഹായിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 75 | ആഭ്യന്തര വകുപ്പ് | അഗ്നിശമനസേനാ വിഭാഗത്തിലേക്ക് കൂടുതലായി ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിനും യോഗ്യരായവരേയും മികവുറ്റവരേയും ലഭിക്കുന്നതിനുമായി വിവിധ സേനാ വിഭാഗങ്ങളിലേക്ക് ആകർഷണീയമായ രീതിയിൽ നടത്തുന്ന പോലെയുള്ള റിക്രൂട്ട്മെന്റ് നടപടികൾ സ്വീകരിക്കണമെന്നും റിക്രൂട്ട്മെന്റ് നടപടികൾക്ക് വേണ്ടത്ര പ്രചാരണം കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 76 | ആഭ്യന്തര വകുപ്പ് | സാങ്കേതിക പരിജ്ഞാനം മാത്രമല്ല ഉയർന്ന കായികക്ഷമതയും വൈദഗ്ദ്ധ്യവും ആവശ്യമായ പ്രവർത്തന മേഖലയാണ് സേനയുടേത് . വിവിധ വാഹനങ്ങൾ ഓടിക്കുന്നതിലുള്ള മികവും നീന്തൽ വൈദഗ്ദ്ധ്യവും ഒരു സേനാംഗത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട കഴിവുകളാണ് എന്ന് സമിതി കരുതുന്നു. ആയതിനാൽ സേനയിലെ ഏതൊരു തസ്തികയിലേക്കും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ കായിക ക്ഷമത കൂടാതെ ഡ്രൈവിംഗ് , നീന്തൽ എന്നിവയിലെ പരിജ്ഞാനം കൂടി അടിസ്ഥാന യോഗ്യതയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു . |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | 77 | ആഭ്യന്തര വകുപ്പ് | ദുരന്തമുഖങ്ങളിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്ന പോലീസ് , വിദ്യുച്ഛക്തി തുടങ്ങിയ മറ്റു വിഭാഗങ്ങളിൽ നിന്നുള്ളവരിൽ നിന്നും അഗ്നിശമനസേനാ വിഭാഗക്കാരെ പ്രത്യേകമായി വേർതിരിച്ചറിയേണ്ടത് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്ന തിനും സഹായകമാകുമെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ സേനയ്ക്ക് പ്രത്യേകമായ ഐഡന്റിറ്റി നൽകുന്നത് സേനാംഗങ്ങൾക്ക് അഭിമാനവും ഊർജ്ജവും പകരുമെന്നും സമിതി കരുതുന്നു. ദൂരെനിന്ന് പോലും വേർതിരിച്ചറിയുവാൻ കഴിയുന്ന തരത്തിൽ അഗ്നിശമന സേനാംഗങ്ങൾക്ക് ശ്രദ്ധേയവും സൗകര്യപ്രദവുമായ യൂണിഫോം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 78 | ആഭ്യന്തര വകുപ്പ് | ഉയർന്ന കെട്ടിടങ്ങളിൽ നാലാം നിലയ്ക്ക് മുകളിൽ അഗ്നിബാധ ഉണ്ടായാൽ തീ അണയ്ക്കുന്നതിന് സാധിക്കുന്നില്ലായെന്നത് കൂടുതൽ അപകടങ്ങൾക്ക് വഴിവയ്ക്കുമെന്നും ഇത്തരം കെട്ടിടങ്ങളിൽ തീ അണയ്ക്കുന്നതിനായി ഉപയോഗിക്കുന്ന ടേൺടേബിൾ ലാഡർ എന്ന ഉപകരണം വാങ്ങുന്നതിന് നാളിതുവരെ വകുപ്പിന് കഴിഞ്ഞിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു ഫ്ലാറ്റ് സംസ്കാരം വളർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ടേൺടേബിൾ ലാഡർ എന്ന ഉപകരണം രക്ഷാദൗത്യത്തിന് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ഇത് ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വളരെ സങ്കീർണ്ണതയുള്ള ഉപകരണ മായതിനാൽ അറിയപ്പെടുന്ന ഉത്പാദകരിൽ നിന്നും പ്രവർത്തന മികവ് മാനദണ്ഡമാക്കി വ്യവസ്ഥകൾക്കനു സൃതമായി പ്രസ്തുത ഉപകരണം വാങ്ങുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 29 | 79 | ആഭ്യന്തര വകുപ്പ് | രക്ഷാദൗത്യത്തിന് അത്യന്താപേക്ഷിതമാണ് കുറ്റമറ്റതും മികച്ച പ്രവർത്തനക്ഷമതയും ഉള്ള വാഹനങ്ങൾ. എന്നാൽ പലയിടത്തും ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങൾ, പ്രത്യേകിച്ച് ഫയർ ടെണ്ടറുകൾ, കാലപ്പഴക്കം ചെന്ന് കാര്യശേഷി കുറഞ്ഞതാണെന്ന് സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. കൂടാതെ വാഹന ദൗർലഭ്യവും പലയിടത്തും ശ്രദ്ധയിൽപ്പെട്ടു. ഇക്കാരണങ്ങൾ കൊണ്ട് അപകട സ്ഥലത്ത് കൃത്യമായി എത്തിച്ചേരുന്നതിന് സേനയ്ക്ക് സാധ്യമാകുന്നില്ല. സേനയുടെ പ്രതികരണ സമയം കുറയ്ക്കുന്നതിന് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട് . |
| 30 | 80 | ആഭ്യന്തര വകുപ്പ് | ആയതിനാൽ, കാലപ്പഴക്കംചെന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ വാഹനങ്ങൾ വിൽക്കുകയോ കണ്ടം ചെയ്യുകയോ ചെയ്ത് പുതിയ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ആയവ ലഭ്യമാക്കി സേനയുടെ ക്രിയാശേഷി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു . |
| 31 | 81 | ആഭ്യന്തര വകുപ്പ് | ഇന്ത്യയിൽ ഏറ്റവും ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അപകടസാധ്യത കൂടുതലാണ്. ദുരന്തമുഖത്ത് എത്തിച്ചേരുന്നതിൽ ഉള്ള സമയ ദൈർഘ്യം കുറയുന്നത് വിലപ്പെട്ട ജീവനും സ്വത്തും രക്ഷപ്പെടുത്തുന്നതിൽ നിർണ്ണായകമാണ് . ആയതിനാൽ രക്ഷാസേനയുടെ പ്രവർത്തന സമയം കുറയ്ക്കുന്നതിനായി അഗ്നിശമനരക്ഷാ നിലയങ്ങളുടെ എണ്ണം അടിയന്തിരമായി വർദ്ധിപ്പിക്കണമെന്നും അതിനായി അനുയോജ്യമായ സ്ഥലങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തി നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 32 | 82 | ആഭ്യന്തര വകുപ്പ് | രക്ഷാപ്രവർത്തനത്തിലേർപ്പെടുന്ന അംഗങ്ങളുടെ സുരക്ഷയ്ക്ക് മുൻഗണന നൽകേണ്ടത് അത്യന്താപേക്ഷിത മാണ് എന്നിരിക്കിലും അവർക്കു വേണ്ട ജീവൻരക്ഷാ ഉപകരണങ്ങളായ ശ്വസനസഹായികൾ, അഗ്നിപ്രതിരോധ വസ്ത്രങ്ങൾ എന്നിവയുടെ അഭാവം പ്രകടമാണ് . കൂടാതെ പ്രളയം, മഴക്കെടുതി, അഗ്നിബാധ, ഉരുൾപൊട്ടൽ തുടങ്ങി വിവിധ തരത്തിലുള്ള ദുരന്തങ്ങളിലെ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ ധരിക്കുന്നത് ഒരേ തരത്തിലുള്ള വസ്ത്രങ്ങളാണ് എന്നത് സേനാംഗങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്നതു മാത്രമല്ല അവരുടെ ജീവന് തന്നെ ഭീഷണിയാണ് എന്ന വസ്തുത കാണാതിരിക്കുവാൻ കഴിയില്ല എന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. |
| 33 | 83 | ആഭ്യന്തര വകുപ്പ് | ആയതിനാൽ രക്ഷാദൗത്യത്തിലേർപ്പെടുന്ന സേനയിലെ എല്ലാവർക്കും സ്വയരക്ഷാ ഉപകരണങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്നും അതിൽ ഫയർ ഫൈറ്റിംഗ് സ്യൂട്ടും, ഡ്രൌണിംഗ് റെസ്ക്യൂ സ്യൂട്ടും ഉൾപ്പെടുത്തണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. |
| 34 | 84 | ആഭ്യന്തര വകുപ്പ് | ഏതു തരത്തിലുള്ള ദുരന്തങ്ങളിലെയും രക്ഷാപ്രവർത്തനത്തിന് ഉപയോഗപ്രദമാകുന്ന, പൊതു ഉപയോഗത്തിനായി ആവശ്യം വരുന്ന, രക്ഷാ ഉപകരണങ്ങൾ ഓരോ ഫയർ സ്റ്റേഷനിലും ലഭ്യമാക്കേണ്ടതാണ് എന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രത്യേക സ്ഥിതി വിശേഷത്തിൽ ഉപയോഗം വരുന്ന രക്ഷാ ഉപകരണങ്ങൾ പ്രധാന രക്ഷാനിലയങ്ങളിലും സംഭരിച്ചു വയ്ക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 35 | 85 | ആഭ്യന്തര വകുപ്പ് | നിലവിൽ നമ്മുടെ ധാരണയിൽ രക്ഷാദൗത്യമേഖല എന്നുള്ളത് പ്രളയം, അഗ്നിബാധ, കെട്ടിടങ്ങൾ നിലംപൊത്തുന്നത് , ഉരുൾപൊട്ടൽ എന്നിവ മാത്രമാണ് . എന്നാൽ അപകട മേഖലകൾ വിപുലവും, പ്രവചനാതീതവുമാണ് . വാതകചോർച്ച , വിഷവാതക/എണ്ണ ചോർച്ച, ബോംബ് സ്ഫോടനം, വിമാന അപകടം, സുനാമി, ഭൂകമ്പം, ബോട്ട് /കപ്പൽ എന്നിവയുടെ തകർച്ച എന്നിങ്ങനെയുള്ള അപകടങ്ങളും ഉണ്ടാകാം. ഇത്തരത്തിലുള്ള അപകടങ്ങൾ നേരിടുന്നതിന് അഗ്നിശമന സേനയ്ക്ക് നൂതന സാങ്കേതിക ഉപകരണങ്ങൾ വേണമെന്ന് സമിതി മനസ്സിലാക്കുന്നു. |
| 36 | 86 | ആഭ്യന്തര വകുപ്പ് | ഉരുൾപൊട്ടൽ, ഭൂകമ്പം, കെട്ടിടങ്ങൾ നിലംപൊത്തുന്നത് എന്നിവ ഇപ്പോഴും ഉണ്ടാകുന്നുണ്ടെങ്കിലും അവയിൽ കുടുങ്ങി കിടക്കുന്നവരെ കണ്ടെത്തുവാൻ ആവശ്യമായ നിരീക്ഷണ ക്യാമറകളോ ശ്രവ്യ ഉപകരണങ്ങളോ സേനയിൽ ഇല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഏത് ഭൂപ്രദേശത്തിലും വിവിധ അപകടങ്ങളിലും അനുയോജ്യം ആയ സവിശേഷ സാങ്കേതിക ഉപകരണങ്ങൾ കരസ്ഥമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഏത് സാഹചര്യവും നേരിടാൻ അഗ്നിശമനസേനയെ സജ്ജമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 87 | ആഭ്യന്തര വകുപ്പ് | വിവിധങ്ങളായ അപകടങ്ങളിൽ/മേഖലകളിൽ രക്ഷാദൗത്യത്തിന് പര്യാപ്തമാകുന്ന തരത്തിൽ സവിശേഷ പരിശീലനം സേനാംഗങ്ങൾക്ക് നൽകിയാൽ മാത്രമേ വളരെയധികം പ്രാധാന്യവും വ്യാപ്തിയുമുള്ള രക്ഷാപ്രവർത്തനത്തിന് ഏർപ്പെടുവാൻ സേനാംഗങ്ങൾക്ക് സാധിക്കുകയുള്ളൂ. സേനാംഗങ്ങളുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിവിധങ്ങളായ അപകടങ്ങളെ നേരിടുന്നതിനും പര്യാപ്ത മാകുവാൻ തക്കവണ്ണം സവിശേഷമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 88 | ആഭ്യന്തര വകുപ്പ് | ഓരോ രക്ഷാദൗത്യത്തിനും നിർദ്ദിഷ്ട മാനദണ്ഡം നിശ്ചയിക്കണമെന്നും അപ്രകാരം തന്നെ പ്രവർത്തിക്കുന്നതിന് ഓരോന്നിനും standard operating procedure and code of safety procedure വേണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

## APPENDIX

## Notes furnished by Government

**Action Taken Report on CAG Report**

**4.6.2 – Implementation of Thirteenth Finance Commission.**

**4.6.2.1 – Recommendation 1: (Operation of Morning/Evening/Special Courts)**

***GOK and High Court may consider setting up Evening Courts to the extent possible for disposal of petty cases.***

Out of the original proposal for starting 74 Evening Courts, for clearing the backlog of petty cases under the 13th Finance Commission (ThFC) Scheme, 5 Courts were made functional during the period. The Judicial Officers had to sit extra time and the staff were also deployed for extra duty. But the concept was not practical and not successful in the State's environment. The Hon'ble Judges Committee for establishment of Courts/Tribunals, in the meeting held on 5.4.2016, considered the matter and after analysing various aspects, found that the Evening Courts commenced were not successful and also in obedience of the resolution in the Chief Justices' conference, 2015, the Committee resolved to discontinue the functioning of five Evening Courts, subject to the approval of the Full Court. The Full Court in the meeting held on 31.5.2016, also approved the recommendation of the 'Establishment Committee' to discontinue the 5 Evening Courts established in the State.

In the meanwhile, the Ministry of Law and Justice had informed that the grants sanctioned under the ThFC could be utilised for setting up Special Courts and ADR Centres. In the light of the said policy of the GoI, the Government had sanctioned establishment of 27 Temporary Magistrate's Courts by utilising the funds earmarked for Morning/Evening Courts during the year 2014 and the High Court was able to commence before the expiry of the 13th FC award period, ie., 31-3-2015. In the Special circumstances of the State, it is desirable to commence new courts instead of the evening/morning courts for the better administration of Justice.

**4.6.2.2 – Recommendation 2 : (on creation of post of Court Managers)**

***GOK may consider appointment of Court Managers on permanent basis in all Judicial districts and High Court to assist Judges to effectively perform their administrative duties.***

Vide G.O.(Rt)No.796/17/Home dated 31.3.2017, the Government have

accorded sanction for the continuance of Court Managers for one more year, in the District Courts of Thiruvananthapuram, Kollam, Pathanamthitta, Kottayam, Ernakulam, Thrissur, Palakkad, Manjeri and Kozhikode (where the incumbents are presently working) w.e.f. 1.4.2017. It has also been ordered that the creation of permanent posts of Court Managers in the 14 Principal District Courts stand deferred for better times.

As per G.O(Ms.)No.69/2017/Home, dated 31.3.2017, the Government have accorded sanction for the creation of 2 permanent posts of Court Managers in the High Court and have granted extension to the 2 temporary posts of Court Managers in the High Court from 1.4.2017, till the two permanent posts of Court Managers are created and filled in accordance with the rules.

**4.6.2.3 0 Comment : (conservation of Heritage Court Buildings)**

***Thus, even after lapse of more than four years from taking up the work, the renovation work of four court buildings was yet to be completed and the work on the remaining six court buildings was not taken up, which resulted in lapse of ThFC assistance of Rs.8.49 crore.***

The Government have accorded sanction vide G.O(Rt)No.1861/2017/Home dated 20-7-2017 to extend the period of completion of conservation work of District Court Building Thiruvananthapuram, District Court Building, Alappuzha and the Chief Judicial Magistrate Court Building, Alappuzha upto a period of five months and also to release the balance amount of Rs.146 lakhs to the Director, Department of Archaeology towards settlement of bills for the conservation works of the three court buildings from the Head of Account 2014-00-800-86-34-3-other items (NP). The renovation work of the above three buildings have been completed now.

The renovation of the Ram Mohan Palace was entrusted to the Archaeology department. The Archaeology department had prepared an estimate and action plan for an amount of Rs.2.63 crores which was approved by the High Level Monitoring Committee. The Government vide order G.O(Rt) 2985/2011/Home dated 10-10-2011 have accorded Administrative Sanction for the implementation of the Action Plan. The entire project cost of Rs.2.63 crores had been released to the Archaeology Department in two installments vide G.O(Rt) No.904/2012 dated 26-3-2012 and G.O.(Rt) No.788/2017 dated 31-3-2017.

The work commenced on 16.11.2012. The same was executed through empanelled contractors engaged by the Archaeology Department. As per the earlier decision of the Building Committee, the whole work would have been completed by May 2013 but the work was very slow and was running much behind the schedule. Hence, the Building Committee decided to direct the Archaeology Department to terminate the contract at the risk and the cost of the contractor for non-fulfilment of the contractual obligations. The Committee directed the Archaeology Department to engage the District Nirmithi Kendra, Ernakulam for the works. Now, the work is attended to by the District Nirmithi Kendra, Ernakulam and the same has been completed.

The works of the remaining 6 heritage court buildings could not be taken up as the Government Orders for the conservation of the said buildings were issued only towards the fag end of the 13th Finance Commission Plan period. As all the Court Buildings were housing functional Courts, the works were restricted to non-working hours, resulting in a longer period for completion. Hence, there were concerns as to whether the works could be completed by 31.3.2015, the culmination of the 13th Finance Commission Plan Period. The High Level Monitoring Committee Meeting held on 20.12.2014 resolved not to take up any new work which could not be completed before 31.3.2015. So, the conservation works of the remaining 6 heritage court buildings were not taken up.

**4.6.2.4 – Comment: (Training to Judicial Officers)**

***We observed that GOK failed to obtain the third and subsequent instalment of Rs.1.35 crore each, due for the period from 2012 -13 to 2014-15 from GOI despite the expenditure exceeding the stipulated 100 per cent of the first installment of 2010-11 and 60 per cent of the second instalment of 2011-12. It was also seen that, GOK additionally spent Rs.3.55 crore on the component from its own funds during 2011-12 to 2015-16 which would not be reimbursable by GOI, as the ThFC award period had lapsed.***

The Kerala Judicial Academy conducts periodic training, refresher training, induction training etc., as per the calendar prepared in accordance with the direction of the Board of Governors of the Academy. During the period

from 2010-11 to 2015 -16 covered by the audit para, 93 training programs were conducted in the State and 3610 Judicial Officers were trained. The Expenditure for the training programmes had been met out of the budget grants placed at the disposal of the High court by the Government of Kerala. Adequate funds were placed at the disposal of the High Court by the State Government and considerable utilisation was made.

**4.6.2.5 – Comment : (Setting up of State Judicial Academy)**

***We noticed that, the ThFC had released only Rs.4.50 crore during 2010-11 to 2011-12 with no further release of funds during 2012-13 to 2014-15. It was observed that, expenditure was incurred on the component from 2012-13 onwards. GOK was required to spend at least Rs.3.90 crore out of the total GOI release of Rs.4.50 crore to become eligible for second tranche of second instalment for the year 2011-12. We noticed that, despite GOK spending Rs.6.93 crore (March 2014) and becoming eligible to obtain the grant, it failed to receive further instalments of grant from GOI. It was seen that, apart from seeking GOI assistance while forwarding UC for the period April 2013 to September 2014 (November 2014) and for the period April 2014 to March 2015 (March 2015), it was only in June 2015 that GOK requested for release of further grant from GOI. The request of GOK was turned down by GOI citing that the UC for the year 2014-2015 was belatedly submitted on 31st March 2015 and the ThFC award period had lapsed by then. As of March 2016, the expenditure was Rs.14.55 crore. Due to belated submission of claims by GOK, the expenditure of Rs.10.05 crore incurred against the allocation of Rs.15 core could not be got reimbursed from GOI.***

It is by way of State Budget Grants that the High Court receive GOI release of Finance Commission awards.

The construction of the Academy building was undertaken by M/s.Hindustan Prefab Ltd., at an estimated amount of Rs.15 crores after obtaining the required sanction from the Government. The expenditure was met out of the Budget grants placed at the disposal of the High Court by the Government of Kerala and the amount had been spent after obtaining necessary allotments from the High Court. The details for furnishing utilisation Certificate were also provided to the High Court by the Academy in time.

Regarding the delay in making the Academy Office functional at the new campus, it is informed that the inauguration was conducted in January 2016 as per the convenience of the High dignitaries on completion of almost the entire

works. Still some works like providing water supply, electric supply etc., to all the areas could be completed only after a few months after inauguration. Shifting of an office to new premises require completion of many formalities including the necessities like providing required staff. The additional posts were sanctioned by the Government only in April, 2015 vide GO (Ms)No.80/2017/Home dated 11.04.2017. Even then, the Academy was shifted to the new campus in February, 2017 with a skeleton staff spared by the High Court.

**4.6.3 – GOI grants other than ThFC grants**
**4.6.3.1 Comment: (Setting up of Gram Nyayalayas)**
***We noticed that after five years of the sanction, only three out of 30 Gram Nyayalayas had been established as on 31 March 2016.***

In the matter of Government of India grants other than those under the Thirteenth Finance Commission grants, though a total number of 30 Gram Nyayalayas had been sanctioned in the State in 2011, it took almost 5 years to commence their functioning due to various issues such as the non-compatibility of certain rules of the Gram Nyayalaya (Kerala) Rules, 2012 with the Gram Nyayalayas Act 2008, non -fixation of pecuniary jurisdiction and the non-availability of suitable buildings to accommodate the courts. Further, the State enactments to be brought under the purview of the Gram Nyayalayas had to be found out and notified. In some cases, the location of the Gram Nyayalayas originally proposed had been shifted to other places. The above factors constituted for the delay in commencing the Gram Nyayalayas. The first Gram Nyayalaya at Chadayamangalam, Kollam district commenced on 20.02.2016. As per the G.O.(Ms)No.86/2011/Home dated 1.3.2011, the Government have accorded sanction for the establishment of 30 Gram Nyayalayas in the State of Kerala of which 29 Gram Nyayalayas had commenced functioning as on December, 2016. The remaining one Gram Nyayalaya viz., Gram Nyayalaya, Mathilakom at Eriyad, Thrissur district commenced functioning w.e.f. 4.2.2017.

**4.6.3.2 Observation [on uploading of date in e-Courts portal and National Judicial Data Grid (NJDG)]**

*It was observed that, 45 courts (9.3 per cent) out of the 484 courts (November 2016) in the State were not uploading any data into the e-Courts portal and NJDG due to absence of requisite hardware and software. Certain Magistrate Courts were not uploading pending case date on petty cases into e-Courts portal and NJDG, despite possessing e-Courts hardware, software and other requisite facilities. This had resulted in variation between e-Courts portal data and actual data available with the courts.*

The reasons for the variations in the figures of pending cases between data uploaded on the National Judicial Data Grid (NJDG) and actual pendency of cases are mainly due to the difference in number of courts uploading cases in the State. Out of 511 courts functioning in the State, only 418 courts are uploading case details into NJDG. At present, 93 courts are still not able to upload data on NJDG owing to the non availability of hardware and connectivity. Similarly, only one Family Court out of 28 courts in the State are uploading data.

Petty cases are not uploaded into NJDG which also causes variations in the figures of pendency. In addition to this, data entry is pending in some courts in the State. The High Court have already taken steps to complete the data entry of pending cases in the courts and have given directions to all the District Judges in this regard. As directed by the e-Committee, the High court have directed all the District Judges in the state to ensure physical verification of the actual pendency of cases and ensure its accuracy. As on 30-6-2017, 1,55,186 petty cases shown as pending in the State are not figured in the date uploaded into NJDG.

The High Court have taken adequate steps to provide hardware and connectivity to those courts having no hardware and connectivity. Accordingly, steps have been taken to procure computers for 117 courts having no computers. Also, with an objective to provide connectivity to all courts in the State under Phase II of the e-Court project, requirement for 64 court complexes having no connectivity had been furnished to the e-Committee.

**4.6.3.3 – (on Loss of GOI assistance on Development of Infrastructure Facilities for the Judiciary)**

***Recommendation 4: Government should ensure timely utilisation of grant released and submission of UCs to GOI to avoid lapse of Finance Commission awards and other central assistance***

The Home Department has already taken steps for the timely utilisation of grants.

[illegible]LASACHANDRAN [illegible]
Additional Secretary to Govt.
Home Department
Govt. Secretariat
Thiruvananthapuram

**GOVERNMENT OF KERALA**

**HOME (F) DEPARTMENT**

**ACTION TAKEN REPORT OF AUDIT REPORT FOR THE YEAR ENDED 31ST MARCH 2016**

| Para | Subject | Action Taken |
|---|---|---|
| 5.1.3 | Formulation of Act & Rules. | |
| 5.1.3.1 | **Failure to amend the Kerala Fire Force Act** The National Disaster Management Authority (NDMA) established under the provisions of the Disaster Management Act 2005, issued Guidelines (April 2012), which recommended all States to enact Fire Force Act for providing fire safety norms in respect of all high rise buildings, residential clusters, colonies, business centres, malls, etc. The Guidelines also required that the Fire Force Act should provide for legal and penal action against fire safety defaulters, if they fail to fulfil the fire safety requirements like proper fire safety equipment, escape/evacuation routes, parking locations, etc. All State Governments and local bodies were required to comply with these Guidelines in a planned and focussed manner.<br>In order to frame a central legislation on Fire safety in the country, Government of India (GOI) forwarded (July 2014) a draft Fire Safety Bill to GOK for getting its views. GOK advised (August 2014) Director General (DG) to submit a draft Fire Safety Bill by September 2014 incorporating the provisions of the draft Fire Safety Bill of GOI. The DG submitted (April 2015) the draft Kerala Fire Prevention and Life Safety Measures Bill to GOK, which he later withdrew (December 2015) stating deficiencies in the draft Bill. Subsequently, a committee was constituted (April 2016) by the then DG which submitted (May 2016) both the Act and Rules to the DG which was yet to be submitted to GOK (December 2016). Non-enactment of new Fire Force Act in line with the NDMA Guidelines (April 2012), lowered the operational efficiency of the Fire and Rescue Department in ensuring adequacy of fire safety norms in the high risk/vulnerable buildings as discussed in the subsequent paragraphs. | The Director General, Fire & Rescue Services submitted the draft Kerala Fire & Rescue Services Bill, 2018.The Additional Chief Secretary (H&V) conducted detailed discussion with the Director General, Fire & Rescue Services, Stake holders and the Law Secretary. The revised draft of the Bill has been submitted to the Law Department for scrutiny, on completion of which action will be taken to place the same before the Legislative Assembly. |
| 5.1.3. | **Failure to frame the rules** | The absence of Fire Service Rules |

2 As per Section 35 of the Fire Force Act 1962, the Government may frame Rules for implementation of provisions of the Act. Non-framing of Rules for implementing the Act was pointed out in the Audit Report of C&AG for the year ended March 2003. PAC while discussing the Report recommended (March 2008) that Rules under the Act should be framed without further delay. We noticed that though the Subject Committee of the State Legislature had initially approved (03 January 2012) the Kerala Fire and Rescue Services Rules 2011, it was later decided (24 January 2012) by the Committee not to proceed with Rules approved by them, as they proposed to formulate a new Fire Force Act in lieu of the Act of 1962. Thus, as of January 2017, the Department could not frame and approve Rules to supplement the Fire Force Act, 1962 which also required suitable amendment. In the absence of Rules, the activities of the Department were regulated by Standing Orders issued by the DG which did not have statutory backing. We noticed instances of Orders issued by the DG being challenged in Courts as pointed out in succeeding paragraphs. Thus, absence of Rules has adversely impacted the efficient functioning of the Fire and Rescue Department.

has not affected the fire fighting and rescue activities of Fire & Rescue Services. The decision to do away with the framing of Rules under the Fire Force Act, 1962 was taken on the basis of the recommendation of the Subject Committee. Steps for enacting the new legislation are under way. Rules will be framed under the new Act.

5.1.3. **<u>Non issue of notification by Government</u>**

3 As part of preventive measures, Section 13 of the Fire Force Act 1962 provided that GOK could, by issue of notification, require owner/occupiers of buildings to take such preventive measures as may be specified. Where such notifications were issued, the Fire Force Act empowered (Section 30) the DG to enter these places for the purpose of determining whether precautions against fire, required to be taken in such places had actually been taken care of. Officers of the Fire and Rescue Department could not inspect any premises for ensuring fire safety standards unless such premises were specifically notified by Government. We observed that GOK failed to issue notifications and consequently the officers of the Fire and Rescue Department could not conduct inspections legally and discharge their duties effectively. We observed instances in which owners of two buildings in Kollam and Malappuram challenged inspections conducted by Departmental officers. The owners of the buildings pointed out that guidelines issued by Fire and Rescue Department and directions to install fire safety mechanisms envisaged

Section 13 of the Fire Force Act, 1962 empowers the Government to issue notification to owners / occupiers of the building in any area / any class of premises in which fire protection arrangements are not provided and are likely to cause a risk of fire. Requirements of fire safety precautionary measures have also to be specified in such notifications.

According to this, the Fire &Rescue Services Department has already identified number of buildings in respect of which serious lapses occurred in fire safety precautions and issued number of notices to the owners

| | | |
|---|---|---|
| | by National Building Code were not enforceable due to the absence of Government Order or statutory backing. Thus, failure to provide legal backing to orders resulted in directions of Fire Force officers being challenged and sometimes not adhered to by owners of building premises.<br>GOK stated (November 2016) that notifications would be issued at the earliest to enable the Department to proceed legally against violators. | of such buildings to provide minimum fire safety standards in the building. Most of these buildings were constructed before the existence of KMBR/KPBR. Also the periodical inspection of buildings in fire safety point of view is not included in KMBR/KPBR. Non-issuance of notification by Government under 1962 Act has became irrelevant in view of the initiation of the new legislation process. It is submitted that necessary provisions will be incorporated in the new Fire Force requiring the owners or occupiers of the premises to take necessary precautions. |
ഓരോ സംസ്ഥാനത്തിന്റെ ആവശ്യകതയെ ആശ്രയിച്ചാണ് പരിശീലനം നൽകാനുള്ള മധ്യസ്ഥന്മാരുടെ ശരിയായ എണ്ണം തീരുമാനിക്കുന്നത് . ഈ കാര്യത്തിൽ, കേരളം ഒരു വ്യത്യസ്ത സംസ്ഥാനമല്ല. ആവശ്യമുള്ള മദ്ധ്യസ്ഥൻമാരെ മാത്രം പരിശീലിപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി . മധ്യസ്ഥത പരിപാടികൾക്ക് ആവശ്യമായിട്ടുള്ള മധ്യസ്ഥന്മാരെ മാത്രം സംസ്ഥാനങ്ങൾ പരിശീലിപ്പിക്കേണ്ടതുള്ളൂ എന്ന് വിവിധ കോൺഫറൻസുകളിലും യോഗങ്ങളിലും എം . സി . പി . സി . നിരന്തരമായി നിർദ്ദേശിച്ചിരുന്നു .

എല്ലാ കോടതികളിലും മദ്ധ്യസ്ഥരുടെ സേവനം ലഭ്യമാക്കണം എന്ന കാഴ്ചപാടിൽ കാലാകാലങ്ങളിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം

കൈക്കൊണ്ടത്. പതിനാല് ജില്ലകളിൽ 100 മദ്ധ്യസ്ഥർ എന്ന കണക്കിൽ 1400 മദ്ധ്യസ്ഥൻമാർക്ക് പരിശീലനം നൽകിയതുകൊണ്ട് മീഡിയേഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടണമെന്നില്ല. എന്നാൽ 601 മദ്ധ്യസ്ഥൻമാരെ ഉപയോഗിച്ച് കെൽസയ്ക്കും കെ. എസ്.എം. സി.സി യ്ക്കും മീഡിയേഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി കേസിലെ കക്ഷികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും സാധിക്കും. അതുകൊണ്ടാണ് തുടർച്ചയായ പഠനാനന്തര പരിപാടികളിലൂടെ പരിശീലനം സിദ്ധിച്ച മദ്ധ്യസ്ഥൻമാരുടെ നൈപുണ്യം മെച്ചപ്പെടുത്തുന്നതിന് കെൽസയും കെ. എസ്.എം. സി.സി യും തീരുമാനിച്ചത്. മീഡിയേഷൻ വളർന്നു വരുന്ന ഒരു ആശയം ആയിരുന്ന സമയത്താണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ പരിശീലനം ലഭിച്ച മദ്ധ്യസ്ഥൻമാരെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുന്നത്. മദ്ധ്യസ്ഥൻമാർ കൈകാര്യം ചെയ്യുന്നത് മനുഷ്യന്റെ വികാരങ്ങളെയും മാനസിക അവസ്ഥയെയുമാണ്. മീഡിയേഷനെ സംബന്ധിച്ച് 40 മണിക്കൂർ വരുന്ന പ്രാഥമിക പരിശീലനവും ചുരുക്കം പ്രായോഗിക സൂചനകളുമാണ് പ്രാഥമിക പരിശീലനത്തിന്റെ ഭാഗമായി നൽകുന്നത്. പ്രാഥമിക പരിശീലനത്തിനുശേഷം മദ്ധ്യസ്ഥൻമാരെ പ്രായോഗിക പരിശീലനത്തിനായി വിവിധ മീഡിയേഷൻ സെന്ററുകളിൽ നിയോഗിക്കും. മദ്ധ്യസ്ഥൻമാർക്ക് ആവർത്തന പരിശീലനം നൽകാറില്ല, എന്നാൽ 2012 ന് ശേഷം അവരെ മെച്ചപ്പെട്ട പ്രവർത്തനായുധങ്ങളും പ്രവർത്തന രീതികളും സജ്ജമാക്കുന്നതിന് വേണ്ടി ഒരു ദിവസത്തെ പഠനാനന്തര പരിപാടികളിൽ പങ്കെടുക്കാൻ ആവശ്യപ്പെടാറുണ്ട്.

ന്യായാധിപന്മാരെ സംബന്ധിച്ച് അവർക്ക് നൽകപ്പെട്ട ഇടർച്ചയായുള്ള പഠനാനന്തര പരിപാടികൾ അവരെ മെച്ചപ്പെട്ട റഫറൽ ജഡ്ജസ് ആകുന്നതിനും അതുവഴി മീഡിയേഷന് അയക്കപ്പെടുന്നതിന്റെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷനും മീഡിയേഷൻ എന്ന ആശയത്തെ സംബന്ധിച്ച് ന്യായാധിപൻമാർക്കും മദ്ധ്യസ്ഥൻമാർക്കും പഠനാനന്തര പരിപാടികളും ബോധവൽക്കരണ പരിപാടികളും, സെമിനാറുകളും പരിശീലനകളരികളും നടത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

| വർഷം | ക്യാമ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2012-13 | 6 | 2800 |
| 2013-14 | 14 | 5750 |
| 2014-15 | 10 | 3250 |
| 2015-16 | 6 | 1725 |

**നേട്ടങ്ങൾ**

മദ്ധ്യസ്ഥൻമാർക്ക് നൽകുന്ന ഇടർച്ചയായുള്ള പഠനാനന്തര പരിപാടികളിലൂടെ കൂടുതൽ തീർപ്പാക്കലുകൾ നേടുവാൻ സാധിച്ചിട്ടുണ്ട് എന്ന് കാലാകാലങ്ങളിലുള്ള സ്ഥിതി വിവര കണക്കുകൾ സൂചിപ്പിക്കുന്നു. കേരളത്തിലെ മീഡിയേഷൻ പ്രവർത്തന രീതി വഴി ഇന്ത്യയിലെ തന്നെ മുൻനിരയിലെ ഒരു സംസ്ഥാനമായി മാറിയെന്നതിന് മീഡിയേഷൻ എന്ന ആശയം പ്രചരിപ്പിക്കുന്നതിന് എം. സി.പി.സി, എറണാകുളം, തൃശ്ശൂർ

ജില്ലകളെ മാർഗ്ഗദർശ ജില്ലകളായി തിരഞ്ഞെടുത്തത് വഴി വെളിവാകുന്നതാണ്. ആ ജില്ലകളിലുള്ള ന്യായാധിപന്മാരും മദ്ധ്യസ്ഥൻമാരും രണ്ടുഘട്ടമായി ARCM പരിപാടിയുടെ ഭാഗമായി 6 ദിവസത്തെ പഠനാനന്തര പരിപാടിയിൽ പങ്കെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. MCPC യുടെ പരിശീലനം ലഭിച്ച മദ്ധ്യസ്ഥൻമാർക്ക് തുടർച്ചയായുള്ള പഠനാനന്തര പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ഫലമായി കേരളത്തിൽ വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർ മീഡിയേഷനെ ഏറ്റവും നല്ല എ.ഡി.ആർ സമ്പ്രദായമായി അംഗീകരിച്ചിട്ടുണ്ട് എന്ന് എല്ലാവർക്കും കാണാവുന്നതാണ്.

**മധ്യസ്ഥരുടെ ശക്തമായ ഒരു സംഘം**

ഇപ്പോൾ കോടതികളിൽ നിന്നും മീഡിയേഷൻ സെന്ററുകളിലേക്ക് അയക്കുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യത്തിന് ശക്തമായ ഒരു മധ്യസ്ഥരുടെ സംഘം ഉണ്ട് . കഴിഞ്ഞ അഞ്ച് വർഷത്തെ പരിശീലനങ്ങളിലൂടെയും പഠനാനന്തര പരിപാടികളിലൂടെയും, ബോധവത്കരണ പരിപാടികളിലൂടെയും കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കടക്കീഴിൽ നിന്നുകൊണ്ട് കെ .എസ് .എം .സി. സി . ക്ക് പ്രതിപത്തതയുള്ള ഒരു സംഘം മധ്യസ്ഥരുടെയും ന്യായാധിപന്മാരുടെയും സംഘത്തോടൊപ്പം പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഭാവനം ചെയ്യുതുപോലെ ഒരു ഫലം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് .

മധ്യസ്ഥരുടെ പരിശീലനത്തിനുള്ള യോഗ്യത സിവിൽ പ്രൊസീജിർ കോഡ് (എ . ഡി . ആർ) റൂൾസ് 2008 കേരളയിൽ പ്രതിപാദിച്ചിട്ടുണ്ട് . ജില്ലാ ജഡ്ജിമാർ മുഖേന അപേക്ഷ വിളിച്ച ബഹുമാനപ്പെട്ട ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗ്യരായവരെ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുന്നു . സുപ്രീം കോടതിയിലെ മീഡിയേഷൻ ആൻഡ് കോൺസിലിയേഷൻ പ്രൊജക്റ്റ് കമ്മിറ്റിയാണ് കാലാകാലങ്ങളിൽ

മധ്യസ്ഥരുടെ ഔദ്യോഗികമായ അംഗീകാരം സംബന്ധിച്ച മാനദണ്ഡങ്ങൾ നിർണയിക്കുന്നത് .

2013-ാം വർഷം വരെ വിജയ ശതമാനം നോക്കാതെ പത്ത് മീഡിയേഷൻ പൂർത്തീകരിച്ച ഒരു മീഡിയേറ്റർക്ക് ഔദ്യോഗികമായ അംഗീകാരത്തിന് യോഗ്യത ഉണ്ടായിരുന്നു . 2013-ൽ എം . സി . പി . സി . ഔദ്യോഗികമായ അംഗീകാരത്തിന്റെ മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തുകയും ഒരു മധ്യസ്ഥൻ ചുരുങ്ങിയത് 20 മീഡിയേഷൻ നടത്തുകയും അതിൽ പത്തെണ്ണം വിജയിക്കുകയും ചെയ്താൽ മാത്രമെ ഔദ്യോഗിക അംഗീകാരം നൽകൂ എന്ന് തീരുമാനിക്കുകയുണ്ടായി . ബന്ധപ്പെട്ടവരുടെ എല്ലാം ശ്രമഫലങ്ങൾ കൊണ്ട് കെൽസയും കെ . എസ് . എം . സി . സി . യും എ . ഡി . ആർ . മാർഗ്ഗത്തിലൂടെ, പ്രത്യേകിച്ച് മധ്യസ്ഥതയിലൂടെ കാര്യമായ എണ്ണം കേസുകൾ തീർപ്പാക്കാൻ സാധിച്ചിട്ടുള്ളതും അതുവഴി നീതി ന്യായ സംവിധാനത്തിലുള്ള ഞെരുക്കം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട് .

| വർഷം | മീഡിയേഷനിൽ പരിഗണിച്ച കേസുകളുടെ എണ്ണം | മീഡിയേഷനിൽ തീർപ്പാക്കപ്പെട്ട കേസുകളുടെ എണ്ണം |
|---|---|---|
| 2009 | 1038 | 334 |
| 2010 | 1845 | 406 |
| 2011 | 5282 | 1160 |
| 2012 | 14657 | 3406 |
| 2013 | 28144 | 6066 |
| 2014 | 32833 | 8769 |
| 2015 | 30124 | 8924 |

### 4.6.2.7. ലോക അദാലത്തുകളുടെ പ്രകടനം

ലോക അദാലത്തിന്റെ നിയമ സഹായത്തിന്റെ കെൽസ തയ്യാറാക്കിയ കർമ്മ പദ്ധതി ഹൈലെവൽ മോണിറ്ററിങ് കമ്മിറ്റി 25-11-2016-ൽ അംഗീകരിച്ചു. ഡി . എൽ . എസ് . എ . യിലെയും ടി . എൽ .എസ് . സി . യിലെയും ജീവനക്കാരുടെ അംഗബലം അനുസരിച്ച് ലോക് അദാലത്തിൽ തീർക്കുവാനുള്ള കേസുകളുടെ ലക്ഷ്യം തീരുമാനിച്ചു. ഡി . എൽ . എസ് . എ . യിലും ടി . എൽ . എസ് . സി . യിലുമുള്ള ജീവനക്കാരുടെ അംഗബലം താഴെ പ്രതിപാദിക്കുന്നു .

| തസ്തിക | തസ്തികകളുടെ എണ്ണം | |
|---|---|---|
| | ഡി.എൽ. എസ്. എ. | ടി . എൽ . എസ് . സി |
| സെക്രട്ടറി (സബ് ജഡ്ജ് ) | 1 | ഇല്ല |
| സെക്രട്ടറി | ഇല്ല | 1 |
| സെക്ഷൻ ഓഫീസർ | 1 | ഇല്ല |
| ക്ലാർക്ക് കം ടൈപ്പിസ്റ്റ് | 1 | 1 |
| പ്യൂൺ | 1 | ഇല്ല |

13-ആം ധനകാര്യ കമ്മീഷൻ സ്കീമിന്റെ പ്രധാന ആവിഷ്കരണ ഓഫീസുകൾ ഡി. ൽ. എസ് . എ . കളും ടി . എൽ . എസ് . സി കളുമാണ് . അതുകൊണ്ടു ഡി. എൽ. എസ്. എ കളിലും ടി . എൽ . എസ് . സി കളിലും ലഭ്യമായ മാൻപവറിനെ അടിസ്ഥാനമാക്കിയാണ് ലക്ഷ്യം കണക്കുകൂട്ടിയിരുന്നത് . ഇതിനോടനുബന്ധിച്ച താഴെ കാണിച്ചിട്ടുള്ള വിവരങ്ങൾ കണ്ടാലും .

| വർഷം | ലക്ഷ്യം വച്ചിരുന്ന ലോക് അദാലത്തുകൾ/ മെഗാ ലോക് അദാലത്തുകളുടെ എണ്ണം: | സംഘടിപ്പിച്ചു കഴിഞ്ഞ ലോക് അദാലത്തുകൾ/ മെഗാ ലോക് അദാലത്തുകളുടെ എണ്ണം. | കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം. |
|---|---|---|---|
| 2010-11 | 320 | 0 | 2010-11 അവസാന കാലമായപ്പോൾ മാത്രമാണ് ഫണ്ട് സ്വീകരിക്കാൻ പറ്റിയത്. ആയതുകൊണ്ട് അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ഫണ്ട് വിനിയോഗിക്കാൻ സാധിച്ചില്ല. |
| 2011-12 | 640 | 2324 | - |
| 2012-13 | 320 | 2769 | - |
| 2013-14 | 320 | 3554 | - |
| 2014-15 | 630 | 3188 | - |
| 2015-16 | 630 | 350 | 13-ാം ധനകാര്യ കമ്മീഷൻ സ്കീമുകളുടെ ആവിഷ്കാര കാലഘട്ടം 31.03.2015 ൽ അവസാനിച്ചു. എന്നിരുന്നാലും 2015-16 കാലഘട്ടത്തിൽ ടി.പി അക്കൗണ്ടിലെ വിനിയോഗിക്കാൻ സാധിക്കാത്ത തുക വിനിയോഗിക്കാൻ ഈ ഓഫീസിന് അനുവാദം ലഭിച്ചിരുന്നു. ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നതിലേക്ക് വിനിയോഗിക്കുവാൻ വളരെ കുറച്ച് ചിലവഴിക്കാൻ സാധിക്കാത്ത ബാക്കി തുകയെ അവശേഷിച്ചിരുന്നുള്ളൂ. ഈ കാരണത്താൽ കുറവ് സംഭവിച്ചിരിക്കുന്നു. |
| ആകെ (2011-12 മുതൽ 2015-16 വരെ) | 2,860 | 12,185 | |

ലക്ഷ്യമിട്ട 2,43,000 കേസുകളിൽ 2,64,114 കേസുകൾ വിജയകരമായി പരിഹരിച്ചു. 7.14 ലക്ഷം കേസുകൾ തീർപ്പ് കല്പിച്ചതിൽ 2.64 ലക്ഷം കേസുകൾ വിജയകരമായി പരിഹരിക്കുകയുണ്ടായി.

## 4.6.2.8. വളർച്ച കുറവുള്ള വിഭാഗത്തിനുള്ള നിയമ സഹായം.

അർഹിക്കുന്ന 5000 നിയമ സഹായാർഥികൾക്ക് നിയമസഹായത്തിന് അഭിഭാഷകന്മാരെ നിയോഗിക്കുവാൻ 13-ാം ധനകാര്യ കമ്മീഷന്റെ കാലയളവിലേക്കുള്ള നടപടി പദ്ധതി പ്രകാരം വച്ചിരുന്നു. മേൽ പറഞ്ഞത് വിചാരണക്കും ബാധകമാണ് 13-ആം ധനകാര്യ കമ്മീഷൻ കാലയളവിൽ 59,755 പേർക്ക് നിയമ സഹായം നൽകിയിരുന്നു.

നിയമ സഹായം കൊടുത്തതിന്റെ വിവരം താഴെ കാണാവുന്നതാണ്

**നിയമ സഹായം കൊടുത്തതിന്റെ വിവരം**

| വര്‍ഷം | സൗജന്യ നിയമസഹായം കിട്ടിയ ആളുകളുടെ എണ്ണം | നിയമസഹായം കിട്ടിയ വിചാരണ തടവുകാരുടെ എണ്ണം | നിയമസഹായം കിട്ടിയ വിചാരണ തടവുകാരുടെ എണ്ണത്തിന്റെ ശതമാനം | റിമാര്‍ക്സ് |
|---|---|---|---|---|
| 2010-11 | 0 | 0 | 0 | 2010-11 വര്‍ഷത്തിന്റെ അവസാനത്തില്‍ ഫണ്ട് ലഭിച്ചത് കാരണം ടി സാമ്പത്തിക വര്‍ഷത്തില്‍ തുക ചിലവഴിക്കാന്‍ സാധിച്ചില്ല |
| 2011-12 | 5117 | 1303 | 25.46 | |

| | | | | |
|---|---|---|---|---|
| 2012-13 | 8287 | 2621 | 31.63 | - |
| 2013-14 | 21886 | 3985 | 18.21 | - |
| 2014-15 | 22786 | 3923 | 17.22 | - |
| 2015-16 | 1679 | 689 | 41.04 | - |
| ആകെ | 59,755 | 12,521 | 20.95 | - |

**കെൽസ, ഡി.എൽ.എസ്. എ അതോറിറ്റികൾ മുഖാന്തിരം ലഭിക്കുന്ന നിയമസഹായത്തിന് വേണ്ടുന്ന വരുമാന സീലിംഗ്/ പരിധി:**

11 വർഷമായി കെൽസ, ഡി.എൽ.എസ് അതോറിറ്റികൾ മുഖാന്തിരം ലഭിക്കുന്ന നിയമ സഹായത്തിന് വേണ്ടുന്ന വാർഷിക വരുമാന പരിധി 25,000 രൂപയായിരുന്നു . ഇത് രണ്ടു ചെറിയ ഇടവേളകളിലായി 2009-ൽ 50,000 രൂപയായും 2011-ൽ 1,00,000 രൂപയായും വർദ്ധിപ്പിച്ചു. അതുകൊണ്ട് 22.03.2011- ന ശേഷം കെൽസ, ഡി.എൽ.എസ്. അതോറിറ്റികൾ മുഖാന്തിരം ലഭിക്കുന്ന നിയമ സഹായത്തിന് വേണ്ടുന്ന വരുമാന സീലിങ് /പരിധി വർദ്ധിപ്പിക്കുന്നതിന് വേണ്ട ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചില്ല. നിയമ സഹായം ലഭിക്കുന്നതിലേക്കുള്ള വരുമാന സീലിങ് / പരിധിയിൽ നിന്നും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരെ ഒഴിവാക്കിയിട്ടുണ്ട്. 1,00,000 /-രൂപ വരുമാന

പരിധി വച്ച് പോലും 59,755 പേർക്ക് 13- ആം ധനകാര്യ കമ്മീഷൻ കാലയളവിൽ നിയമ സഹായം കൊടുത്തിരുന്നു. ഇത്, തീരുമാനിച്ച കണക്കാക്കിയ 25,000 പേർ എന്ന ലക്ഷ്യത്തിനെക്കാൾ, 34,755 പേർക്ക് കൂടുതൽ നിയമ സഹായം കൊടുക്കാൻ സാധിച്ചിട്ടുണ്ട്.

2017-ൽ കെൽസ സമർപ്പിച്ച ശുപർശയിന്മേൽ, കെൽസ (ചട്ടങ്ങൾ) 1998-ന്റെ 12-ാം ചട്ടം 2018-ൽ പുതുക്കിയതനുസരിച്ച്, സൗജന്യ നിയമസഹായത്തിലേക്കുള്ള വരുമാന പരിധി 3,00,000/-രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

(ഇതിന് ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമം നിയമം സാംസ്കാരികം പാർലമെന്ററികാര്യം വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്)

**.1.3 ആക്ട് ഭേദഗതി സംബന്ധിച്ച്**

(1) 1962 ലെ കേരള ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. നിയമവകുപ്പ് അംഗീകരിച്ച ഇംഗ്ലീഷ് ഡ്രാഫ്റ്റ് മലയാളത്തിലാക്കുന്നതിന്റെ പ്രവർത്തികൾ നടന്നുവരുന്നു.

(2) പരിഷ്കരിച്ച ആക്ടിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയതുമായി ബന്ധപ്പെട്ട് റൂൾസ് തയ്യാറാക്കാവുന്നതാണ്.

(3) നിലവിലെ ആക്ടിന്റെ സെക്ഷൻ 13 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട നോട്ടിഫിക്കേഷൻ കൂടി ഉൾപ്പെടുത്തിയാണ് പരിഷ്കരിച്ച ആക്ട് തയ്യാറാക്കിയിരിക്കുന്നത്. ആക്ടിലും ആക്ടിന്റെ അനുബന്ധങ്ങളിലും ഉൾപ്പെട്ടുവരുമെന്നതിനാൽ പ്രത്യേക നോട്ടിഫിക്കേഷന്റെ ആവശ്യം ഉണ്ടാകുന്നില്ല.

**5.1.4 വകുപ്പിൽ നിന്നും നൽകുന്ന നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനെ സംബന്ധിച്ച്**

വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ നൽകുന്നത് ഓൺലൈൻ ആക്കുന്നതിലേയ്ക്കായി ഒരു വെബ് പോർട്ടൽ വകുപ്പ് തയ്യാറാക്കിവരുന്നത് അന്തിമഘട്ടത്തിലാണ്. കെൽട്രോൺ ആണ് വകുപ്പിന്റെ വെബ് പോർട്ടൽ തയ്യാറാക്കുന്നത്. ഇത് പൂർത്തിയാകുന്നതോടെ എൻ.ഒ.സി സംബന്ധിച്ച ഇത്തരം വിവരങ്ങളെല്ലാം ഓൺലൈൻ ആയി ലഭ്യമാകുന്നതാണ്.

അഗ്നിരക്ഷാവകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടില്ല. അടിസ്ഥാന യൂണിറ്റുകളായ ഫയർസ്റ്റേഷനുകളിലേയ്ക്കു കൂടി കമ്പ്യൂട്ടർ അനുവദിക്കേണ്ടതുണ്ട്. ആയതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ആയത് ലഭ്യമാകുന്നതോടെ ഇത്തരം വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കി സൂക്ഷിക്കാൻ സാധ്യമാണ്.

നിലവിലെ എൻ.ഒ.സി രജിസ്റ്ററുകളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ പൂർത്തിയാക്കി സൂക്ഷിക്കുന്നതിന് നിലയങ്ങളിലേയ്ക്ക് നിർദ്ദേശം നൽകിയത് പ്രകാരം നിലയങ്ങളിൽ രജിസ്റ്ററുകളിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

**5.1.5 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ പുതുക്കുന്നത് സംബന്ധിച്ച്**

വകുപ്പിൽ നിന്നും അനുവദിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ കൃത്യമായ ഇടവേളകളിൽ പുതുക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഷ്കരിച്ച ആക്ടിന്റെ ഡ്രാഫ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആക്ടിന് അംഗീകാരം ലഭിക്കുന്നതോടെ എൻ.ഒ.സി റിന്യൂവലിന് നിയമസാധ്യതകളുണ്ടാകുന്നതാണ്.

**5.1.6 നാഷണൽ ബിൽഡിംഗ് കോഡിലെ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്**

നാഷണൽ ബിൽഡിംഗ് കോഡിലെ പാർട്ട് 4 ഫയർ ആന്റ് ലൈഫ് സേഫ്റ്റിയിലെ എല്ലാ ശുപാർശകളും കേരള പഞ്ചായത്ത്/മുൻസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അതേപടി ഉൾപ്പെടുത്തുന്നതിന് വിശദമായ ശുപാർശ സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്.

**5.1.7 കെട്ടിടങ്ങളിൽ മിനിമം ഫയർസേഫ്റ്റി ഉറപ്പുവരുത്തുന്നത് സംബന്ധിച്ച്**

(1) മിനിമം ഫയർസേഫ്റ്റി ഉറപ്പുവരുത്തുന്നതിനായി കെട്ടിടങ്ങൾ പരിശോധിച്ച് നോട്ടീസ് നൽകുന്നതിന് അഗ്നിരക്ഷാവകുപ്പിന് നിയമ പിൻബലം ലഭിക്കുന്നതിന് ആയത് നിർദ്ദിഷ്ട കരട് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KPBR/KMBR ൽ ഇത്തരത്തിൽ അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ കെട്ടിടങ്ങൾക്ക് വേണം എന്ന് നിഷ്കർഷവരുന്നതിന് മുൻപുള്ള കാലത്ത് നിർമ്മിച്ച കെട്ടിടങ്ങളിൽ ഇവയിൽ പലതും പ്രായോഗികമല്ല. ഉദാഹരണത്തിന് 50 വർഷത്തിനു മുകളിൽ പഴക്കമുള്ള കെട്ടിടത്തിനു മുകളിൽ 25000 ലിറ്റർ ജലസംഭരണി അഗ്നിശമനത്തിനു മാത്രമായി സ്ഥാപിക്കുക എന്നത് കെട്ടിടത്തിന്റെ സ്റ്റെബിലിറ്റിയെ തന്നെ ബാധിച്ചേക്കാം.

ആയതിനാൽ ഇക്കാര്യത്തിൽ പ്രത്യേക മാനദണ്ഡങ്ങളും ആയതിന് പ്രത്യേക ഇളവുകളും ആവശ്യമായി വരും. ആയത് നിർദ്ദിഷ്ട ആക്ടുമായി ബന്ധപ്പെട്ട റൂളുകളിൽ ഉൾപ്പെടുത്താവുന്നതാണ്.

കേരളത്തിന്റെ ഓരോ അഗ്നിരക്ഷാനിലയത്തിന്റെയും പരിധിയിൽ വിവിധ ആവശ്യങ്ങൾക്കായുള്ള നിരവധി കെട്ടിടങ്ങൾ നിലവിലുണ്ട്. ഇത്തരം കെട്ടിടങ്ങൾ എല്ലാം പരിശോധിച്ച് അഗ്നിസുരക്ഷ ഉറപ്പാക്കുക എന്നത് ഏറെ ശ്രമകരമായ ജോലിയാണ്. ഒരു കെട്ടിടത്തിൽ തന്നെ പലതവണ പരിശോധന നടത്തുകയും ഓരോ തവണയും റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുകയും ചെയ്യേണ്ട സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. ഇതിലേയ്ക്കായി സേനയുടെ അംഗബലം പര്യാപ്തമല്ല. മുൻപ് തീ പിടുത്തങ്ങൾ മാത്രം ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ചെയ്തിരുന്ന കാലത്ത് സ്റ്റേഷനുകൾക്ക് അനുവദിച്ച അംഗബലമാണ് നിലവിലും തുടർന്നുവരുന്നത്. പുതുതായി അനുവദിച്ച പല സ്റ്റേഷനുകളിലും അംഗബലം ഇതിലും വളരെ കുറവാണ്. എന്നാൽ തീപിടുത്തം എന്നതിലുപരി എല്ലാത്തരം അപകടങ്ങളിലും രക്ഷാപ്രവർത്തനത്തിന് ഈ വകുപ്പ് മുന്നിട്ടിറങ്ങിയതോടെ സ്റ്റേഷനുകളിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചു. അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്ക് പുറമേ വാഹനങ്ങളുടേയും ഉപകരണങ്ങളുടേയും പരിപാലനം, ജീവനക്കാരുടെ തുടർ പരിശീലനങ്ങൾ എന്നിവയെല്ലാമാകുമ്പോൾ കെട്ടിടപരിശോധനകൾ നടത്തുന്നതിനും നോട്ടീസ് നൽകി തുടർ പരിശോധനകൾ നടത്തി അഗ്നിസുരക്ഷ ഉറപ്പുവരുത്തുന്നതിനും നിലവിലെ അംഗബലം തികച്ചും അപര്യാപ്തമാണ്. ഇത്തരം പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഏകോപനവും നിർവ്വഹിക്കുന്നതിന് ഓഫീസർമാരുടെ അപര്യാപ്തതയും രൂക്ഷമാണ്.

(2) അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തി ടി സംവിധാനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിർദ്ദിഷ്ട ഫയർ ഫോഴ്സ് ആക്ടിന്റെ കരടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**5.1.8 ജീവനക്കാരുടെ അപര്യാപ്തത**

(1) വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പഠന റിപ്പോർട്ട് നൽകുന്നതിന് സർക്കാർ നിയമിച്ച ഏകാംഗ കമ്മീഷൻ (ജാംഗ്പാംഗി കമ്മീഷൻ) റിപ്പോർട്ടിലും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങളെ അപഗ്രഥിച്ച RMSI റിപ്പോർട്ടിലും കേരളത്തിലെ അഗ്നിരക്ഷാസേനയിലെ അംഗബലത്തിന്റെ കുറവ് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ടി റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ മൊത്തം 228 ഫയർ സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ 124 സ്റ്റേഷനുകളാണ് നിലവിലുള്ളത്. ആസ്ഥാന ഓഫീസ് മുതൽ അടിസ്ഥാന യൂണിറ്റായ ഫയർ സ്റ്റേഷൻ വരെ ഈ കുറവ് പ്രകടമാണ്.

വകുപ്പിന്റെ ജില്ലാതല സംവിധാനം തികച്ചും അപര്യാപ്തമാണ്. നിലവിൽ ജില്ലാതലത്തിൽ സുരക്ഷാസംവിധാനത്തിന്റെ ചുമതലവഹിക്കുന്ന ഉദ്യോഗസ്ഥൻ, ജില്ലാ ഫയർ ഓഫീസർ, ഭരണസംവിധാനത്തിൽ വളരെ താഴ്ന്ന റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗമെന്ന നിലയിൽ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, DMO എന്നിവർക്കൊപ്പം ജില്ലാതലത്തിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകേണ്ട ജില്ലാ ഫയർ ഓഫീസർക്ക് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ തുടങ്ങിയവർക്ക് സമാനമായ റാങ്ക് മാത്രമാണുള്ളത്. 10 ഓളം ജില്ലകളിൽ

പഞ്ചായത്തിലധികമോ ഫയർസ്റ്റേഷനുകൾഉള്ളപ്പോൾഎല്ലാസ്റ്റേഷന്റെയുംചുമതല നേരിട്ട്ജില്ലാഓഫീസറിലാണ്വരുന്നത്. ഇടത്തട്ടിൽമേൽനോട്ടംഇല്ലാത്തത്സ്റ്റേഷനുകളെദുർബലമാക്കുന്നുണ്ട്. ജില്ലയിലെഎല്ലാ നിലയങ്ങളുടെയുംശമ്പള വിതരണ ഉദ്യോഗസ്ഥൻ (DDO) കൂടിയാണ്ജില്ലാഫയർഓഫീസർഎന്നതിനാൽജില്ലാ ഫയർഓഫീസർക്ക്സ്റ്റേഷനുകളുടെമേൽ നോട്ടത്തിന് സമയംകണ്ടെത്താനാകാതെവരുന്നു. ജില്ലാആസ്ഥാന നിലയങ്ങളിലെ സ്റ്റേഷൻ ഓഫീസർതസ്തികഡെപ്യൂട്ടിഡിസ്ട്രിക്ട് ഫയർഓഫീസർതസ്തികയായിഉയർത്തിജില്ലാഓഫീസറെസഹായിക്കുന്നതിനായി നിയോഗിക്കേണ്ടത് നിലവിൽവകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട്കൊണ്ടുപോകുന്നതിന് അത്യന്താപേക്ഷിതമാണ്.

(2) വാഹനങ്ങളും ഉപകരണങ്ങളുംവാങ്ങുന്നതിലേയ്ക്കായി 2016-17 ൽ 30കോടി, 2017-18 ൽ 40 കോടി, 2018-19 ൽ 65 കോടിഎന്നിങ്ങനെ ഈ വകുപ്പിന് അനുവദിച്ചിരുന്നു. അഗ്നിശമനരക്ഷാ ഉപകരണങ്ങൾവാങ്ങുകഎന്നത്ഇത്തരം ഉപകരണങ്ങൾക്ക് പ്രത്യേകസ്പെസിഫിക്കേഷൻ ഉള്ളതിനാൽതികച്ചും ശ്രമകരമാണെന്നതിനാലുംഇത്തരം ഉപകരണങ്ങൾക്ക് നിർമ്മാതാക്കളും വിതരണക്കാരുംകുറവാണ്എന്നതിനാലും പദ്ധതി വിഹിതംസമയബന്ധിതമായിചിലവഴിക്കുന്നതിന് പലപ്പോഴും സാധിക്കാറില്ലഎന്നിരുന്നാലുംകഴിഞ്ഞ വർഷങ്ങളിൽ പരമാവധി ഉപകരണങ്ങൾവകുപ്പ്വാങ്ങിയിട്ടുണ്ട്. നിലവിലും പദ്ധതിവിഹിതം പരമാവധി ചിലവഴിക്കുന്നതിനും ആധുനിക ഉപകരണങ്ങളുംവാഹനങ്ങളുംവാങ്ങുന്നതിനും ഉള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

വകുപ്പിന് 60മീറ്റർ വരെഉയരത്തിൽ പ്രവർത്തിക്കുന്ന TTL (ടേൺ ടേബിൾലാഡർ)വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഈ ഉപകരണംവിദേശ നിർമ്മിതമായതിനാലുംമറ്റുരാജ്യങ്ങളിൽ നിന്ന്വാങ്ങുന്നതുമായി ബന്ധപ്പെട്ട സാങ്കേതികതകൾ പരിഗണിച്ചുംസ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ മുഖേന പർച്ചേസ് നടത്തുന്നതിന് നടപടികൾ നടന്നുവരുന്നു.

5.1.9 പിരിയോഡിക്കൽ ഇൻസ്പെക്ഷൻ സംബന്ധിച്ച്

പീരിയോഡിക്കൽ ഇൻസ്പെക്ഷന് നിയമ പിൻബലം ലഭിക്കുന്നതിനായിആയത് നിർദ്ദിഷ്ടകരട്ആക്ടിൽഉൾപ്പെടുത്തിയിട്ടുണ്ട്. ആയത്കൃത്യമായി നടപ്പിലാക്കുന്നതിന് വകുപ്പിന്റെഅംഗബലം വർദ്ധിപ്പിക്കേണ്ടതും നിയന്ത്രണത്തിനുംഏകോപനത്തിനുമായിആവശ്യമായഓഫീസർമാരുടെതസ്തികസൃഷ്ടിക്കേണ്ടതുംഅത്യന്താപേക്ഷിതമാണ്.

5.1.10

നിർദ്ദിഷ്ടകരട്ആക്ടിന് അംഗീകാരംലഭിക്കുന്നതോടെഅഗ്നിരക്ഷാവകുപ്പിന്റെവിവിധ പ്രവർത്തനങ്ങൾക്ക് നിയമ പിൻബലം ലഭിക്കുന്നതാണ്. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ മുഖേന TTL വാങ്ങുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആയത് ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ആനുകാലിക പരിശോധനകൾ, എൻ.ഒ.സി പുതുക്കൽഎന്നിവയുൾപ്പെടെയുള്ളകാര്യങ്ങളും പുതുതായിആരംഭിക്കുന്ന ഫോർട്ട്കൊച്ചി അഡ്വാൻസ്ഡ് വാട്ടർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അഡ്വാൻസ്ഡ് റെസ്ക്യൂഫോഴ്സ്, ജില്ലാതലവകുപ്പിന്റെപുനഃക്രമീകരണം, സിവിൽ ഡിഫൻസ് രൂപീകരണം എന്നിവയിലും

വകുപ്പിന്റെ അംഗബലത്തിലും സൂപ്പർ വൈസറി തസ്തികകളിലും മതിയായ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്.

ആർ.[illegible]
ഡയറക്ടർ (ടെക്നിക്കൽ)
ഡയറക്ടർ ജനറലിനുവേണ്ടി

## A. ESTABLISHMENT OF ALTERNATE DISPUTE RESOLUTION CENTRES – Rs.1902.00 LAKHS

The responsibility for setting up of ADR Centres and Training of Mediators had been assigned to State Legal Services Authorities by the Ministry of Law and Justice, Government of India as per Letter No.J-11011/04/2009-10 dated 25/01/2011. The 13th Finance Commission had recommended a sum of Rs.19.02 Crores for establishing ADR Centres and training of mediators/conciliators in the State. Accordingly, this State Authority decided to set up 17 ADR Centres in the State. A Technical and Financial Monitoring Committee was constituted under the Chairmanship of the Hon'ble Executive Chairman, KeLSA for the control and supervision of construction of ADR buildings.

An amount of Rs.720.70 lakhs was received out of Rs.19.02 Crores towards the establishment of ADR Centres and training of mediators. This Authority received a sum of Rs.3,80,40,000/- and Rs.1,90,20,000/- in 2011-12 and establishment of ADR Centres, this Authority utilised Rs.2,84,35,133/- as on 31/03/2014. The amount of Rs.190.20 lakhs released during the year, 2012- 13 could not be utilised by KelSA in 2012- 13 as permission for the utilisation was not received. Later the said amount was also utilised in 2013- 14. The amount allotted under the 13th FC was fully utilised. A certificate of utilisation has been submitted to the Government in time.

Out of Rs.720.70 lakhs received for the establishment of ADR Centres and training of Mediators, a sum of Rs.647.47 lakhs was utilised for the establishment of ADR Centres and a sum of Rs.73.23 lakhs for training of Mediators.

Construction of building for the following ADR Centres was completed and the centres are fully functional.

| District | Date from which the centre become functional |
|---|---|
| Trivandrum | 09/11/2013 |
| Alappuzha | 31/03/2015 |
| Mavelikkara | 30/01/2016 |
| Ernakulam | 28/10/2014 |
| Thrissur | 13/02/2016 |
| Kannur | 07/03/2015 |
| Kottayam | 18/11/2017 |

**Kottayam :-** The construction of ADR building at Kottayam could not be completed by 31/03/2016 because of certain issues in respect of the land, which could be sorted out only by the end of the tenure of TFC. The fund released under the 13th FC for this purpose was exhausted as on 31/03/2016. Following this office's request, Government had released a sum of Rs.102.73 lakhs (Not the 13th FC fund) under the Head of Account "2014-00-114-93-34-Other Charges", as per G.O.(Ms)No.114/2016/Law

dated 13/07/2016, for completing the ADR building at Kottayam. The new building of the ADR Centre Kottayam was inaugurated on 18/11/2017.

**Centres where building could not be constructed**

(a) Idukki:- The proposed estimate for the ADR building in the Idukki District was abnormally higher and the matter was taken up with National Legal Services Authority for specific sanction for limiting the area in respect of ADR Centre at Idukki. The matter is pending with the department of Law and Justice, Government of India even now.

(b) Palakkad :- The land was identified in 2013- 14. The work was delayed as the sanction from Archaeological Survey of India (ASI) was received by the District Judge, Palakkad only on 03/03/2015. The Executive Engineer, PWD Civil invited fresh tender on 23/05/2015, after getting necessary sanction from the ASI. But, the Technical and Financial Monitoring Committee of ADR Centres, in its meeting held on 08/10/2015, decided that construction of any new ADR Centre shall not be commenced utilising the 13th Finance Commission fund, as the period for the implementation of the 13th Finance Commission Schemes had expired and no amount has been provided in the Head of Account relating to the 13th Finance Commission in the budget for the year, 2015 -16.

(c) Kasaragod:- The identified land at Kasaragod was not got transferred from

**Centres where land was not available by the Government for construction**

1. Kollam
2. Pathanamthitta
3. North Paravur
4. Malappuram
5. Kozhikode
6. Wayanad
7. KeLSA Headquarters, Ernakulam

The Government has not made available the land required despite several request/reminders from KeLSA. Therefore the remaining 10 building could not be constructed.

The Action Plan submitted by KeLSA for release of funds recommended by the 14th FC has been rejected thrice.

**B. TRAINING OF MEDIATORS**

MCPC, KeLSA and KSMCC: The mediation activities in India are controlled by the Mediation and Conciliation Project Committee (MCPC) of Supreme Court of India. It is a Committee with the Hon'ble Chief Justice of India as the Patron-in Chief and Senior Judges of the Supreme Court of India as members. The Mediation programmes in Kerala is co-ordinated by the Kerala State Mediation and Conciliation Centre (KSMCC), a Monitoring Committee constituted by the Hon'ble the Chief Justice, High Court of Kerala with four Judges as Board of Governors under the umbrella of KeLSA. The Chief Justice, High Court of Kerala is the Patron-in-Chief and the Hon'ble Executive Chairman, KeLSA is the patron.

The Hon'ble Board of Governors take decisions from time to time on training/refresher course/awareness programmes etc., to Judicial Officers/Mediators

and all other stakeholders of mediation. This decision is taken based on the statistics available on mediation activities.

The proposal of the 13th Finance Commission was to train 100 Judicial Officers and Advocates in each district to act as Mediators/Conciliators. However, the actual number of mediators required for every state was decided by the Hon'ble Mediation Committee based on the requirements in different districts.

**Judicial Officers:** The Judicial Officers in Kerala are overburdened with judicial work. Therefore, Judicial Officers were not trained as mediators. They were given orientation/refresher course to perform in a better manner as referral Judges to promote the concept of mediation as one of the most effective ADR methods. 40 hours basic training in mediation is being given to all the Munsiff Magistrate trainees and direct recruit district judges as part of their induction training in Kerala Judicial Academy since 2012- 2013 on the basis of a resolution passed by the Hon'ble Board of Governors, KSMCC. More than 200 judicial officers were given basic training in mediation as per the module and syllabus prescribed by the MCPC.

**Advocates:** KSMCC could train 486 lawyers as mediators upto 2011 -12 utilising the service of trainers nominated by MCPC. These mediators were attached to different District Mediation Centres and the High Court Mediation Centre, so that each centre has the service of 32 to 35 mediators. Accreditation was given to them as per the norms prescribed by MCPC from time to time:

More mediators" Thereafter, mediation sub centres were started at different Court Centres taking into account the ever growing demand from the Bar associations. On appraisal of the requirement for additional mediators, the Hon'ble Board of Governors, on prior sanction from MCPC, trained 26 mediators in 2013 -14 and 89 mediators in 2014 -15. These mediators were trained to strengthen mediation activities in Family Courts situated away from the district Centre and in mediation Sub Centre with a view to have atleast five mediators at every such centre. Thus, 601 lawyers were trained as mediators by March 2015.

The actual number of mediators to be trained depending on the requirement of every state. Kerala was not an exception. It was decided only to train sufficient number of mediators. MCPC had repeatedly cautioned in various conferences/meetings that the state need to train mediators who are actually required for mediation programmes. It was upto the mediation monitoring committee of High Court of Kerala and KeLSA to decide and train the requisite number of mediators. The said decision was taken based on the periodical statistics and with a view to have the service of mediators attached to every Court Centre. Training of 1400 mediators ie 100 x 14 districts would not have improved the mediation activities. On the other hand, with 601 mediators, KeLSA and KSMCC could strengthen the mediation programmes resulting in better services to the litigants. Therefore KeLSA and KSMCC decided to improve the skills of trained mediators through continuous refresher programmes.

Mediation was a budding concept when the 13th Finance Commission submitted its report with the proposal to trained mediators. The mediators deal with the human emotions and psychology. What the mediators were given as part of basic training was 40 hours basic training on the concept of mediation with a few practical tips. After the basic training, mediators were deputed to different Mediation Centres for practical training. Mediators were not given repeated training, but were required

to attend one day refresher course every year since 2012 so as to equip them with better tools and techniques to serve the society in an effective manner. As far as the Judicial Officers are concerned, the repeated refresher course given to make them better referral judges has resulted in sharp increase in the number of referrals for mediation. The 13th FC also provides for conducting refresher course/awareness programmes, seminars, workshop etc for Judicial Officers and mediators on the concept of mediation.

| Year | No. of camps. | No. of persons benefited |
|---|---|---|
| 2012-13 | 6 | 2800 |
| 2013-14 | 14 | 5750 |
| 2014-15 | 10 | 3250 |
| 2015-16 | 6 | 1725 |

**Achievements:** This repeated refresher programmes to the mediators has resulted in the increased number of settlements as revealed from the periodical statistics. Through this process Kerala could become one of the leading states in the mediation activities in India as revealed from the fact that MCPC has identified Ernakulam and Thrissur as pilot districts to propagate the concept of mediation. Judicial Officers and mediators working in these districts were required to attend 6 one day refresher programmes in two phases as part of ARCM programme. MCPC also has promoted repeated refresher programmes to the trained mediators. The results are therefore everyone to see as the litigants in Kerala have accepted mediation as the best ADR method.

**Strong team of mediators:** Now Kerala has a strong team of mediators sufficient to cater the need of different Mediation Centres to which cases are referred from Courts across the State.

Over the past five years, through training/refresher courses/awareness programmes, KSMCC under the umbrella of Kerala State Legal Services Authority, could achieve the results visualised by the 13th FC with a team of committed mediators and judicial officers.

The eligibility to be trained as mediators is a prescribed in Civil Procedure (ADR) Rules, 2008, Kerala. The eligible candidates are selected and nominated by the Hon'ble Board of Governors by inviting applications through District Judges concerned and on the basis of norms fixed.

The criteria for accreditation of a mediator are fixed by the Mediation and Conciliation Project Committee (MCPC), Supreme Court of India from time to time. Upto 2013, a mediator, who had completed 10 mediations, irrespective of the success rate, was eligible for accreditation. The norms for accreditation was changed by MCPC in 2013 by which accreditation is being given to a mediator if he has conducted a minimum of 20 mediations and on completion of 10 successful mediations.

Through the concerted efforts of all concerned, KeLSA and KSMCC could settle considerable number of cases through ADR methods, especially mediation, and thereby reduced the pressure on the court system.

| Year | No. of cases referred to mediation | No. of cases settled in mediation |
|---|---|---|
| 2009 | 1038 | 334 |
| 2010 | 1845 | 406 |
| 2011 | 5282 | 1160 |
| 2012 | 14657 | 3406 |
| 2013 | 28144 | 6066 |
| 2014 | 32833 | 8769 |
| 2015 | 30124 | 8924 |

## C.LOK ADALAT

The action plan for Lok Adalat and Legal Aid prepared by KeLSA was approved by the High Level Monitoring Committee on 25/11/2010. The target for the disposal of cases in the Lok Adalat was fixed considering the staff strength of the DLSAs and TLSCs. The following is the staff strength in DLSAs and TLSCs.

DLSA

| Post | No |
|---|---|
| Secretary (Sub Judge) | 1 |
| Section Officer | 1 |
| Clerk cum Typist | 1 |
| Peon | 1 |

TLSC

| Post | No |
|---|---|
| Secretary | 1 |
| Clerk cum Typist | 1 |

The DLSAs and TLSCs are the main implementing offices of the 13th FC Scheme. So the target was fixed based on the man power available in the DLSAs and TLSCs. In this connection, the data given below may be seen.

| Year | Target number of Lok Adalats/Mega Lok Adalats fixed | Number of Lok Adalats/Mega Lok Adalats conducted | Reason for shortfall, if any |
|---|---|---|---|
| 2010-11 | 320 | 0 | Since the fund was received during the close of the financial year, 2011- 11, no amount was utilised |
| 2011-12 | 640 | 2324 | |
| 2012-13 | 320 | 2769 | |
| 2013-14 | 320 | 3554 | |
| 2014-15 | 630 | 3188 | |
| 2015-16 | 630 | 350 | The implementation period of the 13th FC |

| | | | |
|---|---|---|---|
| | | | schemes expired on 31/03/2015. However, this office received sanction to utilise the unutilised balance in the TP Account, during 2015 -16. There was only a meagre unutilised balance to utilise for conducting Lok Adalats. |
| Total (from 2011-12 to 2015-16) | 2540 | 12185 | |

| Year | Target number of cases for disposal | Actual number of cases disposed of | Actual number of cases successfully disposed of | Shortfall in the target fixed | Reason for shortfall, if any |
|---|---|---|---|---|---|
| 2010-11 | 36000 | 0 | 0 | 36000 | Since the fund was received during the close of the financial year, 2010- 11, no amount was utilised. |
| 2011-12 | 72000 | 74292 | 16856 | 0 | |
| 2012-13 | 36000 | 91253 | 19450 | 0 | |
| 2013-14 | 36000 | 148507 | 63150 | 0 | |
| 2014-15 | 49500 | 358620 | 150097 | 0 | |
| 2015-16 | 49500 | 41653 | 14561 | 7847 | The implementation period of the13th FC schemes expired on 31/03/2015. However, this office received sanction to utilise the unutilised balance in the TP account. There was only a meagre unutilised balance to utilise for conducting Lok Adalats |
| Total (From 2011-12 to 2015 -16) | 243000 | 714325 | 264114 | | |

Against the target of 2,43,000 cases, 2,64,114 cases were successfully settled. Out of 7.14 lakh cases disposed of, 2.64 lakh cases were successfully settled.

**D. LEGAL AID**

As per the action plan prepared for the 13th FC period, it was intended to engage advocates to 5,000 deserving litigants per year under the component "legal aid". This included under trials also. During the 13th FC period, 59,755 persons had been given legal aid. The details of legal aid given may be seen below.

**Details of Legal Aid given**

| Year | Number of persons provided with free legal aid | Number of Under-Trials provided with legal aid | % of legal aid given to Under Trials | Remarks |
|---|---|---|---|---|
| 2010-11 | 0 | 0 | | |
| 2011-12 | 5117 | 1303 | 25.46 | |
| 2012-13 | 8287 | 2621 | 31.63 | |
| 2013-14 | 21886 | 3985 | 18.21 | |
| 2014-15 | 22786 | 3923 | 17.22 | |
| 2015-16 | 1679 | 689 | 41.04 | |
| Total | 9755 | 12521 | 20.95 | |

**Income ceiling for availing legal aid through KeLSA and DLSAs**

The Annual income limit for availing legal aid through KeLSA and DLSAs was Rs.25000/- for 11 years and in two short intervals, the income limit was enhanced to Rs.50,000/- in 2009 and to Rs.1,00,000/- in 2011. Hence, no proposal was sent to Government for enhancing income ceiling for availing legal aid through KeLSA and DLSAs after 22/03/2011. People belonging to SC/ST categories, women and children are exempt form income ceiling for availing legal aid. Even with the income limit of Rs.1,00,000/-, 59755 persons have been given legal aid during the 13th FC period. This is 34755 more than the fixed target of legal aid to 25000 persons.

In this connection, it is informed that Rule 12 of the KeLSA [Rules], 1998 was amended in 2018, based on a proposal sent from KeLSA in 2017, by enhancing the income limit for free legal aid to Rs.3,00,000/-.

Note:- The details of 13th FC Grant received and utilised may be seen in the statement attached separately.

## Consolidated Utilisation of the 13th Finance Commission Grant as on 31-3-2016

(Rs. in lakhs.)

| S.N | 13th FC Scheme Components in respect of KELSA | 13th Finance Commission Allocation for KELSA | Grant Received from State Government | | | | | | | Expenditure | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | Financial Year | | | | | | | Financial Year | | | | | | |
| | | | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | Fund Transfer approved by HLMC | Total | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | Total |
| 1 | Lok Adalat | 180.00 | 161.00 | 80.90 | 0.00 | 0.00 | 80.90 | 40.00 | 362.80 | 0.00 | 24.9 | 37.00 | 58.89 | 66.39 | 10.53 | 197.68 |
| 2 | Legal Aid | 629.00 | | | | | | | | 0.00 | 6.12 | 10.22 | 103.57 | 37.34 | 7.87 | 165.12 |
| 3 | Establishment of ADR Centres | 1902.00 | 0.00 | 380.40 | 0.00 | 190.20 | 190.10 | -40.00 | 720.70 | 0.00 | 0.64 | 112.98 | 134.19 | 271.33 | 128.33 | 647.47 |
| 4 | Training of Mediators | | | | | | | | | 0.00 | 0.68 | 19.02 | 16.84 | 29.89 | 6.80 | 73.23 |
| TOTAL | | 2711.00 | 161.00 | 461.30 | 0.00 | 190.20 | 271.00 | 0.00 | 1083.50 | 0.00 | 32.31 | 179.22 | 313.49 | 404.95 | 153.53 | 1083.50 |

V. V. [illegible] CHANDRAN NAIR
[illegible] Secretary to Govt.
[illegible] Department
[illegible] Secretariat
[illegible]anthapuram

# അനുബന്ധം III



**അനുബന്ധം**

**2016 മാർച്ച് 31-ൽ ജില്ല തിരിച്ചുള്ള തീർപ്പാകാത്ത കേസുകൾ**

*(സൂചിക: ഖണ്ഡിക 4.5; [illegible])*

| ക്രമ നമ്പർ | ജില്ല | 2016 മാർച്ച് 31 ൽ തീർപ്പാകാത്ത ആകെ കേസുകൾ | | |
|---|---|---|---|---|
| | | സിവിൽ | ക്രിമിനൽ | ആകെ |
| 1 | തിരുവനന്തപുരം | 48876 | 89697 | 138573 |
| 2 | കൊല്ലം | 23510 | 83432 | 106942 |
| 3 | പത്തനംതിട്ട | 11576 | 40367 | 51943 |
| 4 | കോട്ടയം | 15683 | 35145 | 50828 |
| 5 | ആലപ്പുഴ | 26730 | 45480 | 72210 |
| 6 | ഇടുക്കി | 4937 | 7767 | 12704 |
| 7 | എറണാകുളം | 30945 | 34863 | 65808 |
| 8 | തൃശ്ശൂർ | 57822 | 28157 | 85979 |
| 9 | പാലക്കാട് | 19611 | 33090 | 52701 |
| 10 | കോഴിക്കോട് | 15571 | 32979 | 48550 |
| 11 | മലപ്പുറം | 15294 | 38517 | 53811 |
| 12 | കണ്ണൂർ | 17726 | 21466 | 39192 |
| 13 | വയനാട് | 3652 | 10900 | 14552 |
| 14 | കാസർഗോഡ് | 3980 | 13713 | 17693 |
| | മൊത്തം | 295913 | 515373 | 811286 |

| | |
|---|---|
| കുറിപ്പ് 1 | ഹൈക്കോടതി, കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, എന്നിവയുടെ ആസ്ഥാനങ്ങൾ സ്ഥിതി ചെയ്യുന്നതുകൊണ്ട് എറണാകുളം ജില്ലയെ നേരിട്ട് തെരഞ്ഞെടുത്തു. |
| കുറിപ്പ് 2 | മറ്റു മൂന്ന് ജില്ലകളായ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നിവയെ പ്രോബബിലിറ്റി പ്രൊപ്പോഷണൽ ടു സൈസ് വിത്തൗട്ട് റീപ്ലേസ്മെന്റ് ഉപയോഗിച്ച് തെരഞ്ഞെടുത്തു. |

കെട്ടിടങ്ങളിലെ അടിസ്ഥാന അഗ്നിസുരക്ഷാ ക്രമീകരണങ്ങളുടെ അഭാവം

*(സൂചിക: ഖണ്ഡിക 6.1.7; പുറം 93)*

(X = ലഭ്യമല്ലാത്തവ ✓ = ലഭ്യമായവ)

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേരും മേൽവിലാസവും | അഗ്നിശമന രക്ഷാ നിലയത്തിന്റെ പേര് | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | ജില്ലാ സഹകരണ ആശുപത്രി, തൃശ്ശൂർ | തൃശ്ശൂർ | X | X | X | X | X | X | X | X | X | X |
| 2 | കെ.എം.സി.ടി മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട് | മുക്കം | ✓ | X | X | ✓ | ✓ | X | ✓ | ✓ | X | X |
| 3 | കെ.എം.സി.ടി ഡെന്റൽ കോളേജ്, മുക്കം, കോഴിക്കോട് | മുക്കം | ✓ | X | X | ✓ | ✓ | X | ✓ | ✓ | X | X |
| 4 | സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മെഡിക്കൽ കോളേജ്, കോഴിക്കോട് | വെള്ളിമാട്കുന്ന് | X | X | X | ✓ | ✓ | X | ✓ | X | X | X |
| 5 | ആസ്റ്റർ [illegible] ആശുപത്രി, കോഴിക്കോട് | മീഞ്ചന്ത | X | X | X | ✓ | ✓ | X | ✓ | X | X | X |
| 6 | [illegible] ആശുപത്രി, ഉള്ളൂർ, തിരുവനന്തപുരം | തിരുവനന്തപുരം | X | ✓ | ✓ | ✓ | X | X | X | ✓ | ✓ | X |
| 7 | ബിഷപ്പ് ബെൻസിഗർ ആശുപത്രി, കൊല്ലം | ചാമക്കട | ✓ | X | X | ✓ | X | X | ✓ | X | ✓ | ✓ |
| 8 | ഇ.എസ്.ഐ.സി മോഡൽ സൂപ്പർ സ്പെഷ്യാലിറ്റി, കൊല്ലം | കടപ്പാക്കട | ✓ | X | X | ✓ | ✓ | X | ✓ | ✓ | X | X |
| 9 | സൺറൈസ് ആശുപത്രി, കാക്കനാട്, എറണാകുളം | തൃക്കാക്കര | X | X | X | ✓ | X | X | ✓ | X | ✓ | ✓ |
| 10 | സേക്രഡ് ഹാർട്ട് സി.എം.ഐ പബ്ലിക് സ്കൂൾ, എറണാകുളം | ക്ലബ് റോഡ് | ✓ | X | X | ✓ | ✓ | X | X | X | X | X |
| 11 | സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം | തൃശ്ശൂർ | ✓ | X | X | ✓ | ✓ | X | X | X | X | X |
| 12 | മിനി സിവിൽ സ്റ്റേഷൻ, ചാവക്കാട്, തൃശ്ശൂർ | ഗുരുവായൂർ | X | X | X | ✓ | ✓ | X | X | X | X | X |
| 13 | [illegible] കോംപ്ലക്സ്, കൊല്ലം | കടപ്പാക്കട | ✓ | X | X | ✓ | ✓ | X | ✓ | X | X | X |
| 14 | ഇ.പി.എഫ് മേഖല കാര്യാലയം, എറണാകുളം | ഗാന്ധിനഗർ | ✓ | X | X | ✓ | ✓ | X | X | X | X | X |
| 15 | സൂപ്രണ്ടിന്റെ കാര്യാലയം, കസ്റ്റംസ് സെൻട്രൽ എക്സൈസ്, ഗുരുവായൂർ | ഗുരുവായൂർ | X | ✓ | X | ✓ | ✓ | X | X | ✓ | X | ✓ |
| 16 | കവടിയാർ ടവർ, തിരുവനന്തപുരം | തിരുവനന്തപുരം | X | ✓ | ✓ | ✓ | X | X | X | X | ✓ | ✓ |
| 17 | ഗ്രീൻഡെയിൽ [illegible], [illegible] | തിരുവനന്തപുരം | X | X | X | ✓ | ✓ | X | X | ✓ | X | X |
| 18 | സെവൻസീസ് അപ്പാർട്ട്മെന്റുകൾ, എറണാകുളം | ക്ലബ്ബ് റോഡ് | ✓ | X | X | ✓ | X | X | ✓ | ✓ | X | ✓ |
| 19 | [illegible] ഗോൾഡ് ആന്റ് സിൽക്സ്, എറണാകുളം | ക്ലബ്ബ് റോഡ് | X | X | X | ✓ | ✓ | X | X | X | X | ✓ |
| 20 | ഐ-മാൾ, അഞ്ചാലുമൂട്, കൊല്ലം | ചാമക്കട | ✓ | X | X | ✓ | ✓ | X | ✓ | ✓ | X | X |
| 21 | [illegible] ഗ്ലോബൽ [illegible] കൺസപ്റ്റ്സ്, കോഴിക്കോട് | കോഴിക്കോട് ബീച്ച് | X | X | ✓ | X | ✓ | X | X | X | X | X |
| 22 | ചിറക്കേക്കാരൻ ഗ്രൂപ്പ് ഹൗസ്, തൃശ്ശൂർ | തൃശ്ശൂർ | X | X | X | ✓ | ✓ | X | ✓ | X | X | X |

(X = ലഭ്യമല്ലാത്തവ ✓= ലഭ്യമായവ)

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേരും മേൽവിലാസവും | അഗ്നിശമന രക്ഷാ നിലയത്തിന്റെ പേര് | [illegible] | ഫയർ പമ്പ് | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 23 | സെൻട്രൽ പ്ലാസ, വഴുതക്കാട്, തിരുവനന്തപുരം | തിരുവനന്തപുരം | X | X | X | X | X | X | X | X | X | X |
| 24 | ലെഗ്രാന്റ് ആഡിറ്റോറിയം, തൃശ്ശൂർ | തൃശ്ശൂർ | X | X | X | ✓ | ✓ | X | ✓ | ✓ | X | ✓ |
| 25 | ശ്രീകൃഷ്ണ റെസിഡൻസി, ഗുരുവായൂർ | ഗുരുവായൂർ | X | X | X | X | X | X | X | ✓ | X | X |
| 26 | ടാഗോർ തീയേറ്റർ, തിരുവനന്തപുരം | തിരുവനന്തപുരം | X | X | X | ✓ | ✓ | X | X | ✓ | ✓ | X |
| 27 | സി കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ, കൊല്ലം | കടപ്പാക്കട | X | X | X | ✓ | ✓ | X | X | ✓ | X | X |
| 28 | എ.ജെ ഹാൾ, എറണാകുളം | ഗാന്ധിനഗർ | X | X | X | ✓ | ✓ | X | X | ✓ | X | X |
| 29 | മുനിസിപ്പൽ ടൗൺ ഹാൾ, എറണാകുളം | ക്ലബ്ബ് റോഡ് | X | X | X | ✓ | ✓ | X | X | ✓ | X | X |
| 30 | ഇന്ത്യൻ ഓട്ടോമൊട്ടീവ്സ്, തൃശ്ശൂർ | തൃശ്ശൂർ | X | X | X | X | X | X | X | X | X | X |
| 31 | കെ.എസ്.ആർ ഗോഡൗൺ, തൃശ്ശൂർ | തൃശ്ശൂർ | X | X | X | X | X | X | X | X | X | X |
| 32 | കെ.എസ്.ആർ ഗോഡൗൺ, തിരുവനന്തപുരം | തിരുവനന്തപുരം | X | X | X | X | X | X | X | X | X | X |